# മലയാള സാഹിത്യം III

## സെമസ്റ്റർ – III

Common Course in Malayalam for BA/BSc
(CUCBCSS – 2014 Admn.onwards)

## UNIVERSITY OF CALICUT

**SCHOOL OF DISTANCE EDUCATION**
CALICUT UNIVERSITY PO, MALAPPURAM, KERALA, INDIA - 673 635

**511**

# UNIVERSITY OF CALICUT

SCHOOL OF DISTANCE EDUCATION

**STUDY MATERIAL**

## *III Semester*

***(CUCBCSS – 2014 Admission onwards)***

Common course in Malayalam for BA/BSc

# മലയാള സാഹിത്യം III

**തയ്യാറാക്കിയത്**

**ശ്രീ. കമറുദ്ദീൻ പരപ്പിൽ**
അസിസ്റ്റന്റ് പ്രൊഫസർ
മലയാള വിഭാഗം
ഫാറൂഖ് കോളേജ്
കോഴിക്കോട്

*Layout: Computer Section, SDE*

©
Reserved

| CONTENTS | PAGE No |
|---|---|
| Module - I | 5 |
| Module - II | 26 |
| Module - III | 39 |
| Module - IV | 53 |

# Module - 1

## നാടകം

1. ‘നാട്യശാസ്ത്രം’ എന്ന നാടകഗ്രന്ഥം രചിച്ചത്?

ഉ. ഭരതമുനി

2. ധനഞ്ജയൻ രചിച്ചതെന്ന് കരുതപ്പെടുന്ന നാടകസംബന്ധിയായ കൃതി?

ഉ. ദശരൂപകം

3. മലയാളത്തിലെ ആദ്യത്തെ ഗദ്യനാടകം?

ഉ. കലഹിനി ദമനകം

4. ’അഭിജ്ഞാന ശാകുന്തളം നാടകം’ മലയാളഭാഷയിലേക്ക് തർജ്ജമ ചെയ്തത്?

ഉ. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ (1882)

5. ’കലഹിനി ദമനകം’ നാടകം രചിച്ചത്?

ഉ. കണ്ടത്തിൽ വറുഗീസു മാപ്പിള

6. മലയാള ഭാഷയിൽ രചിക്കപ്പെട്ട പ്രഥമ സോദ്ദേശ സാമൂഹിക നാടകം?

ഉ. മറിയാമ്മ നാടകം

7. മുൻഷി രാമക്കുറുപ്പ് രചിച്ച ആക്ഷേപഹാസ്യം നിറഞ്ഞ നാടകം?

ഉ. ചക്കീചങ്കരം

8. അന്ധമായ നാടകാനുകരണ ഭ്രാന്തിനെയും അർത്ഥശൂന്യമായ നാടകരചാനാ സമ്പ്രദായത്തെയും നിശിതമായി പരിഹസിക്കാനായി വിരചിതമായ നാടകം?

ഉ. ചക്കീചങ്കരം

9. കാവ്യം, നാടകം തുടങ്ങിയ കലാവിഷ്ക്കാര മാതൃകകളെ പരാമർശിക്കുന്ന പ്രാചീന കൃതി?

ഉ. അഗ്നിപുരാണം

10. മലയാളത്തിലെ ആദ്യ സ്വതന്ത്ര നാടകങ്ങളിലൊന്നായ ‘ആൾമാറാട്ടം’ രചിച്ചത്?

ഉ. കല്ലൂർ ഉമ്മൻ ഫിലിപ്പോസ്

11. മലയാളത്തിൽ ആദ്യമായി പ്രഹസനങ്ങൾ രചിച്ചത്

ഉ. സി.വി രാമൻപിള്ള

12. മലയാളത്തിലെ ആദ്യത്തെ ചരിത്ര നാടകം?

ഉ. സീതാലക്ഷ്മി

13. ’സീതാലക്ഷ്മി’ എന്ന ചരിത്ര നാടകം രചിച്ചത്?

ഉ. ഇ.വി കൃഷ്ണപ്പിള്ള

14. ’അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്’ എന്ന നാടകം രചിച്ചത്?

ഉ. വി.ടി ഭട്ടതിരിപ്പാട്

15. 'മറക്കുടക്കുള്ളിലെ മഹാനരകം' എന്ന നാടകം എഴുതിയത്

ഉ. എം.ആർ.ബി

16. 'ഋതുമതി' എന്ന നാടകത്തിന്റെ കർത്താവ്?

ഉ. പ്രേംജി

17. 'ഭൂതം' എന്ന പേരിൽ ഇബ്സന്റെ 'ഗോസ്റ്റി'ന്റെ മലയാള തർജ്ജമ നിർവഹിച്ചത്?

ഉ. സി.ജെ തോമസ്

18. 'പാട്ടബാക്കി' എന്ന നാടകം രചിച്ചത്?

ഉ. കെ. ദാമോദരൻ

19. 'സമത്വവാദി' എന്ന നാടകം എഴുതിയത്?

ഉ. പുളിമന പരമേശ്വരൻ പിള്ള

20. 'കേരളത്തിന്റെ ഇസ്ബൻ' എന്നു വിശേഷിപ്പിക്കപ്പെടുന്നത്?

ഉ. എൻ. കൃഷ്ണപ്പിള്ള

21. ഓസ്കർ വൈൽഡിന്റെ 'സലോമി' എന്ന നാടകത്തെ 'ശലോമി' എന്ന റേഡിയോ നാടകമായി അവതരിപ്പിച്ചത്?

ഉ. സി.ജെ തോമസ്

22. ഗ്രീക്ക് നാടക സങ്കൽപ്പത്തിൽ സി.ജെ തോമസ് രചിച്ച നാടകം?

ഉ. ആ മനുഷ്യൻ നീ തന്നെ

23. ആത്മപ്രകാശനം സാധ്യമാക്കിയ സി.ജെ തോമസിന്റെ നാടകം?

ഉ. 1128 ൽ ക്രൈം 27

24. ആന്റിപ്ലേ എന്ന് അറിയപ്പെടുന്ന സി.ജെ തോമസിന്റെ നാടകം?

ഉ. 1128ൽ ക്രൈം 27

25. മലയാളത്തിലെ ആദ്യ ജീവചരിത്ര നാടകം?

ഉ. സ്വദേശാഭിമാനിയുടെ നാടുകടത്തൽ

26. സ്വദേശാഭിമാനിയുടെ നാടുകടത്തൽ എന്ന ജീവചരിത്ര നാടകം രചിച്ചത്?

ഉ. പൂജപ്പുര കൃഷ്ണൻ നായർ

27. 'കൂട്ടുകൃഷി' എന്ന നാടകത്തിന്റെ കർത്താവ്?

ഉ. ഇടശ്ശേരി ഗോവിന്ദൻ നായർ

28. മലയാളത്തിലെ ആദ്യതനതു നാടകം?

ഉ. കലി

29. 1970 ൽ കുട്ടികൾക്കായി വെഞ്ഞാറമൂട്ടിൽ കൊച്ചുനാരായണപിള്ളയുടെ നേതൃത്വത്തിൽ ആരംഭിച്ച നാടകവേദി?

ഉ. രംഗപ്രഭാത്

30. മലയാളത്തിലെ ആദ്യ ഏകാങ്ക നാടകമായ 'മുന്നാട്ടുവീരൻ' രചിച്ചത്?

ഉ. അപ്പൻ തമ്പുരാൻ

31. മലയാളത്തിലെ ആദ്യത്തെ നാടക വിജ്ഞാനകോശം?

ഉ. മലയാള നാടക സർവസ്വം

32. 'മലയാള നാടകസർവസ്വം' തയ്യാറാക്കിയത്?

ഉ. മടവൂർ ഭാസി

33. മലയാളത്തിൽ നാടകം രചിച്ച ആദ്യ വനിത?

ഉ. കുട്ടിക്കുഞ്ഞി തങ്കച്ചി

34. 'മലയാളസാഹിത്യ ചരിത്രം' രചിച്ചത്?

ഉ. ജി. ശങ്കരപ്പിള്ള

35. 'മലയാള നാടക പ്രസ്ഥാനം' എന്ന കൃതിയുടെ കർത്താവ്?

ഉ. കാട്ടുമാടം നാരായണൻ

36. 'നാടക പ്രവേശിക' എന്ന നാടക പഠന ഗ്രന്ഥം തയ്യാറാക്കിയത്?

ഉ. എ.ഡി ഹരിശർമ്മ

37. 'പൗരസ്ത്യ നാടക ദർശനം' എന്ന കൃതി രചിച്ചത്?

ഉ. പുത്തൻകാവ് മാത്തൻ തരകൻ

38. 'നാടക നിഘണ്ടു' തയ്യാറാക്കിയത്?

ഉ. പ്രൊഫ. കെ. വിജയൻ നായർ

39. 'കേരള സംഗീത നാടക ചരിത്രം' രചിച്ചത്?

ഉ. ഡോ. കെ. ശ്രീകുമാർ

40. 'മലയാള നാടകവേദിയുടെ കഥ' എന്ന കൃതി രചിച്ചത്?

ഉ. മടവൂർ ഭാസി

41. 'ആന്റിഗണി' എന്ന നാടകത്തിന് മലയാള പരിഭാഷ നൽകിയത്?

ഉ. സി.ജെ തോമസ്

42. സി.ജെ തോമസ് വിവർത്തനം ചെയ്ത സോഫാക്ലിസിന്റെ നാടകം?

ഉ. ഈഡിപ്പസ്

43. 'ഉയരുന്ന യവനിക' എന്ന ഗ്രന്ഥം രചിച്ചത്?

ഉ. സി.ജെ തോമസ്

44. മോളിയറുടെ 'ദ മൈസർ' എന്ന നാടകത്തിന് 'പിശുക്കന്റെ കല്യാണം' എന്ന തർജ്ജമ ഉണ്ടാക്കിയത്?

ഉ. സി.ജെ തോമസ്

45. സി.ജെ തോമസ് ജനിച്ചത് എവിടെ?

ഉ. കൂത്താട്ടുകുളത്ത്

46. വിമോചനസമരകാലത്ത് സി.ജെ തോമസ് എഴുതിയ കമ്മ്യൂണിസ്റ്റ് വിരുദ്ധ രാഷ്ട്രീയ നാടകം?

ഉ. വിഷവൃക്ഷം

47. സി.ജെ തോമസ് അന്തരിച്ചത് എന്ന്?

ഉ. 1960 ജൂലൈ 14 ന്

48. സി.ജെ തോമസിന്റെ ഭാര്യ ആര്?

ഉ. എം.പി പോളിന്റെ മകൾ റോസി

49. കോഴിക്കോട് സർവ്വകലാശാലയക്കു കീഴിലുള്ള 'സ്കൂൾ ഓഫ് ഡ്രാമ'യുടെ സ്ഥാപക ഡയറക്ടർ?

ഉ. ജി. ശങ്കരപ്പിള്ള

50. കറുത്തദൈവത്തെത്തേടി, പൂജാമുറി, ശരശയനം എന്നീ നാടകങ്ങൾ രചിച്ചത്?

ഉ. ജി. ശങ്കരപ്പിള്ള

51. 1964 ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയ ജി. ശങ്കരപ്പിള്ളയുടെ നാടകം?

ഉ. റെയിൽപ്പാളങ്ങൾ

52. 'നാടകസദസ്സിൽ ഈ ചോദ്യം വിലക്കപ്പെട്ട ഒന്നാണ്' – ഏത് ചോദ്യം?

ഉ. നാടകം കാണനെത്തുന്നവരിൽ എത്രപേർ നാടകത്തെ നാടകമായി കണ്ട് ആസ്വദിക്കുന്നുണ്ട്.

53. 'The Demand of Audience' എന്ന കൃതി രചിച്ചത്?

ഉ. ഹൊവാർഡ് ലിൻഡേ (Howord Lindesy)

54. എൽ. തോമസുകുട്ടിയുടെ 'മലയാള നാടകചരിത്രത്തിന് ഒരു ആമുഖം' ഏതു കൃതിയിലെ ലേഖനമാണ്?

ഉ. ഫോക്‌ലോറും മലയാള നാടകവും

55. മലയാള നാടകത്തെക്കുറിച്ചുള്ള ചർച്ച എവിടെ മുതൽ ആരംഭിക്കണമെന്നാണ് എൽ. തോമസുകുട്ടിയുടെ അഭിപ്രായം?

ഉ. മനോമോഹനം കമ്പനിയിലെ തിരുവട്ടാർ നാരായണപിള്ളയുടെ നാടക സംരംഭങ്ങൾ മുതലാണ് മലയാള നാടകത്തെക്കുറിച്ചുള്ള ചർച്ച ആരംഭിക്കേണ്ടതെന്നാണ് തോമസ്കുട്ടിയുടെ അഭിപ്രായം.

56. ആദ്യാവതരണത്തിൽ തന്ന 'പ്രൊസീനിയം സ്റ്റേജി'ൽ നിന്നും ആട്ടിയിറക്കപ്പെട്ട 'കലി' എന്ന തനതു നാടകം രചിച്ചത് ആര്?

ഉ. സി.എൻ ശ്രീകണ്ഠൻ നായർ

57. ഭാരതീയ കലാസങ്കല്പ പ്രകാരം ദൃശ്യകലകൾ എത്രതരം? ഏതൊക്കെ?

ഉ. മൂന്ന് തരം; നാട്യം, നൃത്ത്യം, നൃത്തം

58. ദശരൂപകങ്ങൾ ഏതെല്ലാം?

ഉ. നാടകം, അങ്കം, പ്രകാരണം, ഈഹാമൃഗം, ഡിമം, സമവകാരം, ഭാണം, പ്രഹസനം, വീഥി, വ്യായോഗം

59. മലയാള നാടകങ്ങൾക്ക് മാർഗനിർദ്ദേശം കാണിച്ച ചില തമിഴ് നാടകങ്ങൾ?

ഉ. കോവലൻ ചരിതം, അര്യമ്മാല നാടകം, വള്ളിയമ്മാൾ നാടകം, നല്ലതങ്കാൾ ചരിതം, ഗുലേബക്കാവലി

60. ആദ്യകാല സ്വതന്ത്ര സംഗീത നാടകങ്ങൾ?

ഉ. സംഗീത നൈഷധം, സംഗീത ഹരിശ്ചന്ദ്രം, സദാരാമ, സംഗീതശാകുന്തളം, രുഗ്മാംഗചരിതം, ദേവയാനി ചരിതം, കുചേലഗോപാലം, പാക്കനാർ ചരിതം.

61. ആദ്യകാല സംസ്കൃത നാടക വിവർത്തനങ്ങൾ?

ഉ. ജാനകീപരിണയം, മാളവികാഗ്നിമിത്രം, ഉത്തരരാമ ചരിതം, വിക്രമോർവ്വശീയം, മാലതീ മാധവം, ആശ്ചര്യചൂഢാമണി, വേണീ സംഹാരം, സ്വപ്നവാസവദത്തം, ചാരുദത്തൻ

62. സി.എൻ ശ്രീകണ്ഠൻ നായരുടെ രാമായണ നാടകത്രയം?

ഉ. കാഞ്ചനസീത, സാകേതം, ലങ്കലക്ഷ്മി

63. കെ.ടി മുഹമ്മദിന്റെ നാടകത്രയം എന്നറിയപ്പെടുന്നത്?

ഉ. സൃഷ്ടി, സ്ഥിതി, സംഹാരം

64. തനതു നാടക വേദിയിലെ പ്രധാന നാടകങ്ങൾ?

ഉ. കലി (ശ്രീകണ്ഠൻ നായർ), കിരാതം (ജി. ശങ്കരപ്പിള്ള), ദൈവത്താർ, അവനവൻ കടമ്പ, സാക്ഷി, കരിങ്കുട്ടി (കാവാലം നാരായണപ്പണിക്കർ)

65. നാടകത്തിലെ ത്രിത്വം (Three As)) ആരൊക്കെ?

ഉ. നാടകകൃത്ത (Author). നടൻ (Actor). പ്രേക്ഷകൻ (Audience)

66. സി.ജെ തോമസിന്റെ പ്രധാന നാടകങ്ങൾ?

ഉ. അയാൾ വീണ്ടും വരുന്നു, വിഷവൃക്ഷം, രൂഥ്, പിശുക്കന്റെ കല്യാണം, 1128 ൽ ക്രൈം 27, ആ മനുഷ്യൻ നീ തന്നെ

67. സംസ്കൃത നാടകത്തിന്റെ ഇതിവൃത്തത്തിലെ അഞ്ചു സന്ധികൾ ഏതൊക്കെ?

ഉ. മുഖം, പ്രതിമുഖം, ഗർഭം, വിമർശം, നിർവ്വഹണം

68. ചതുർവിധാഭിനയം എന്നാൽ എന്ത്?

ഉ. 'നാട്യശാസ്ത്ര'പ്രകാരം അഭിനയം നാലുവിധമാണ്. നേത്രാദിശരീരാവയവങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള അഭിനയം ആംഗികം. സംഭാഷണരൂപ

ത്തിലുള്ളത് വാചികം. സവിശേഷമായ വേഷഭൂഷാദികളുടെ അകമ്പടിയോടെയുള്ളത് ആഹാര്യം. സ്വേദം, സ്തോഭം, വേപഥു, അശ്രു, രോമാഞ്ചം, സ്വരഭംഗം, പ്രളയം, വൈവർണ്യം തുടങ്ങിയ വികാരങ്ങളിൽ നിന്നുണ്ടാകുന്ന ഭാവാഭിനയം സാത്വികം.

69. '1128 ൽ ക്രൈം 27' എന്ന നാടകത്തിലെ കഥാപാത്രങ്ങളുടെ പേരെഴുതുക?

ഉ. ഗുരു, ശിഷ്യൻ മാത്യൂ, മാർക്കോസ്, വർക്കി, എറുപ്പുക്കാ (മാർക്കോസിന്റെ ഭാര്യ) കിഴവൻ (മാർക്കോസിന്റെ അപ്പൻ), ചക്കി, സർക്കാർ വക്കീൽ, പ്രതിവക്കീൽ, ജഡ്ജ്, സഖറിയ, രാമകൃഷ്ണൻ,കോൺസ്റ്റബിൾ 303, 316, ശാസ്ത്രി, ഗോപി

70. ചൂളയിൽ വീണുപോയ മാർക്കോസിനു എന്തു സംഭവിച്ചു?

ഉ. ചൂളയിൽ വീണുപോയ മാർക്കോസിന് കാര്യമായ പരിക്കൊന്നും ഉണ്ടായില്ല. ചൂളയിൽ നല്ല ഇരുട്ടായ കാരണം അയാളെ ആർക്കും കാണാൻ കഴിഞ്ഞില്ല. തന്റെ എതിരാളിയായ വർക്കിയെ ഒരു പാഠം പഠിപ്പിക്കാൻ അയാൾ വയനാട്ടിലേക്കുപോയി. നാടകാന്ത്യത്തിൽ വർക്കി മരിച്ചതിനു ശേഷം മാത്രമാണ് തിരികെ നാട്ടിലേക്കു വന്നത്.

71. നാടകരചനയുടെയും നാടകാവതരണസമ്പ്രദായത്തിന്റെയും പുരോഗതിക്ക് പ്രധാനമാർഗതടസ്സമായി ജി. ശങ്കരപ്പിള്ള കണ്ടെത്തുന്ന കാര്യങ്ങൾ എന്തെല്ലാം?

ഉ. നാടകം ഒരു ജനകീയ കലയാണെന്നും സർവ്വജനീനമാണ് എന്നും അതുകൊണ്ട് അത് ആസ്വദിക്കുവാൻ പ്രത്യേക പരിചയം ആവശ്യമില്ലെന്നും പറയപ്പെടുന്ന ഇക്കാലത്ത് നാടകത്തെ അതിന്റെ പൂർണാർത്ഥത്തിൽ ഉൾക്കൊള്ളാൻ കഴിയുന്ന സഹൃദയരുടെ എണ്ണം കുറവാണ്. ഇതാണ് ജി. യുടെ അഭിപ്രായത്തിൽ നാടകത്തിന്റെ പുരോഗതിക്ക് പ്രധാന മാർഗതടസ്സം.

72. ജി. ശങ്കരപ്പിള്ളയുടെ പ്രധാന നാടകങ്ങൾ ഏതെല്ലാം?

ഉ. കറുത്തദൈവത്തെത്തേടി, പൂജാമുറി, സ്നേഹദൂതൻ, റെയിൽപ്പാളങ്ങൾ, വിവാഹം സ്വർഗത്തിൽ നടക്കുന്നു, ശരശയനം, ഭരതവാക്യം, ബന്ദി, ഇടാൻ മറന്ന ഇഴ, കഴുകന്മാർ

73. ജി. ശങ്കരപ്പിള്ളയെ ലഘുവായി പരിചയപ്പെടുത്തുക.

ഉ. 1930 ജൂൺ 22 ന് ചിറയിൻകീഴിലാണ് ജി. ശങ്കരപ്പിള്ള ജനിച്ചത്. നാടകരചനയും പഠനവും നാടകവിമർശനവുമായിരുന്നു അദ്ദേഹം ഏറെ പ്രാ ധാന്യപൂർവ്വം കൈകാര്യം ചെയ്തിരുന്നത്. നാടോടി സാഹിത്യം അദ്ദേഹത്തിന്റെ ഗവേഷണമേഖലയായിരുന്നു. കോഴിക്കോട് സർവ്വകലാശാലയിലെ 'സ്കൂൾ ഓഫ് ഡ്രാമ'യുടെ സ്ഥാപക ഡയറക്ടർ, മഹാത്മാഗാന്ധി സർവ്വകലാശാലയിലെ 'സ്കൂൾ ഓഫ് ലെറ്റേഴ്സ്' വിഭാഗം ഡയറക്ടർ, കേരള സംഗീത നാടക അക്കാദമി ചെയർമാൻ എന്നീ സ്ഥാനങ്ങൾ അലങ്കരിക്കുകയും കുട്ടികളുടെ നാടകവേദിക്കായി അഹോരാത്രം പരിശ്രമിക്കുകയും ചെയ്തു; ജി. 1989 ജനുവരി 1 ന് അദ്ദേഹം മരണമടഞ്ഞു.

74. നാടകത്തിൽ ആവശ്യപ്പെടുന്നതിലധികം ആഖ്യാനാംശത്തിന് പ്രാധാന്യം ഉണ്ടാകാനിടയായ സാഹചര്യങ്ങൾ എന്തൊക്കെ?

ഉ. നാടകത്തിന്റെ രൂപരചന വാചാലമായതും അമിതമായ സംഗീതാഭിമുഖ്യവും നാടകം ഒരു സംശ്ലിഷ്ട കലാരൂപമാണെന്ന ധാരണം വേണ്ടവിധത്തിൽ ഉറപ്പുവരുത്താത്തതും നാടകത്തിൽ ആഖ്യാനാംശത്തിന് പ്രാധാന്യം ഉണ്ടാകാൻ സാഹചര്യമൊരുക്കി.

75. നാടകത്തിന്റെ മൂന്ന് മർമ്മഘടകങ്ങളായി ജി. ശങ്കരപ്പിള്ള ചൂണ്ടിക്കാണിക്കുന്നത് എന്തൊക്കെ?

ഉ. നാടകരചയിതാവ്, നാടകവേദി, നാടകസഹൃദയൻ

76. 'മലയാള നാടകങ്ങളെക്കുറിച്ച് വിചാരിക്കാനൊരുമ്പെടുന്നവരെല്ലാം ഭരതസൂത്രങ്ങളുദ്ധരിക്കുകയും ഭാരതീയ–സംസ്കൃത നാടപാരമ്പര്യത്തിൽ അഭിമാനം കൊള്ളുകയും

ചെയ്യുന്നത് തെറ്റായ ചരിത്രബോധം ഒന്നുകൊണ്ട് മാത്രമാണ്'.– എൽ. തോമസുകുട്ടി ഇങ്ങനെ അഭിപ്രായപ്പെടുന്നത് എന്തുകൊണ്ട്?

ഉ. ഇന്ത്യയിലെ ഒന്നാം ചക്രവർത്തിയെന്നു കരുതുന്ന മൗര്യസാമ്രാജ്യസ്ഥാപകനായ ചന്ദ്ര ഗുപ്ത മൗര്യനും പിന്നീട് സാമ്രാജ്യങ്ങൾ തീർത്ത മുഗളരും മറാഠശക്തികളുമൊക്കെ ഉത്തരപ്രദേശം മാത്രമാണ് ഭരിച്ചിരുന്നത്. ഒരു ഇന്ത്യൻ ഭരണ വ്യവസ്ഥയിലും പെടാതെ ഭൂമിശാസ്ത്രപരമായ സവിശേഷതകളാൽ ഒറ്റപ്പെട്ടുകിടന്നിരുന്ന ദേശമായിരുന്നു കേരളം. ശക്തമായ വിദേശീയാക്രമണങ്ങൾ ഏൽക്കേണ്ടിവരാത്ത, സാംസ്കാരിക വിസ്ഫോടനങ്ങൾക്കൊന്നും വിധേയമാകേണ്ടിവരാത്ത ജനതയായിരുന്നു കേരള ത്തിൽ. നാമമാത്രമായി കേരളപരാമർശമുണ്ടെന്ന് കരുതപ്പെടുന്ന അശോകശാസനം പോലും ഇന്നത്തെ കേരളത്തിൽ നിന്നല്ല കണ്ടെടുത്തത്. ടിപ്പുവിന്റെ ആക്രമണം ഭാഗി കവും താൽക്കാലികവും ആയിരുന്നു. യൂറോപ്യൻ ശക്തികൾ ഇന്ത്യ രൂപപ്പെടുത്തു മ്പോൾ പോലും കേരളത്തിന്റെ ഭൂരിഭാഗം പ്രദേശവും അവരുടെ നേരിട്ടുള്ള ഭരണ ത്തിനു കീഴിലായിരുന്നില്ല. ഭരണപരമായ ഏകീകരണം നടന്നിട്ടില്ലാത്ത, വളരെ ലോ ലമായ സാംസ്കാരിക വിനിമയം മാത്രം ഇതര ഭാരതീയ ജനതകളോടുണ്ടായിരുന്ന തുമായ സവിശേഷ ജനതയായിരുന്നു കേരളത്തിൽ ഉണ്ടായിരുന്നത്. അതിനാൽ മല യാള നാടകത്തെക്കുറിച്ചുള്ള ചർച്ച തിരുവട്ടാർ നാരായണപ്പിള്ളയുടെ നാടക സംരംഭ ങ്ങൾ മുതലാണ് നാം ആലോചിക്കേണ്ടതുള്ളു എന്നാണ് എൽ. തോമസ്കുട്ടിയുടെ അ ഭിപ്രായം.

77. എൻ. കൃഷ്ണപ്പിള്ളയുടെ നാടകങ്ങൾ ഏതെല്ലാം?

ഉ. ഭഗ്നഭവനം, കന്യക, ബലാബലം, അനുരഞ്ജനം, മരുപ്പച്ച, അഴിമുഖത്തേക്ക്, ദർശനം, കുടത്തിലെ വിളക്ക്

78. എം. ഗോവിന്ദൻ, സി.എൻ ശ്രീകണ്ഠൻ നായർ, ജി. ശങ്കരപ്പിള്ള, കാവാലം എന്നിവർക്ക് മലയാള നാടക പ്രസ്ഥാനത്തിൽ എൽ. തോമസുകുട്ടി കൽപിക്കുന്ന സ്ഥാനമെന്ത്?

ഉ. സ്യൂഡോ–പ്രൊഫഷണൽ–കൊമേഴ്സ്യൽ മിശ്രിതമായി പരിണമിച്ചിരുന്ന നമ്മുടെ രംഗവേ ദിയെ ആശാസ്യമല്ലാത്ത ചില്ലറ അവതരണ പരിഷ്കരണ ശ്രമങ്ങളിൽ നിന്നു മാറി നിന്നു നോക്കിക്കാണാൻ ശ്രമിച്ചവരിൽ പ്രധാനികൾ എന്ന നിലയിലാണ് എം. ഗോവിന്ദൻ, സി.എൻ, ജി., കാവാലം എന്നിവർക്ക് ലേഖകൻ മലയാള നാടക സാഹിത്യ ചരിത്രത്തിൽ ഇടം നൽകുന്നത്.

79. സി.എൻ ശ്രീകണ്ഠൻ നായരുടെ രാമായണ നാടകത്രയം ഏതൊക്കെ?

ഉ. കാഞ്ചന സീത, ലങ്കാലക്ഷ്മി, സാകേതം

80. '1128 ൽ ക്രൈം 27' എന്ന നാടകത്തിലൂടെ സി.ജെ ശ്രമിക്കുന്നത് എന്തിനാണെന്നാണ് എൽ. തോമസുകുട്ടി അഭിപ്രായപ്പെടുന്നത്?

ഉ. താത്വികമായും പ്രായോഗികമായും ക്രിയാത്മകതയിൽ നിന്നും നിഷ്ക്രിയത്വത്തിലേക്കു ള്ള ഒളിച്ചോട്ടമായിരുന്ന സ്വജീവിതത്തിന്റെ അർത്ഥാനർത്ഥങ്ങളെയും പൊള്ളയും ദുഷ്ട വുമായ ചട്ടങ്ങളാൽ ഹിംസിക്കപ്പെടുന്ന സ്വാതന്ത്ര്യത്തെയും മരണത്തെയും ജീവിത ത്തെയും പറ്റിയുള്ള ദാർശനികമായ ആശയക്കുഴപ്പങ്ങളെയും ഒരൊത്തുതീർപ്പുമില്ലാ ത്ത എല്ലാ സങ്കീർണതകളോടും കൂടി വേദീമുഖത്തേക്ക് ഇറക്കിവെക്കുക മാത്രമാണ് 'ക്രൈം' ൽ സി.ജെ തോമസ് ചെയ്യുന്നത്. അതീവ സങ്കീർണ്ണമായ കാലികജീവിതത്തി

ന്റെ കലാരൂപം മാത്രം അതിഋജുവാകുന്നതെങ്ങനെ എന്ന് ആ ധിഷണാശാലി ന്യായമായും സംശയിച്ചിരിക്കാം. നിലവിലുള്ള എല്ലാ മൂല്യങ്ങളെയും (മരണം, നിയമം, ദുഃഖം) ഹസിക്കുന്ന അത്തരമൊരു നാടകം ഘടനകൊണ്ട് നാടകമാകുമ്പോൾ തന്നെ നാടകരൂപത്തെയും സ്വയം പരിഹസിക്കുന്നു. അതിനാൽ മാത്രമാണ് നാടകവിരുദ്ധ (Anti-play) നാടകത്തിലേക്ക് ക്രൈം 27 സ്വാഭാവികമായും എത്തിച്ചേരുന്നത്.

**സന്ദർഭവും ആശയവും എഴുതുക**

81. 'തന്റെ പല്ല് ദന്തവൈദ്യൻ തന്നതായിരിക്കും പക്ഷേ, എന്റെ ചെരുപ്പ് തന്റെയൊക്കെ മുഖത്തിട്ട് തൊഴിക്കാനുണ്ടാക്കിയതല്ല'.

ഉ. സി.ജെ തോമസിന്റെ '1128 ൽ ക്രൈം 27' എന്ന നാടകത്തിന്റെ പ്രവേശികയിൽ അരങ്ങിലെത്തുന്ന ഗുരുവും സ്റ്റേജ് മാനേജറും തമ്മിൽ നാടകം ആരംഭിക്കുന്നതിനെച്ചൊല്ലി കലഹിക്കുന്നു. സ്റ്റേജിൽ നിന്ന് ഇറങ്ങി ഓടണമെന്ന് ഗുരുവിനോട് സ്റ്റേജ് മാനേജർ ആജ്ഞാപിച്ചപ്പോൾ ശിഷ്യന്റെ പ്രതികരണമാണ് ഈ വാക്യങ്ങൾ.

82. 'കള്ളു കുടിച്ച കുരങ്ങിന്റെ വാലിൽ തേളുകുത്തി!'

ഉ. നാടകത്തിന്റെ പ്രവേശികയിൽ രംഗത്തെത്തിയ ഗുരുവും ശിഷ്യനും സ്റ്റേജ് മാനേജറുമായി നാടകം ആരംഭിക്കുന്നതിനെ ചൊല്ലി കലഹിക്കുന്നു. നാടകം തുടങ്ങിയിട്ടും സ്റ്റേജിൽ സല്ലപിച്ചു നിൽക്കുകയാണ് ഗുരുവും ശിഷ്യനും എന്ന സ്റ്റേജ് മാനേജറുടെ പരിഹാസത്തോട് ഗുരു ശക്തമായി പ്രതികരിക്കുന്നു. സ്റ്റേജ് വിട്ടുപോകേണ്ടത് മാനേജർ ആണെന്നും പോയില്ലെങ്കിൽ ശിഷ്യന്റെ കാലുകൊണ്ട് താൻ ഇനി സംസാരിക്കുമെന്നും ഗുരു പറഞ്ഞപ്പോൾ നിരാശയോടെ കൈമലർത്തി അരങ്ങ് വിടുന്ന സ്റ്റേജ് മാനേജറുടെ വാക്കുകളാണിത്.

83. 'എടോ, മരണം ഒരു ഫലിതമാണ്. പ്രത്യേകിച്ചും അവനവന്റെ മരണം'.

ഉ. നാടകത്തിന്റെ പ്രവേശികയിൽ അരങ്ങിലെത്തുന്ന ഗുരുവും ശിഷ്യനും തമ്മിൽ നടത്തുന്ന സംഭാഷണമാണ് സന്ദർഭം. തന്റെ ഗുരു മരിച്ചു എന്ന വാർത്ത ശിഷ്യൻ കേട്ടിട്ടുണ്ട്. അതിന്റെ വാസ്തവം എന്താണ് എന്ന് അറിയാൻ ശിഷ്യൻ ശ്രമിക്കുന്നു. എന്നാൽ പത്രപ്രവർത്തകനായ ശിഷ്യൻ ലേറ്റസ്റ്റ് ശവവുമായി ഒരു അഭിമുഖ സംഭാഷണം നടത്തി പത്രത്തിന് റിപ്പോർട്ട് എഴുതാമെന്ന് ഉദ്ദേശിച്ചു. തന്നെ തിരക്കി വന്നതാണ് എന്ന് സംശയിച്ച ഗുരു ശിഷ്യനെ പരിഹസിക്കുന്നു. എന്നാൽ ഇത്തരം കാര്യങ്ങളെ എങ്ങനെയാണ് തമാശയായി കാണുക എന്ന് ശിഷ്യൻ സങ്കടപ്പെടുന്നു. ഈ സന്ദർഭത്തിലാണ് മരണം ഒരു ഫലിതമാണെന്നും പ്രത്യേകിച്ചും അവനവന്റെ മരണമെന്ന് ഗുരു പറയുന്നു. തന്റെ മരണവും അങ്ങനെയാണോ എന്ന ശിഷ്യന്റെ സംശയത്തിന് 'മേൽപടി തന്നെ' എന്ന് ഗുരു മറുപടി നൽകുന്നു. ശിഷ്യൻ മരിച്ചാൽ അവനെത്ര കൊള്ളരുതാത്തവനാണെങ്കിലും അവനെക്കരുതി ചില വികാരങ്ങൾ ഉണ്ടായി എന്നുവരാം. പക്ഷേ മരിച്ചവനെ സംബന്ധിച്ചിടത്തോളം അതൊരു നിസ്സാര സംഭവമായിരിക്കും. വെറും ഒരു ഫലിതം മാത്രം എന്ന് ഗുരു വ്യക്തമാക്കുന്നു.

84. 'ഞാൻ കൃത്യം കേട്ട സാക്ഷിയാണ്. ഞാനതിനെപ്പറ്റി ഒരു വിശദീകരണം തരാം.'

അല്ലെങ്കിൽ

85. 'ഒരു ദരിദ്രവാസി രണ്ടാമതൊരു ദരിദ്രവാസിയെ കൊല്ലുന്നു. മൂന്നാമതൊരു ദരിദ്രവാസി അതിനെപ്പറ്റി പ്രസ്താനയിറക്കുന്നു!'

അല്ലെങ്കിൽ

86. വ്യവസായശാലയിലെ കൊലപാതകത്തെക്കുറിച്ച് പ്രസ്താവന തയ്യാറാക്കാൻ തുനിഞ്ഞ ശാസ്ത്രിയെ സഖറിയാ പരിഹസിക്കാൻ കാരണം എന്ത്?

ഉ. സി.ജെ തോമസിന്റെ 1128 ൽ ക്രൈം 27 എന്ന നാടകത്തിന്റെ ആദ്യരംഗം ഒരു പത്ര സ്ഥാപനത്തിന്റെ ഓഫീസ് ആണ്. അരങ്ങിൽ പത്രപ്രവർത്തകർ അടുത്ത ദിവസത്തേക്കുള്ള പത്രവാർത്തകൾ എന്തൊക്കെ എന്ന ആലോചനയിലാണ്. അന്നത്തേക്ക് പ്രത്യേകിച്ച് ഒരു വാർത്തയുമില്ലാതിരിക്കുമ്പോഴാണ് വ്യവസായശാലയിലെ കുമ്മായചൂളയിൽ ഒരു കൊലപാതകം നടന്ന കാര്യം ഫോൺ വഴി അറിയുന്നത്. പ്രസ്തുത സംഭവം നടന്നിടത്തെ സംബന്ധിച്ച് കേട്ട സാക്ഷിയായ താൻ ഒരു വിശദീകരണം തരാമെന്ന് പത്രമോഫിസിലെത്തിയ ശാസ്ത്രിയുടെ വാഗ്ദാനത്തെ റിപ്പോർട്ടർ സഖറിയ പരിഹസിക്കുന്നു. ഏതുകാര്യവും അതികഠിനമായ മലയാളപദങ്ങളുടെ സഹായത്താൽ മാത്രം അവതരിപ്പിക്കുന്നയാളാണ് ശാസ്ത്രി. നല്ലൊരു നിഘണ്ടു തന്റെ പക്കൽ ഇല്ലാത്തതിനാൽ ശാസ്ത്രിയുടെ വർണന തൽക്കാലം ആവശ്യമില്ലെന്ന് സഖറിയ അറിയിക്കുന്നു. എങ്കിൽ, പ്രസ്താവന ആകാം എന്നു പറഞ്ഞു ശാസ്ത്രി പ്രസ്താവന നടത്താനൊരുങ്ങുമ്പോൾ സഖറിയാ പറയുന്നതാണ് ഈ വാക്യങ്ങൾ 'ഒരു ദരിദ്രവാസി രണ്ടാമതൊരു ദരിദ്രവാസിയെ കൊല്ലുന്നു. മൂന്നാമതൊരു ദരിദ്രവാസി അതിനെപ്പറ്റി പ്രസ്താവനയിറക്കുന്നു.' മാധ്യമ ലോകത്തെ മര്യാദകേടുകളിലേക്ക് വിരൽ ചൂണ്ടുന്ന തരത്തിലാണ് സി.ജെ. പത്രസ്ഥാപനത്തെയും അവിടെ നടക്കുന്ന സംഭാഷണങ്ങളെയും നാടകത്തിൽ അവതരിപ്പിക്കുന്നത്.

87. 'പ്രസ്സ് നിറുത്താൻ പറ. കമ്പോസിംഗും മാത്യു, ന്യൂസുണ്ട്– എന്തായിരുന്നു ന്യൂസ്?

ഉ. വ്യവസായശാലയിലെ കൊലപാതകത്തെപ്പറ്റിയുള്ള ന്യൂസ് പ്രസ്താവന സഹിതം അച്ചടിക്കാൻ പത്രസ്ഥാപനത്തിലെ ജീവനക്കാർ തയ്യാറായ വേളയിലാണ് അറ്റന്റർ ഗോപി ഒരു നീലക്കവറുമായെത്തുന്നത്. കവർ പൊട്ടിച്ചു നോക്കിയ സഖറിയാ ഉച്ചത്തിൽ വിളിച്ച് ഗോപിയോട് പറയുന്നതാണ് സന്ദർഭം. മലമ്പ്രദേശങ്ങളിൽ താറാവു കൃഷി നടത്തുന്നതിനെപ്പറ്റി ധനകാര്യമന്ത്രിയുടെ പ്രസ്സ് കോൺഫറൻസ് ആണ് കവറിൽ വന്ന പ്രധാന ന്യൂസ്. ചൂളയിലെ കൊലപാതകത്തേക്കാൾ പ്രാധാന്യം കല്പിക്കത്തക്കതാണ് നീലകവറിൽ വന്ന കൃഷിയെ സംബന്ധിച്ച വാർത്ത എന്ന കാര്യം ചിരിക്കും ചിന്തക്കും അവസരം ഒരുക്കുന്നു.

88. 'അവിടെ അനുശോചനമൊന്നുമുണ്ടായിരുന്നില്ല. വല്ലതുമുണ്ടായിരുന്നെങ്കിൽ തന്നെ അത് അനുമോദനമാണ്'.

അല്ലെങ്കിൽ

89. 'ഒരു ശവത്തൂക്കം ന്യൂസം അല്ലേ?'

ഉ. സി.ജെ തോമസിന്റെ '1128 ൽ ക്രൈം 27' എന്ന നാടകത്തിന്റെ ഒന്നാം രാഗത്തിൽ അച്ചടിക്കത്തക്ക പ്രാധാന്യമുള്ള വാർത്തകളൊന്നും ലഭിക്കാതെ ഒരു പത്രമാപ്പീസിന്റെ അവസ്ഥയാണ് അവതരിപ്പിക്കുന്നത്. വ്യവസായശാലയിലെ ചൂളയിൽ ഒരാൾ കൊല്ലപ്പെട്ട വിവരം ലഭിക്കുന്നതോടെ അത് എങ്ങനെയൊക്കെ വാർത്തയാക്കമെന്ന ആലോചന എഡിറ്റർമാർക്കിടയിൽ നടക്കുന്നു. പ്രസ്താവന, അഭിമുഖ സംഭാഷണം എന്നിവയോടെ കൊലക്കേസ് വാർത്തയാക്കാനിരുന്നതാണ്. അപ്പോഴാണ് മലമ്പ്രദേശങ്ങളിൽ താറാവു കൃഷി നടത്തുന്നതിനെപ്പറ്റി ധനകാര്യമന്ത്രിയുടെ പ്രസ്സ് കോൺഫറൻസ് ലഭിക്കുന്നത്. അതോടെ കൊലക്കേസിന്റെ പ്രധാന്യം രണ്ടാം പേജിൽ കുമാരി പിൽസിന്റെ താഴെ ഒരു കുറിപ്പിലേക്ക് ഒതുങ്ങി. ഇതെല്ലാം കണ്ടു മുഷിഞ്ഞതിനാൽ പിറുപിറുത്തുവരുന്ന

ശിഷ്യനോട് കൊലപാതകത്തെ തുടർന്നു പത്രസ്ഥാപനത്തിൽ അനുശോചനമോ മറ്റോ ഉണ്ടായിരുന്നോ എന്ന് അന്വേഷിക്കുന്നു. പത്രാമാപ്പിസിൽ അനുശോചനമൊന്നും ഉണ്ടായിരുന്നില്ലെന്നും വല്ലതുമുണ്ടായിരുന്നെങ്കിൽ തന്നെ അത് കഴിഞ്ഞിട്ട് ഒരു വാർത്ത ഒരുക്കാൻ അവസരം ഒരുക്കിയതിന് ശവത്തിന് അനുമോദനം നൽകലായിരുന്നു എന്നു ശിഷ്യൻ മറുപടി പറയുന്നു. ഇതുകേട്ട ഗുരുപരിഹാസരൂപത്തിൽ ചോദിക്കുന്നതാണ്. ഒരു ശവത്തൂക്കം ന്യൂസ്. അല്ലേയെന്ന്? മരണം എന്ന തമാശയെയും അതിൽ മറ്റുള്ളവർക്കുള്ള വ്യത്യസ്ത താത്പര്യങ്ങളെയും സി.ജെ നാടകത്തിന്റെ ആദ്യരംഗം മതുൽ തന്നെ അവതരിപ്പിക്കാൻ ശ്രമിക്കുന്നത് കാണാം.

90. ‘അസ്മദൃശൻ മാർക്കോസ് തൊഴിലാളിയുടെ അന്ത്യകാലങ്ങളിലെ വേതനവുമായി ആഗതനായിരിക്കുകയാണ്’– ആരാണ് ആഗതനായത്?

അല്ലെങ്കിൽ

91. ‘അവനോ ചത്തു. ഇനിയെങ്കിലും ഞങ്ങളെ കളിപ്പിക്കല്ലേ‘

അല്ലെങ്കിൽ

92. ‘സാറേ, സാറിതൊന്നും നോക്കണ്ട– ഇതൊക്കെ കഴിഞ്ഞേപ്പിന്നെ അവയ്ക്ക് തലയ്ക്ക്ച്ചിരെയേതാണ്ടൊരു. . . . സാറാ കാശങ്ങുകൊടുത്തേച്ചാ മതി.’

ഉ. ചൂളക്കളത്തിൽ വീണു കൊല്ലപ്പെട്ടുവെന്ന് കരുതപ്പെടുന്ന മാർക്കോസ് തൊഴിലാളിയുടെ വീടാണ് നാടകത്തിന്റെ രണ്ടാം രംഗത്തിലുള്ളത്. കറുപ്പു തിന്നാൻ കാശില്ലാതെ ക്ഷുഭിതനായിക്കഴിയുന്ന കിഴവനും കുഞ്ഞുങ്ങൾക്ക് കാപ്പി ഉണ്ടാക്കിക്കൊടുക്കാൻ വഴിയില്ലാതെ പ്രയാസപ്പെടുന്ന എറുപ്പുക്കയും പണത്തെച്ചൊല്ലി തമ്മിൽ കലഹിച്ചിരിക്കെയാണ് ശാസ്ത്രി ആ വീട്ടിലെത്തുന്നത്. തന്റെ ആഗമനോദ്ദേശ്യം അസ്മാദൃശൻ മാർക്കോസ് തൊഴിലാളിയുടെ അന്ത്യകാലങ്ങളിലെ വേതനം ആ വീട്ടിൽ ഏൽപ്പിക്കലാണ് എന്ന് അദ്ദേഹം വെളിപ്പെടുത്തുന്നു. കലിവർഷം 1128 കുംഭമാസം 16, 17 തിയ്യതികളിലെ കൂലിയേ ഇനി നൽകാനുള്ളൂ എന്ന് ശാസ്ത്രി കണക്കുപറഞ്ഞപ്പോൾ കിഴവനും എറുപ്പുക്കായും ദേഷ്യപ്പെടുന്നു. കുറേ ദിവസത്തേക്ക് മാർക്കോസ് കൂലി വാങ്ങിയിട്ടില്ലെന്ന് കിഴവൻ പറഞ്ഞപ്പോൾ അതൊക്കെ മുമ്പേ കൊടുത്തതാണെന്നും പണം ചെലവായിപ്പോയിക്കാണുമെന്നും ശാസ്ത്രി അറിയിക്കുന്നു. ‘അവനോ ചത്തു. ഇനിയെങ്കിലും ഞങ്ങളെ കളിപ്പിക്കല്ലേ എന്നു മാർക്കോസിന്റെ അപ്പൻ പറഞ്ഞതു ശാസ്ത്രിയെ ചൊടിപ്പിക്കുന്നു. മാർക്കോസിന്റെ മരണത്തെ തുടർന്നുണ്ടായ കുടുംബത്തിന്റെ തീവ്രദുഃഖത്തിൽ തങ്ങൾക്കു വളരെ സഹതാപം ഉണ്ടെന്നും എന്നാൽ തങ്ങളുടെ സത്യസന്ധതയെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള കിഴവന്റെ പ്രസ്താവനയിൽ പ്രതിഷേധിക്കുന്നു എന്നും ശാസ്ത്രി തുറന്നടിക്കുന്നു. ശാസ്ത്രി പറഞ്ഞതിന്റെ അർത്ഥം മനസ്സിലാകാഞ്ഞ് കിഴവനും എറുപ്പുക്കായും പരസ്പരം മിഴിച്ച് നോക്കുന്നു. കലകലാന്നു ചെലക്കാതെ കൂലി തരാൻ എറുപ്പുക്ക ആവശ്യപ്പെടുന്നു. താൻ പറയുന്നത് വിശ്വസിക്കുകയേ മാർഗ്ഗമുള്ളൂ എന്നും സംശയമുണ്ടെങ്കിൽ ആഫീസിൽ വന്നു കണക്ക് നോക്കണമെന്നും ശാസ്ത്രി അറിയിക്കുന്നു. അങ്ങനെയെങ്കിൽ മാർക്കോസ് ഒടുക്കത്തെ കുടീം കുടിച്ചു മുടിച്ചതായിരിക്കുമെന്ന് എറുപ്പുക്ക പറഞ്ഞപ്പോൾ ‘വല്ലോരും നിക്കുമ്പോ അതുമിതും പറയല്ലേടി’ എന്ന് കിഴവൻ എറുപ്പുക്കായെ ശാസിക്കുന്നു. അവൾ പറയുന്നതൊന്നും കാര്യമാക്കരുതെന്നും പണം അവൾക്കു നൽകിയാൽ മതി. കൊലപാതകത്തിനുശേഷം അവളുടെ തലക്ക് ഇത്തിരിയേതാണ്ടൊരു അവസ്ഥയാണെന്നും കിഴവൻ അറിയിക്കുന്നു. ശാസ്ത്രി പണമെല്ലാം എണ്ണിക്കൊടുത്ത് അവിടെ നിന്നു പോകുന്നു.

93. ബന്ധുവായ ചക്കി മാർക്കോസിന്റെ ഭാര്യ എറുപ്പുക്കയെ കാണാൻ വീട്ടിൽ വന്നതിന്റെ കാണമെന്ത്?

ഉ. വേണ്ടപ്പെട്ടവരുമരിച്ചിട്ട് ഒന്നു കേറിവന്നില്ലല്ലോ എന്ന് നാട്ടുകാരു പറയുമല്ലോ എന്നു കരുതിയാണ് ചക്കി കൊല്ലപ്പെട്ടെന്ന് കരുതപ്പെടുന്ന മാർക്കോസിന്റെ വീട്ടിലേക്ക് കയറി വരുന്നത്. സന്ദർഭത്തിനനുസരിച്ച് കരയാനും പറയാനും പെരുമാറാനും ചക്കിക്ക് കഴിയുന്നു. മരണം ഒരു ഫലിതമാണെന്ന് ഗുരു നാടകാദ്യത്തിൽ പ്രസ്താവിച്ചത് ഈ സന്ദർഭത്തിൽ അന്വർത്ഥമാകുന്നു എന്നു കാണാം.

94. 'കുമാരി ചക്കിക്കുവേണ്ടി എന്റെ ക്ഷമാപണം സ്വീകരിക്കുക'

ഉ. നാടകത്തിന്റെ രണ്ടാം രംഗത്തിൽ കൊലപാതകത്തിന് ഇരയായ മാർക്കോസിന്റെ ഭാര്യയെക്കണ്ട് ആശ്വസിപ്പിക്കാൻ ചക്കി എത്തുന്നു. കൊല പാതകം സംബന്ധമായി നാട്ടിൽ പരക്കുന്ന പൊതുജനാരോപണവും മാർക്കോസിന്റെ കൂലി സംബന്ധമായ കാര്യങ്ങളുമൊക്കെ സംസാരിച്ച് പോകാനൊരുങ്ങിയ ചക്കി കുറച്ചു നേരം ഇനിയുമെന്തോ പറയാനുണ്ടെന്നപോലെ മിഴിച്ചു നിൽക്കുന്നു. തുടർന്ന് കിഴവനോടും എറുപ്പാക്കയോടും 'ഇനി നിങ്ങൾ ഇങ്ങുപോരെ, അതു പറയാനല്ല പറഞ്ഞത്' എന്ന് അറിയിക്കുന്നു. സ്റ്റേജിൽ ചക്കി അബദ്ധമെന്തെങ്കിലും പറയുമെന്ന് ഭയന്ന പ്രോംപ്റ്റർ രംഗത്തെത്തി ചക്കിയെ പിടിച്ചുവലിക്കുന്നു. ഉടൻ രംഗത്തെത്തിയ ഗുരു ചക്കിയെയും മിസ്സിസ് മാർക്കോസിനെയും അഭിനന്ദിക്കുന്നു. ആദ്യമായി സ്റ്റേജിൽ കയറുന്ന ആർക്കും ചെറിയ അബദ്ധമൊക്കെ പറ്റും. കുമാരി ചക്കിക്കും അത്തരത്തിലൊരു അബദ്ധമേ സംഭവിച്ചുള്ളു. അതിൽ അവൾക്കു വേണ്ടി സദസ്സിനോടു താൻ ക്ഷമാപണം നടത്തുന്നു എന്നു ഗുരു അറിയിക്കുന്നു. നിർത്തേണ്ടത് എവിടെ എന്ന് ചക്കിക്ക് ഓർമ്മയില്ലാതായിപ്പോയതാണ് അബദ്ധത്തിന് കാരണമെന്നും ഗുരു വെളിപ്പെടുത്തുന്നു. നാടകത്തിന്റെ പാരമ്പര്യച്ചട്ടക്കൂടുകളെയും ധാരണകളെയും പൊളിച്ചുകളയുകയാണ് സി.ജെ. തോമസ് 1128 ക്രൈം 27 എന്ന നാടകത്തിലൂടെ ചെയ്യുന്നത്. 'ആന്റി പ്ലേ'യുടെ സ്വഭാവം ഇത്തരം രംഗങ്ങളിൽ നാടകകൃത്ത് പ്രകടിപ്പിക്കുന്നു.

95. 'സാറൊരു സിനിക്കാണെന്നു തോന്നുന്നു'
അല്ലെങ്കിൽ

96. മറ്റുള്ളവർ മരിക്കാതിരിക്കുവാനുള്ള സമരമാണത്. മരിച്ചവനു വേണ്ടിയല്ല സ്വന്തം കാര്യം'
അല്ലെങ്കിൽ

97. 'തനിക്കൊക്കെ മുലക്കുപ്പിയാണ് വേണ്ടത്'

ഉ. മരണം സംഭവിച്ചിടത്ത് ശവത്തിന്റെ ചുറ്റും നടക്കുന്ന ബഹളങ്ങളെക്കുറിച്ച് ഗുരുവും ശിഷ്യനും സംവദിക്കുന്നു. മരണാനന്തരമുള്ള വേദനകളെക്കുറിച്ചു ഗുരു ഒന്നും പറയുന്നില്ലെന്നതിനാൽ ഗുരുവിന്റെ വാദമൊന്നും അംഗീകരിക്കാൻ തനിക്ക് ഭാവമില്ലെന്ന് ശിഷ്യൻ അറിയിക്കുന്നു. ഒരു മരണം നടന്നു എന്നുകരുതി പ്രകൃതിയിൽ നടക്കേണ്ട ഒരു കാര്യത്തിനും മുടക്കം വരുന്നില്ലെന്നതാണ് ഗുരുവിന്റെ വാദം. എല്ലാം മുറപോലെ നടക്കും. ഇതുകേട്ട് ശിഷ്യൻ ഗുരു ഒരു സിനിക്കാണെന്നു സംശയിക്കുന്നു. എന്തെങ്കിലും പറഞ്ഞ് തന്നെ പരിഹസിക്കാതെ കാര്യം മനസ്സിലാക്കാൻ ശ്രമിക്കണമെന്ന് ഗുരു പറയുന്നു. എന്താണ് താൻ മനസ്സിലാക്കേണ്ടത്, ബന്ധുക്കൾ മരിച്ചവന്റെ വീട്ടിൽ എല്ലു കിട്ടിയ പട്ടിയെപ്പോലെ കടിപിടികൂടുന്നതാണോ എന്ന് ശിഷ്യൻ ചോദിക്കുന്നു. മറ്റുള്ളവർ മരിക്കാതിരിക്കാനുള്ള സമരമാണ് പ്രസ്തുത ബഹളങ്ങളങ്ങളൊക്കെയെന്നും

മരിച്ചവനുവേണ്ടിയല്ല അവയൊന്നും എന്നു ഗുരു. ശിഷ്യൻ അതൊന്നും ശരിവെക്കുന്നില്ല. മരണാനന്തരം ബന്ധുക്കൾ പിന്നെന്തുചെയ്യുമെന്നാണ് ശിഷ്യൻ പ്രതീക്ഷിക്കുന്നത്. വിലാപകാവ്യ രചന, ചിതാപ്രവേശം തുടങ്ങിയവയിലൂടെ മരിച്ചവനോട് കൂറ് പുലർത്തുമെന്ന് ശിഷ്യൻ പ്രതീക്ഷിക്കുന്നുണ്ടോ എന്ന് ഗുരു ചോദിക്കുന്നു. ഗുരുവിന്റെ വാദം തികച്ചും താത്വികമാണെന്ന് ശിഷ്യൻ കരുതുന്നു. അവിടെ നടക്കുന്നത് നാടകമാണെന്നും നാടകത്തിനിടയിൽ തത്വചിന്തക്ക് പ്രസക്തിയില്ലെന്നും ആളുകൾ കാശുകൊടുത്തു നാടകം കാണുന്നത് രസിക്കാനാണ് ഫിലോസഫി കേട്ട് മുഷിയാനല്ല. അതിനാൽ ഫിലോസഫി വല്ല ചായക്കടയിലും ചെന്നിരുന്ന് പറയാമെന്ന് ശിഷ്യൻ ഗുരുവിനെ പരിഹസിക്കുന്നു. അപ്പോൾ തനിക്കൊക്കെ മുലക്കുപ്പിയാണ് വേണ്ടതെന്ന് ഗുരു ശിഷ്യനെ പരിഹസിച്ച് രംഗത്തുനിന്നും മാറിക്കൊടുക്കുന്നു.

98. ‘നിയമത്തിന് മരണത്തിൽ താത്പര്യമില്ല; കൊലക്കേസിൽ മാത്രമേയുള്ളു’.

ഉ. ‘1128 ൽ ക്രൈം 27’ എന്ന നാടകത്തിന്റെ മൂന്നാം രംഗം ഗുരുവും ശിഷ്യനും തമ്മിലുള്ള സംസാരത്തോടെ ആരംഭിക്കുന്നു. മരിച്ചവന് കോടതിയിൽ നീതി ലഭിക്കുന്നതിനെപ്പറ്റിയാണ് അവരുടെ സംസാരം. കൊലപാതകം ചെയ്തവൻ ശിക്ഷിക്കപ്പെടുന്നത് നീതിയാണ് എന്ന ശിഷ്യന്റെ പ്രസ്താവനയെ നീതിയല്ല, നിയമമാണ് എന്ന് ഗുരു തിരുത്തുന്നു. ഒരുത്തനെക്കൂടി മരിപ്പിച്ചതുകൊണ്ട് മരിച്ചുപോയവന് യാതൊരു ഗുണവും ലഭിക്കുന്നില്ല. നിയമത്തിന് മരണത്തിൽ താത്പര്യമില്ല; കൊലക്കേസിൽ മാത്രമേയുള്ളു. നിയമമാകട്ടെ മരിച്ചവനുവേണ്ടിയല്ല ജീവിക്കുന്നവനുവേണ്ടിയാണ്. കൊന്നവൻ പിന്നെയും കൊല്ലുമെന്ന ഭയം. അതുകൊണ്ട് കൊലപാതകിയെ കൊന്നുകളയണമെന്ന് കോടതി വിധിക്കുന്നു. ഇതാണ് വധശിക്ഷയ്ക്കു പിന്നിലെന്ന് ഗുരു സമർത്ഥിക്കുന്നു. ഒരു കണക്കിന് അതു ശരിയാണെന്ന് ശിഷ്യൻ സമ്മതിക്കുമ്പോൾ സകല കണക്കിനും ഭൂമശാസ്ത്രത്തിനും അതു തന്നെയാണ് ശരി എന്നു ഗുരു പ്രഖ്യാപിക്കുന്നു.

99. ‘അവയെല്ലാം എന്റെ പാവകളാണ്. ഇതൊരു കോടതിയാണ്’

ഉ. നാടകത്തിന്റെ മൂന്നാം രംഗത്തിൽ ഗുരു സദസ്സ്യർക്ക് ഒരു കോടതിയെ പരിചയപ്പെടുത്തിക്കൊടുക്കുന്നു. വേദിയിൽ 1128 ൽ ക്രൈം 27 എന്ന ഒരു കൊലക്കേസിന്റെ വാദമാണ് നടക്കുന്നത്. തന്റെ മഠയനായ ശിഷ്യനെ ചിലത് പഠിപ്പിക്കാനായി ഉണ്ടാക്കിയ പാവക്കോടതിയാണ് അരങ്ങിലുള്ളതെന്ന് ഗുരു അറിയിക്കുന്നു. അതിനാൽ കോടതി നടപടികളൊന്നും അത്രയ്ക്ക് ‘കൗടതിക’മായിരിക്കില്ലെന്ന് ഗുരു സദസ്യരെ ഉണർത്തിക്കുന്നു.

100. ‘നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പിൽ ഇട്ടുകളയരുതെന്നാണ് വേദവാക്യം‘
അല്ലെങ്കിൽ

101. ‘അടടാ, ഇതു നല്ല കൂത്തായല്ലോ; ഞാനുണ്ടാക്കിയ പാവകൾ എന്നോട് കേറി കോർത്തുതുടങ്ങിയോ‘

ഉ. മൂന്നാം രംഗത്തിൽ, തന്റെ ശിഷ്യനെ ചില കാര്യങ്ങൾ പഠിപ്പിക്കാനായി ഗുരു ഒരു കോടതി നിർമ്മിച്ച് അതിൽ അഭിനയിക്കാൻ കുറച്ചു പാവകളെ കഥാപാത്രങ്ങളായി തീരുമാനിക്കുന്നു. കോടതിയിൽ സർക്കാർ വക്കീൽ, പ്രതിവക്കീൽ എന്നിവർ ചേർന്ന് കൊലപാതകക്കേസിലെ സാക്ഷിയെ ജഡ്ജിയുടെ മുമ്പാകെ വിസ്തരിക്കുന്നു. കൊല്ലപ്പെട്ട മാർക്കോസിനെ പ്രതി എന്തിനാണ് ചൂളയിലേക്ക് തള്ളിയത് എന്ന ചോദ്യത്തിന് പ്രതിയും മാർക്കോസും തമ്മിൽ വഴക്കുണ്ടാക്കിയതിനെ തുടർന്നാണ് കൊലപാതകം സംഭവിച്ചതെന്നു സാക്ഷി പറയുന്നു. അവർ തമ്മിൽ എന്തെല്ലാം പറഞ്ഞെന്ന സർക്കാർ

വക്കീലിന്റെ ചോദ്യത്തിന്, അതൊന്നും കൊള്ളാവുന്നവരു കേൾക്കേ പറയാൻ കൊള്ളാത്തതാണെന്നും വേണമെങ്കിൽ വക്കീൽ സാറിനോട് രഹസ്യമായി പറയാമെന്നും സാക്ഷി അിറയിക്കുന്നു. ഇതു കേട്ട സദസ്സിനോട് രഹസ്യം പറയന്ന മട്ടിൽ ഗുരു പറയുന്നു: 'നിങ്ങളുടെ മുത്തുകൾ പന്നികളുടെ മുമ്പിൽ ഇട്ടുകളയരുതെന്നാണ് വേദവാക്യം'. കോടതിയിലെ ഈ സംസാരം കേട്ട ജഡ്ജി ചുറ്റികകൊണ്ട് ഡസ്ക്കിലടിച്ച് ആരാണ് കോടതിയിൽ വർത്തമാനം പറയുന്നതെന്ന് ആരായുന്നു. ആ സനദർഭത്തിൽ ഗുരു പറയുന്നതാണ് മേലുദ്ധരിച്ച വാക്യം. താനുണ്ടാക്കിയ പാവകൾ തന്നോട് കേറി തർക്കിച്ചു തുടങ്ങിയോ എന്ന്. കഥാപാത്രങ്ങൾ നാടകകൃത്തിനെ നിയന്ത്രിക്കാനും തിരുത്താനും തക്കപ്രാപ്തി നേടിയോ എന്ന ചോദ്യം നാടക നിയമത്തെ സംബന്ധിച്ച സി.ജെ. തോമസിന്റെ ആലോചനയുടെ ഭാഗമാണ്.

102. മാർക്കോസിന്റെ കൊലയാളിക്ക് ജയിലിൽ ഏതുവിധത്തിലുള്ള സ്വീകരണമാണ് ലഭിച്ചത്?

അല്ലെങ്കിൽ

103. 'വാഴത്തടിപോലെ കിടന്നാണോ ചിന്തിക്കുന്നത്?'

ഉ. രംഗം മൂന്നിൽ, ഗുരുവും ശിഷ്യനും കേസുവിസ്താരം കേൾക്കാൻ കോടതിയിലെത്തുന്നു. കോടതി ലഞ്ചിനു പിരിഞ്ഞതിനാൽ അവിടെ പാറാവിനുണ്ടായിരുന്ന രണ്ട് പോലീസുകാരെ അവർ കണ്ടുമുട്ടുന്നു. കോടതിയിലുണ്ടായിരുന്ന ബാക്കിയുള്ളവരെ തേടി ഗുരു അകത്തുപോയപ്പോൾ ശിഷ്യൻ പോലിസുകാരോട് സംസാരിക്കുന്നതാണ് സന്ദർഭം. പ്രതിയെ കൊണ്ടുവന്നതും സ്വീകരിച്ചതുമൊക്കെ ആരായിരുന്നു, എങ്ങനെയായിരുന്നു എന്ന് ശിഷ്യൻ അന്വേഷിക്കുന്നു. കുളിക്കാൻ ബാലഗുളിച്ച്യാദി എണ്ണ, മേലുകഴുകാൻ പിയേഴ്സ് സോപ്പ്, കോരിയൊഴിക്കാൻ ചൂടുവെള്ളം, പുറം തേച്ചുകൊടുക്കാൻ പോലീസുകാർ, സാനട്ടോജൻ. . . കൊലപ്പുള്ളിക്കുള്ള സൗകര്യങ്ങളെല്ലാം കേട്ടുകഴിഞ്ഞപ്പോൾ ശിഷ്യൻ പ്രതി ഏതോ സ്റ്റേറ്റ് ഗസ്റ്റാണോ എന്ന് സംശയിക്കുന്നു. ക്രിമിനൽപ്രതിയെ രോഗിയായി പരിഗണിച്ച് സൈക്കളജിക്കൽ കോസാക്കി ട്രീറ്റ് ചെയ്യുകയാണ് പതിവെന്ന് പോലീസുകാർ അറിയിക്കുന്നു. ധാര, പിഴിച്ചിൽ, കഷായം തുടങ്ങി കായകല്പ സജീകരണം വരെ അവർ പ്രതിക്കായി ഒരുക്കിയിട്ടുണ്ടത്രെ. ഇതുകൂടി കേട്ടതോടെ ശിഷ്യൻ കണ്ണും മിഴിച്ച് ബോധം കെട്ട് താഴെ വീഴുന്നു. ഇതു കണ്ടുകൊണ്ടാണ് ഗുരു തിരിച്ചുവരുന്നത്. തന്റെ ശിഷ്യന് എന്തുപറ്റിയെന്ന ഗുരുവിന്റെ ചോദ്യത്തിന് അദ്ദേഹം ചിന്തിക്കുകയാണെന്ന് പോലീസുകാർ പറയുന്നു. വാഴത്തിടിപ്പോല കിടന്നാണോ ചിന്തിക്കുന്നതെന്ന് ഗുരു ചോദിച്ചപ്പോൾ അതു വിഷയത്തിന്റെ ഗൗരവത്തിനനുസരിച്ചായിരിക്കുമെന്ന് പോലീസുകാർ മറുപടി പറയുന്നു. നാടകത്തിലെ ഏറെ തമാശ നിറഞ്ഞ ഒരു രംഗമാണ് ഇത്.

104. 'ഈ ഏർപ്പാട് അത്ര സുചിന്തിതമാണെന്നെനിക്കഭിപ്രായമില്ല' ഏത് ഏർപ്പാട്? ആർക്കാണ് അഭിപ്രായമില്ലാത്തത്?

ഉ. മാർക്കോസിനെ കൊന്നു എന്നാരോപിച്ച് വർക്കിയെ വധശിക്ഷയ്ക്ക് കോടതി വിധിക്കാൻ തയ്യാറെടുക്കുന്നതാണ് സന്ദർഭം. ഒരാൾ മരിച്ചതിന്റെ പരിഹാരമായി മറ്റൊരാളെക്കൂടി കൊല്ലുക എന്ന ഏർപ്പാട് അത്ര സുചിന്തിതമായ കർത്തവ്യമാണെന്ന് തനിക്ക് അഭിപ്രായമില്ലെന്നാണ് പത്രപ്രവർത്തകനായ സഖറിയാ പറയുന്നത്.

105. പത്രപ്രവർത്തകരായ രാമകൃഷ്ണനും സഖറിയായും പോലീസുകാരുമായി കൂടിക്കാഴ്ച നടത്തിയത് എന്തിനായിരുന്നു?

ഉ. മാർക്കോസിന്റെ കൊലപാതകിക്ക് ജയിലിൽ ലഭിക്കുന്ന സൗകര്യങ്ങൾ ഉറപ്പുവരുത്താനും വല്ല തുകയും അതിലേക്ക് ആവശ്യമെങ്കിൽ അതു പോലീസുകാരെ നേരിട്ട് ഏൽപ്പിക്കാനുമാണ് സഖറിയായും രാമകൃഷ്ണനും പോലീസുകാരുമായി കൂടിക്കാഴ്ച നടത്തിയത്.

106. 'നന്നായില്ല. മോശം തീരെ മോശം. . . ഞാൻ അന്നേ പറഞ്ഞതാണ് അയാളീ ഭാഗം അഭിനയിച്ചാൽ നന്നാവുകയില്ലെന്ന്. എഴുതിയതും നന്നായില്ല'.

ഉ. ആറാം രംഗത്തിൽ കൊലപാതകിയുടെ ആത്മഗതമാണ് അവതരിപ്പിക്കപ്പെടുന്നത്. ഇതിനായി ഗുരു തന്നെയാണ് രംഗ സജ്ജീകരണം ഒരുക്കുന്നത്. മാർക്കോസിന്റെ ഭാര്യയുമായി തനിക്ക് ബന്ധമുണ്ടെന്നു കരുതി അയാൾ തന്നോടു വഴക്കിനു വന്നതാണെന്നും ഒന്നും രണ്ടും പറഞ്ഞ് ഉന്തും തള്ളും ഉണ്ടായപ്പോൾ അയാൾ സ്വയം ചൂളയിൽ വീണതാണെന്നും പ്രതിയായ വർക്കി ആത്മഗതമായി പറയുന്നു. പോലീസുകാരുടെ അടിയും ഇടിയും അയാളെ വല്ലാതെ വേദനിപ്പിക്കുന്നു. തൂക്കിക്കൊല്ലുമെന്നോർത്തുള്ള അയാളുടെ പേടിയും ഈ രംഗത്തിൽ അവതരിപ്പിക്കപ്പെടേണ്ടതാണ്. പക്ഷേ ആത്മഗതരംഗം അവതരിപ്പിച്ചതും അതിനായി എഴുതിയ സ്ക്രിപ്റ്റും ഒട്ടും നന്നായില്ലെന്ന് ഗുരു അഭിപ്രായപ്പെടുന്നു.

107. 'ക്രൂശിക്ക, ക്രൂശിക്ക'–അതാണ് ജനാധിപത്യത്തിന്റെ സനാതന മന്ത്രം. നീയും ആ ഹിംസ്ര ജന്തുക്കളുടെ കൂട്ടത്തിൽപ്പെട്ടവനാണ്'

അല്ലെങ്കിൽ

108. 'ഒരു തരത്തിൽ മരണത്തിന്റെ വായിൽ നിന്നു രക്ഷപ്പെടുത്തി എന്നിട്ട് കെങ്കേമമായി വിചാരണ നടത്തി ആഘോഷമായി തൂക്കിക്കൊല്ലുക'

ഉ. നാടകത്തിന്റെ ഏഴാം രംഗത്തിൽ മാർക്കോസിന്റെ കൊലപാതകി ആത്മഹത്യയ്ക്ക് ശ്രമിച്ചുവെന്നും അയാളെ മറ്റുള്ളവർ വൈദ്യസഹായത്തോടെ രക്ഷിച്ചെന്നുമുള്ള ഒരു പത്രവാർത്തയെ തുടർന്ന് ഗുരുവും ശിഷ്യനും തമ്മിൽ കലഹത്തിൽ ഏർപ്പെടുന്നു. വാർത്ത അറിഞ്ഞ ശിഷ്യൻ 'കഷ്ടം, അയാളുടെ ഭാഗ്യദോഷം' എന്നു സങ്കടപ്പെടുന്നത് കണ്ടപ്പോൾ ഗുരു ക്ഷോഭിക്കുന്നു. 'അയാൾക്കു മരിക്കാൻ കഴിയാത്തതാണോ ഭാഗ്യദോഷം' എന്ന്. അങ്ങനെയെങ്കിൽ പ്രതിയുടെ ആരാച്ചാരുടെ അളിയനാണ് ശിഷ്യനെന്നു ഗുരു. സ്വയം ചാവാനാകാതെ, തൂക്കി കൊന്നാലെ അത്തരക്കാർക്ക് സമാധാനം കിട്ടൂ. അയാൾ മരിക്കുക എന്നതല്ല അയാളെ തങ്ങൾ തന്നെ കൊല്ലുക എന്നതാണ് നിയമം. ആ ബലികർമ്മം നടത്താനുള്ള അവകാശം കുത്തകയാക്കിവെച്ചിരിക്കുകയാണ് ചിലർ. മനുഷ്യനു നീതി നൽകാത്ത നിയമവ്യവസ്ഥയെ ഗുരു എന്ന കഥാപാത്രത്തിലൂടെ സി.ജെ. എന്ന തന്റേടിയായ നാടകകൃത്ത് വിമർശന വിധേയമാക്കുന്നു.

109. ആത്മഹത്യയെക്കുറിച്ച് ഗുരുവിന്റെ അഭിപ്രായം എന്താണ്?

ഉ. ആത്മഹത്യ ചെയ്യാൻ പ്രത്യേകിച്ച് അവകാശം ഒന്നും ആർക്കും ആവശ്യമില്ല. ആത്മഹത്യക്ക് ശ്രമിച്ചു പരാജയപ്പെടുന്നതിന് ശിക്ഷയുണ്ട്. അത്തരക്കാരെ തൂക്കിക്കൊന്നാലും ഗുരുവിന് വിരോധമില്ല. ആത്മഹത്യ മരണത്തിന്റെ ഒരു വകഭേദമാണ്. അതുകൊണ്ട് തന്നെ അതൊരു ഫലിതവുമാണ്. തല വേദനഭേദമാക്കാൻ തലവെട്ടിക്കളയുന്നതപോലെയുള്ള ഒരു ചികിത്സയാണ് ആത്മഹത്യ. ആത്മഹത്യാശ്രമം കുറ്റകരമായിരിക്കുന്നത് സന്മാർഗപരമായ കാരണങ്ങളൊന്നും കൊണ്ടല്ല. സമുദായത്തിന് അങ്ങനെയൊരു ബോധം ഉണ്ടായിരുന്നെങ്കിൽ ക്ലിയോപാട്രയുടെയും വേലുത്തമ്പിയുടെയും ആത്മഹ

ത്യയെ വാനോളം വാഴ്ത്തുകയില്ലായിരുന്നു. ഇതാണ് ആത്മഹത്യയെക്കുറിച്ച് ഗുരുവിനുള്ള കാഴ്ചപ്പാട്.

110. വധശിക്ഷയെക്കുറിച്ച് പ്രതിഭാഗം വക്കീലായ അബ്ദുൽ സത്താറിന്റെ വാദങ്ങൾ വിലയിരുത്തുക?

അല്ലെങ്കിൽ

111. വധശിക്ഷ സമുദായം സ്വയരക്ഷയ്ക്കും നീതിന്യായപാലനത്തിനും വേണ്ടി ചെയ്യുന്നതാണെന്ന സർക്കാർ വക്കീലിന്റെ വാദത്തെ പ്രതിഭാഗം വ ക്കീൽ ഖണ്ഡിക്കുന്നത് എങ്ങനെ?

ഉ. നാടകത്തിന്റെ എട്ടാം രംഗം 1128 ക്രൈം 27 എന്ന നാടകത്തെ സംബന്ധിച്ച് ഏറെ പ്രധാനപ്പെട്ടതാണ്. നാടകകൃത്തായ സി.ജെ തോമസിന്റെ നാടകലക്ഷ്യം വ്യക്തമായ രീതിയിൽ അടയാളപ്പെടുത്തുന്ന രംഗമാണിത്. വധശിക്ഷ സമുദായം സ്വരക്ഷയ്ക്കും നീതിപാലനത്തിനും വേണ്ടി ചെയ്യുന്നതാണ് എന്നാണ് സർക്കാർ വക്കീലിന്റെ അഭിപ്രായം. എന്നാൽ അതും വധം തന്നെ എന്നാണ് പ്രതിഭാഗം വക്കീലിന്റെ വാദം. ആരു കൊല്ലുന്നു എന്നതിനനുസരിച്ച് കൊലയുടെ സ്വഭാവം മാറുന്നില്ല. കൊല്ലപ്പെടുന്നയാളിനെ സംബന്ധിച്ചിടത്തോളം വ്യക്തിയോ, സമുദായമോ കൊലയാളി എന്ന പ്രശ്നം പ്രസക്തമേയല്ല. എങ്കിൽ ജനക്കൂട്ടം അവർക്കിഷ്ടമല്ലാത്ത പ്രവാചകന്മാരെയും കുറ്റക്കാരെയും വിദേശികളെയും പിച്ചിക്കീറുമ്പോൾ അതിനെയും നീതീകരിക്കേണ്ടി വരും. തൂക്കുശിക്ഷയ്ക്ക് നിയമത്തിന്റെ സമ്മതമുണ്ട്. ന്യായവും നീതിയും അനുസരിച്ച് കൊല്ലാമെന്നാണു വാദമെങ്കിൽ പ്രതിയുടെ കുറ്റത്തിന്റെ പുറകിലുള്ള സാമാന്യനീത കൂടി പരിഗണിക്കണമെന്നതാണ് പ്രതിഭാഗം അബ്ദുൽ സത്താർ ആവശ്യപ്പെടുന്നത്.

112. 'ഇതൊക്കെ എന്റെ ആശാനുണ്ടാക്കിയ ഏർപ്പാടാണ്. അദ്ദേഹത്തിനോടു പറഞ്ഞാൽ മതി, കാര്യമെല്ലാം ശരിയാക്കും'– എന്താണ് കാര്യം?

ഉ. നാടകത്തിന്റെ ഒമ്പതാം രംഗത്തിൽ മാർക്കോസിന്റെ കൊലപാതകിയുടെ വധശിക്ഷ ഓർത്ത് പത്രമോഫീസിൽ ഖിന്നനായിരിക്കുന്ന മാത്യൂസ് എന്ന ശിഷ്യന്റെ വാക്യമാണിത്. ചാവാൻ പോകുന്നവനെ രക്ഷപ്പെടുത്താനുള്ള ഉപായമാണ് മാത്യൂസ് സഹപ്രവർത്തകരായ സഖറിയ, രാമകൃഷ്ണൻ എന്നിവരോട് ആലോചിക്കുന്നത്. അപ്പീലുകൊടുക്കാൻ പണമില്ല, രാഷ്ട്രീയ കൊലപാതകം അല്ലാത്തതിനാൽ പണപ്പിരിവും നടക്കില്ല. പത്രത്തിലൂടെ വിമർശിച്ചാൽ സബ്ജുഡീസ് പ്രശ്നം അങ്ങനെ ഒരു വകയും ചെയ്യാനില്ലെന്നു വന്നപ്പോഴാണ് സഖറിയാ മാത്യൂസിനോട് ചോദിക്കുന്നത്. 'ഇക്കാര്യത്തിൽ ഇത്ര ക്ഷോഭിക്കാൻ എന്താണുള്ളത്?' ഇത് ഒരു കഥ മാത്രമല്ലേ. ഒരു വെറും അന്തർനാടകം?' ഉടൻ ഒരാശയം തലയിലുധിച്ച മാത്യൂസ് ചാടി എഴുന്നേറ്റ് പറയുന്നതാണ് സന്ദർഭം. 'അയ്യയ്യോ ഞാനെന്ത് മഠയനാണ്. ഇതൊരു നാടകമല്ലേ? ഇതൊക്കെ എന്റെ ആശാനുണ്ടാക്കിയ ഏർപ്പാടാണ്. അദ്ദേഹത്തിനോട് പറഞ്ഞാൽ മതി; കാര്യമെല്ലാം ശരിയാക്കും'. ജീവിതം തന്നെ നാടകമായി പരിണമിക്കുന്നതിലെ ഹാസ്യം ഈ രംഗത്തെ ചേതോഹരമാക്കുന്നു.

113. 'ഇത് മഹാകുഴപ്പമായല്ലോ. കഥാപാത്രങ്ങളെല്ലാം ഇങ്ങനെ രംഗത്തുനിന്നിറങ്ങി നടന്നാലോ?

ഉ. നാടകത്തിലെ രംഗം പത്തിൽ കേസിൽ വാദപ്രതിവാദാനന്തരം വിധിപ്രസ്താവം കേൾക്കാനായി ഗുരുവിനെ കൂട്ടി ശിഷ്യൻ കോടതിയിലെത്തുന്നു. കോടതി സൃഷ്ടിച്ചതും പാവകളെ കഥാപാത്രങ്ങളാക്കിയതും ഗുരുവാണെന്നറിയാവുന്ന ശിഷ്യൻ താനാഗ്രഹി

ക്കും വിധത്തിൽ ശരിയാക്കി ത്തരണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപറ്റില്ലെന്നും താൻ കഥ തുടങ്ങുക മാത്രമാണ് ചെയ്തത്. അനന്തര സംഭവങ്ങൾ അതിന്റെ ഗതിയനുസരിച്ചു തന്നെ നടക്കണമെന്നാണ് താൻ ആഗ്രഹിക്കുന്നതെന്ന് ഗുരു അറിയിക്കുന്നു. ഇരുവരും കോടതിയിലെത്തിയപ്പോൾ, ഗുരുവിനെ കണ്ടതോടെ സർക്കാർ വക്കീൽ മുന്നോട്ടു വന്നു അദ്ദേഹത്തെ വന്ദിക്കുന്നു. അപ്പോഴാണ് 'ഇത് മഹാകുഴപ്പമായല്ലോ. കഥാപാത്രങ്ങളെല്ലാം ഇങ്ങനെ രംഗത്തുനിന്നിറങ്ങി നടന്നാലോ' എന്ന് ഗുരു ചോദിക്കുന്നത്. വിധിപറയാൻ വച്ച കേസിലെ പ്രതിക്ക് സ്വഭാവിക മരണം സംഭവിച്ചതിനാൽ കേസ് തുടരാൻ നിവൃത്തിയില്ലെന്നും എന്തുചെയ്യണമെന്നറിയാനാണ് ഗുരുവിനെ കണ്ടു വന്ദിച്ചതെന്നും സർക്കാർ വക്കീൽ അറിയിക്കുന്നു. കഥയും കഥാപാത്രങ്ങളും രചയിതാവിനെ ആശ്രയിക്കാൻ വിധിപ്പെട്ടവരാണെന്ന ബോധം ഈ രംഗത്തിൽ അവതരിപ്പിക്കപ്പെടുന്നു.

114. 'ഡ്യൂട്ടി ബാധിച്ചാൽ പിന്നെ നിങ്ങൾ മനുഷ്യനല്ലാതായിത്തീരുമോ?'

ഉ. കേസിന്റെ വിധിപറയാനിരിക്കെ പ്രതി മരിച്ചതായി ഗുരുവിനോട് സർക്കാർ ഭാഗം വക്കീൽ അറിയിക്കുന്നു. ഹൃദയത്തകരാറ് മൂലം ആണ് അയാൾ മരിച്ചതെന്നും ഞാൻ പറയുന്നത് സത്യമാണെന്നും വക്കീൽ വെളിപ്പെടുത്താൻ ശ്രമിക്കുന്നതിനിടെ പ്രതിയെ 'പാവം' എന്നു സൂചിപ്പിക്കുന്നു. ഇതുകേട്ട ഗുരു അല്പം മുമ്പ് ആ പാവത്തിനെ തൂക്കിക്കൊല്ലാനല്ലേ വക്കീൽ കിടന്നു കോടതിയിൽ വിചാരണ സമയത്ത് നിലവിളിക്കുന്നത് കേട്ടത് എന്ന് വക്കീലിനെ പരിഹസിക്കുന്നു. അതു തന്റെ ഡ്യൂട്ടിയാണെന്ന് പറഞ്ഞ വക്കീലിനോട് ഗുരുവിന്റെ ചോദ്യമാണ്, 'ഡ്യൂട്ടി ബാധിച്ചാൽ പിന്നെ നിങ്ങൾ മനുഷ്യനല്ലാതായിത്തീരുമോ?'എന്നത്.

115. 'അയാൾക്ക് മനുഷ്യത്വമെന്നതു മനസ്സിലാവുകയില്ല. അയാളെ നിയമപ്പുസ്തകം കൊണ്ടുണ്ടാക്കിയതാണ്'.

ഉ. നാടകാന്ത്യത്തിൽ, കോടതിയിൽ രസകരമായ മറ്റൊരു വിചാരണയാണ് ഗുരുവിന്റെ നേതൃത്വത്തിൽ അരങ്ങേറിയത്. വക്കീലന്മാരെ ഒരു ഭാഗത്തും ജഡ്ജിനെ മറുഭാഗത്തുമായി നിർത്തി ഗുരു ചക്കിയെ കോടതിയിൽ കൊണ്ടുവന്നു വാദിപ്പിക്കുന്നു. സർക്കാർ ഭാഗം വക്കീലിനെക്കുറിച്ച് ചക്കിയുടെ പ്രസ്താവനയാണിത്. വർക്കി പ്രതിയാണെന്നു വാദിക്കാനും അയാൾക്ക് വധശിക്ഷ ഉറപ്പാക്കാനും മതിയായ തെളിവുണ്ടായിരുന്നോ എന്ന ചക്കിയുടെ ചോദ്യത്തിന് വക്കീൽ 'ഒരു പ്രോസിക്യൂട്ടർക്ക് വേണ്ടിടത്തോളം തെളിവ് ഉണ്ടായിരുന്നെന്ന്' യാതൊരുവിധ കൂസലുമില്ലാതെ പറയുന്നു. ഇതുകേട്ട ചക്കി അയാളെ വിസ്തരിച്ചതുകൊണ്ട് വലിയ ഗുണമുണ്ടെന്നു തോന്നുന്നില്ലെന്നും അയാളെ നിയമപുസ്തകത്താൽ നിർമ്മിക്കപ്പെട്ടതിനാൽ മനുഷ്യത്വമില്ലെന്നും പറയുന്നു. മനുഷ്യത്വമില്ലാതെ കേവലം നിയമം കൊണ്ട് മാത്രം മനുഷ്യരുടെ പ്രശ്നങ്ങളെ സമീപിക്കുന്ന ഹൃദയരഹിതരെ പൊതുജനപ്രതിനിധിയായി പരിഗണിക്കപ്പെട്ട ചക്കിയെക്കൊണ്ട് വിചാരണ ചെയ്യിക്കുകയാണ് സി.ജെ തോമസ്.

116. ചക്കിയുടെ വിചാരണക്കിടയിൽ ന്യായാധിപൻ (ജഡ്ജി) എന്താണ് കാര്യമായി ആലോചിച്ചിരുന്നത്?

ഉ. കുടവയറൻ എന്ന വാക്കിന് കൊടന്ത എന്നും അർത്ഥമുണ്ട്. കൊടന്ത പ്രയോഗം ശരിയാകാൻ മാർഗമില്ല. 'അമ്പർലാ സ്റ്റൊമക്കൻ' എന്നല്ലേ കൊടന്ത എന്ന പദത്തിന്റെ മൂലധാതു. അങ്ങനെ വരുമ്പോൾ കൊടന്തയാവില്ല. കുടന്തയാണ്. കുട + ന്ത = കുടന്ത. ഇതാണ് ന്യായാധിപൻ ആലോചിച്ച വിഷയം. കാര്യമാത്ര പ്രസക്തമായ വാദങ്ങൾ ഒരു

കൊലപാതക കേസിൽ കോടതിയിൽ നടന്നു കൊണ്ടിരിക്കേ, കേസിനോ വാദപ്രതിവാദത്തിനോ ഒട്ടും പ്രാധാന്യം നൽകാതെ താത്പര്യരഹിതനായിരിക്കുന്ന ന്യായാധിപകഥാപാത്രത്തെ മറയില്ലാതെ അവതരിപ്പിക്കുന്നു; സി.ജെ.

117. 'ഒക്കൂല്ല. എനിക്ക് കുറച്ചുകൂടി അഭിനയിക്കണം, ഞാൻ പോവൂല്ല'
അല്ലെങ്കിൽ

118. 'എല്ലാവരും പൗഡർ കഴുകിക്കളഞ്ഞ് സ്ഥലം വിട്ടു. ഇനിയും ചത്തവനൊക്കെ ഉയിർക്കുന്നതിന് മുമ്പ് കഥ നിറുത്താം'

ഉ. '1128 ൽ ക്രൈം 27' എന്ന നാടകത്തിന്റെ അവസാനഭാഗത്ത് മാർക്കോസിന്റെ ഭാര്യയ്ക്ക് പണവുമായി ശാസ്ത്രിയെത്തുന്നു. ചൂളയിൽ വീണു ചത്തു എന്നുകരുതിയ മാർക്കോസ് എന്ന തൊഴിലാളി കഥാപാത്രം നാടകാന്ത്യത്തിൽ ജീവനോടെ തിരിച്ചുവരുന്നു. തർക്കത്തിനിടെ ചൂളയിൽ വീണെങ്കിലും അയാൾക്ക് കാര്യമായി ഒന്നും സംഭവിച്ചിരുന്നില്ല. വർക്കിയെ ഒരു പാഠം പഠിപ്പിക്കാൻ ആഗ്രഹിച്ചു വയനാട്ടിലേക്ക് മുങ്ങുകയായിരുന്നു; മാർക്കോസ്. ചൂളയിലെ ഇരുട്ട് കാരണം, അയാൾ കടന്നുകളഞ്ഞത് ആർക്കും മനസ്സിലാക്കാനായില്ല. നടക്കാത്ത കൊലപാതകത്തെച്ചൊല്ലിയായിരുന്നു ഇത്ര നേരവും കോലാഹലം ഉണ്ടായത്. തിരിച്ചു വന്നപ്പോൾ പലരും അദ്ദേഹത്തെ പ്രേതം എന്നു വിളിച്ചു. അവരെയെല്ലാം താൻ ഇടിച്ചുകളുയം എന്ന് മാർക്കോസ് പ്രഖ്യാപിക്കുന്നു. ഇതിനിടെ മാർക്കോസ് തിരിച്ചുവന്നതിനാൽ പണം നൽകേണ്ടതില്ല എന്ന് കരുതി ശാസ്ത്രി സ്ഥലം വിടാനൊരുങ്ങുന്നു. ശാസ്ത്രിയിൽ നിന്നും നേരത്തെ വാഗ്ദാനം ചെയ്ത പണം കിട്ടുമോ എന്നു എറുപുക്ക അന്വേഷിക്കന്നു. ഏതു പണത്തിന്റെ കാര്യമാണ് തന്റെ ഭാര്യ ശാസ്ത്രിയോട് സംസാരിക്കുന്നത് എന്ന ചോദ്യത്തിന് സംതൃപ്തമായ മറുപടി മാർക്കോസിന് ലഭിക്കുന്നില്ല. അയാൾ എറുപ്പാക്കയുടെ കൈപിടിച്ച് 'എന്തു രൂപയാടീ, പറ' എന്ന് ഭീഷണിപ്പെടുത്തുന്നു. അതോടെ ശിഷ്യൻ ഇടപെട്ട് കൊണ്ട് മാർക്കോസിന്റെ ഭാഗം കഴിഞ്ഞെന്നും തനിക്ക് പോകാമെന്നും അറിയിക്കുന്നു. താൻ സ്റ്റേജിൽ നിന്ന് പോകില്ലെന്നും തനിക്ക് അഭിനയിക്കണമെന്നും മാർക്കോസ് ശാഠ്യം പിടിക്കുന്നു 'നാടകം തുടങ്ങിയപ്പോൾ ഇയാൾക്കു ജീവനില്ലായിരുന്നുവെന്നും കരുണ വിചാരിച്ച് ഇയാളെ ഉയിർപ്പിച്ചപ്പോൾ തന്നെ എതിർക്കാൻ തുടങ്ങിയിരിക്കുന്നുവെന്നും ശിഷ്യൻ സദസ്സിനോട് വിളിച്ചു പറയുന്നു. അപ്പോൾ വേദിയിൽ കയറി സ്റ്റേജ് മാനേജർ പറയുന്ന വാക്യമാണ്. 'എല്ലാവരും പൗഡർ കഴുകിക്കളഞ്ഞ് സ്ഥലം വിട്ടു. ഇനിയും ചത്തവനൊക്കെ ഉയിർക്കുന്നതിന് മുമ്പ് കഥ നിറുത്താം' പൊള്ളയായ നാടകമാണ് പലപ്പോഴും ജീവിതം. ഇല്ലാത്തതിനച്ചൊല്ലി കലഹിച്ച് ജീവിതം നാടകം ഒരുവിധം കഴിച്ച് കൂട്ടുന്ന കേവല കഥാപാത്രങ്ങളാണ് മനുഷ്യർ. ഇതാണ് സി.ജെ. 1128 ൽ ക്രൈം 27 ലൂടെ അവതരിപ്പിക്കുന്നത്.

119. ഭാരതീയ നാടക സങ്കല്പത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

ഉ. അവതരണ കലാരൂപമായ നാടകത്തിന് ഇന്ത്യയിൽ മഹത്തായ പാരമ്പര്യമാണുള്ളത്. ദശരൂപകങ്ങളിൽ ഇന്ത്യക്കാർ ആദ്യപ്രസ്ഥാനം നാടകത്തിനാണ് നൽകിയിരിക്കുന്നത്. നാടകം, അങ്കം, പ്രകരണം, ഈഹാമൃഗം, ഡിമം, സമവകാരം, ഭാമം, പ്രഹസനം, വീഥി, വ്യായോഗം എന്നിവ ദശരൂപകം എന്ന പേരിൽ പ്രശസ്തമാണ്. കഥാപാത്രങ്ങളുടെ എണ്ണവും പ്രാധാന്യവും കഥയുടെ പ്രമേയം, ആവിഷ്ക്കാരിക്കപ്പെടുന്ന രസങ്ങൾ, അഭിനയിക്കുന്നവരു ടെ സാമൂഹിക സ്ഥിതി തുടങ്ങി പലതരം ഘടകങ്ങളാണ് ദശരൂപകങ്ങളുടെ വിഭജനത്തിന് ആധാരം. ജാതീയമായ ഉച്ച–നീചത്വം നിലനിന്നിരുന്ന ഇന്ത്യൻ

വേദശാസ്ത്രാദി ഗ്രന്ഥങ്ങൾ പാരായണം ചെയ്യാനോ കേൾക്കാനോ അവകാശമില്ലാത്ത വരായിരുന്നു ശൂദ്രർ. സർവ്വജന വിഭാഗങ്ങൾക്കും കണ്ടും കേട്ടും ആസ്വദിക്കാനുള്ള ഒരു വിനോദകലാരൂപമായാണ് നാടകം രൂപം കൊണ്ടതത്രെ. നാട്യത്തെ ഇതര വേദങ്ങ ളിൽ നിന്നും സ്വാശീകരിച്ചു സൃഷ്ടിച്ച അഞ്ചാം വേദമായി പരിഗണിക്കുന്നവരാണ് ഇ ന്ത്യക്കാർ. ഇന്ത്യയിലെ ആദ്യനാടകം ദേവാസുരന്മാർക്ക് മുന്നിൽ ഭരത മുനിയും പുത്ര ന്മാരും ചേർന്ന് അവതരിപ്പിച്ചതാണെന്ന് ഐതിഹ്യമുണ്ട്. 'നാട്യശാസ്ത്രം' എന്ന കൃതി യിലൂടെ ഭരതമുനി ഇന്ത്യൻ നാടകവേദിയുടെ പ്രാരംഭകാല സ്വഭാവം വിവരിക്കുന്നുണ്ട്. നാടകത്തെ സംബന്ധിച്ച ഇന്ത്യൻ ആദ്യകാല കാഴ്ച്ചപ്പാടിൽ നിന്നും ഏറെ വ്യത്യാസ പ്പെട്ടിരിക്കുന്നു ഇന്നത്തെ നാടകവേദി.

> 'ധീരോദാത്തനതിപ്രതാപഗുണവാൻ വിഖ്യാതവംശൻ ധരാ-പാലൻ നായ ക,നഞ്ചു സന്ധിക,ളതിഖ്യാതം, കഥാവസ്തുവും നാലഞ്ചാളുകളങ്കമഞ്ചധികമോ ശൃംഗാരമോ വീരമോ മുഖ്യം, നിർവഹണത്തിലാത്ഭുതരസം നാഥോദയം നാടകം'.

ഇത് പ്രകാരം നാടകത്തിലെ ഇതിവൃത്തം പ്രസിദ്ധമായിരിക്കണം. അതായത് പു രാണങ്ങളിൽ നിന്നോ ഇതിഹാസങ്ങളിൽ നിന്നോ എടുത്തതായിരിക്കണം എന്നർത്ഥം. ധീരൻ, ഉദാത്തൻ എന്നിങ്ങനെ സർവ്വഗുണസമ്പന്നനായ രാജാവായിരിക്കണം നായകൻ. നാടകത്തിന്റെ അഞ്ചുസന്ധികൾ ഉണ്ടായിരിക്കണം. അഞ്ചു മുതൽ പത്തുവ രെ അംഗങ്ങളാകാം. മുഖ്യരസമായി ശൃംഗാരത്തെയോ വീരത്തെയോ പരിഗണിക്കണം. പ്രധാനകഥാപാത്രങ്ങളായി ധാരാളം പേർ ഉണ്ടാകരുത്. അത്ഭുതരസമായിരിക്കണം നിർ വഹണഘട്ടത്തിൽ ഉണ്ടാകേണ്ടത്. നായകന്റെ അഭ്യുദയത്തിലേ നാടകത്തിന് തിരശ്ശീല വീഴാവൂ. ഇതാണ് നാടകത്തിന് നൽകപ്പെട്ടിരിക്കുന്ന ലക്ഷണം.

120. 1128 ൽ ക്രൈം 27 എന്ന നാടകത്തിന്റെ എട്ടാം രംഗത്തിന് നാടകത്തിലുള്ള പ്രാധാന്യം വിശദമാക്കുക.

അല്ലെങ്കിൽ

121. മാർക്കോസിന്റെ കൊലയാളിക്ക് വധശിഷ നൽകുന്നത് സംബന്ധിച്ച് സർക്കാർ വക്കീലും പ്രതിഭാഗം വക്കീലും നിരത്തിയ വാദമുഖങ്ങൾ പരിശോധിക്കുക.

ഉ. ചൂളയിൽ വീണു മാർക്കോസ് കൊല്ലപ്പെടാനുണ്ടായ സാഹചര്യങ്ങളും കൊലപാതക ത്തിനു സാക്ഷികളായവരും കോടതിയിൽ സവിസ്തരം ചർച്ചയ്ക്കും വാദപ്രതിവാദ ത്തിനും വിധേയമാകുന്നു. മാർക്കോസിന്റെ കൊലപാതകിക്ക് വധശിക്ഷവേണമെന്ന വാദമാണ് സർക്കാർ വക്കീലിനുള്ളത്. പ്രതിഭാഗം വക്കീലാകട്ടെ ഈ വാദത്തെ എതിർ ക്കുന്നു. '1128 ൽ ക്രൈം 27' എന്ന തന്റെ നാടകത്തിലൂടെ സി.ജെ തോമസ് മുന്നോട്ടുവ യ്ക്കാനാഗ്രഹിക്കുന്ന രാഷ്ട്രീയം എട്ടാം രംഗത്തിൽ മറയില്ലാതെ പറുത്തുവരുന്നു. വധ ഷിക്ഷയുടെ ന്യായന്യായങ്ങൾ തമ്മിലുള്ള ആശയ സംഘട്ടനത്തിലൂടെ, നാടകീയതയ് ക്ക് ഒട്ടും കുറവും പറ്റാതെ പ്രേക്ഷകരെയും വായനക്കാരെയും മുഷിപ്പിക്കാതെ അവത രിപ്പിക്കാൻ നാടകകൃത്തിനാകുന്നു.

മാർക്കോസ് എന്ന സഹപ്രവർത്തകനെ വർക്കിയെന്ന പ്രതി നിഷ്ക്കരുണം അഗ്നികുണ്ഠത്തിലേക്ക് തള്ളിയിട്ടുവെന്നും തത്ഫലമായി അയാൾ ദയനീയമായ അവ സ്ഥയിൽ മരണപ്പെട്ടുവെന്നും സർക്കാർ വാദിക്കുന്നു. പ്രതി ദുസ്സഹമായ പ്രകോപന ത്തിന് അടിപ്പെട്ടിരുന്നുവെന്ന കാര്യം വക്കീൽ നിഷേധിക്കുന്നില്ല. മരിച്ചുപോയ മാർ ക്കോസിന്റെ അനിയന്ത്രിതമായ ശകാരവർഷവും ഒരു പക്ഷേ, നിർദ്ദയമായ കൈയേ

റ്റവും പ്രതിയെ പ്രകോപിപ്പിച്ചിരിക്കാമെന്ന് സമ്മതിക്കുന്നതോടുകൂടിത്തന്നെ അത് കുറ്റത്തിന്റെ ഗൗരവം കുറയ്ക്കുന്നില്ലെന്നും അന്യഥാ തെളിവിനെ ബലപ്പെടുത്തുന്നുണ്ടെന്നും കൂടി വക്കീൽ പ്രസ്താവിക്കുന്നു. പ്രതിയുടെ കുറ്റസമ്മതത്തിന് എന്തെങ്കിലും നിയമതടസ്സമുണ്ടായിരുന്നെങ്കിൽ പ്രതിയുടെ ആത്മഹത്യാശ്രമം പോലും അദ്ദേഹത്തിന്റെ കുറ്റകരമായ മനസാക്ഷിയെ വിളംബരം ചെയ്യുന്ന മികച്ച തെളിവാണ്. കുമ്മായ ചൂളയിൽ ജോലി ചെയ്യുന്ന പ്രതിക്ക് ഒരു മനുഷ്യശരീരം ആ തീയ്യിൽ വീണാൽ എന്തു സംഭവിക്കുമെന്ന് മനസ്സിലാക്കാൻ വേണ്ട ബുദ്ധിയും അറിവും ഉണ്ട്; ഉണ്ടായിരിക്കേണ്ടതാണ്.

കുറ്റത്തിന്റെ പരിതഃസ്ഥിതികൾ വച്ചു നോക്കിയാൽ 299 ാം വകുപ്പുപ്രകാരമുള്ള ഒരു കുറ്റമല്ലെന്നും വധിക്കണമെന്ന ഉദ്ദേശ്യം പ്രകടമായി കാണുന്നതിനാൽ 300 ാം വകുപ്പു പ്രകാരം മരണശിക്ഷ ലഭിച്ചേക്കാവുന്ന കുറ്റമാണെന്നും സർക്കാർ വക്കീൽ വാദിക്കുന്നു. എത്ര തന്നെ പ്രകോപനമുണ്ടായാലും ഒരു വ്യക്തി മറ്റൊരു വ്യക്തിയുടെ ജീവിതത്തിനു വിരാമമിടുന്നതിനെ നിയമമനുവദിക്കുന്നില്ല. ജീവിതം ദിവ്യമാണ്. അത് ഈശ്വരദത്തവുമാണ്. ഒരു തൃണത്തപ്പോലും മുളപ്പിക്കാൻ കഴിയാത്ത മനുഷ്യൻ ഈശ്വരസൃഷ്ടികളിൽ ഏറ്റവും മഹത്വമേറിയ മനുഷ്യജീവനെ ഹനിക്കാൻ പാടില്ല. അതിനു വിരുദ്ധമായി ആരെങ്കിലും ചെയ്താൽ അവനെ തക്കശിക്ഷ അനഭവിപ്പിക്കണം എന്നാണ് സർക്കാർ വക്കീലിന്റെ പക്ഷം.

സർക്കാർ വക്കീലിന്റെ അതിഗൗരവമായ മുഖഭാവത്തോടെയുള്ള വാദത്തിന് ചുറ്റും നോക്കി പുഞ്ചിരിച്ചുകൊണ്ട് തനിക്ക് വളരെക്കുറച്ചേ പറയാനുള്ളൂ എന്ന ആമുഖത്തോടെയാണ് പ്രതിഭാഗം വക്കീൽ മറുപടി പറയുന്നത്. പ്രതി കുറ്റം ചെയ്തു എന്ന് ഇതുവരെ തെളിഞ്ഞിട്ടില്ല. മൃതദേഹമെവിടെ എന്ന ചോദ്യത്തിനും തൃപ്തികരമായ ഒരു ഉത്തരവും ലഭ്യമായിട്ടില്ല. ദഹിച്ചുപോയതാണെങ്കിൽ അസ്ഥികളെങ്കിലും ഉണ്ടായിരിക്കണം. ആയതിനാൽ തീയിൽ വീണുവെന്നോ മരിച്ചുവെന്നോ വിധിക്കുന്നത് സാഹസമായിരിക്കും. ശവം കിട്ടാത്ത അവസ്ഥയിൽ വിചാരണ നടത്തുന്നതുതന്നെ നിയമവിരുദ്ധമാണെന്ന അഭിപ്രായമാണ് പ്രതിഭാഗം വക്കീലിന്. കൃത്യം കണ്ട സാക്ഷികൾ പലരുണ്ടെന്ന വാദമാണ് പ്രോസിക്യൂഷൻ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത്. യഥാർത്ഥത്തിൽ കൃത്യം കണ്ടതായി ഒരു സാക്ഷി മാത്രമേ അവകാശപ്പെടുന്നുള്ളു. ആ സാക്ഷി മൊഴി അത്രകണ്ട് സ്വീകാര്യമല്ല. ഓന്നാമത് സാക്ഷി മൊഴിയിൽ തിയ്യതി തെറ്റിച്ചാണ് പറഞ്ഞിരിക്കുന്നത്. പ്രസ്തുത സാക്ഷി റ്റ്യൂട്ടേഴ്സ് വിറ്റ്നസ്സാണ്. രണ്ടാമത് കൃത്യം നടന്നുവെന്ന് പറയുന്ന സമയത്ത് ഇരുട്ടായിരുന്നു. ഒന്നും വ്യക്തമായി കണ്ടിരിക്കാൻ ഇടയില്ല. പോരെങ്കിൽ അയാൾ മദ്യപിച്ചിരുന്നെന്നും വിചാരിക്കാം. ഒരു ചൂളയിലെ മൂന്ന് ജോലിക്കാരിൽ രണ്ടുപേർ മാത്രം കുടിച്ചുവെന്നു വിചാരിക്കുക എളുപ്പമല്ല. ഇത്രക്കു ദുർബലമായ തെളിവിന്മേൽ ഒരു കൊലക്കേസ് നടത്താൻ പ്രോസിക്യൂഷൻ നടത്താൻ എങ്ങനെ ധൈര്യപ്പെട്ടുവെന്നു തനിക്കു മനസ്സിലാകുന്നില്ലെന്ന് പ്രതിഭാഗം വക്കീൽ അത്ഭുതപ്പെടുന്നു. ഇനി ഒരു വാദത്തിനു വേണ്ടി, പ്രസ്തുത കൃത്യം നടന്നതാണെന്ന് തന്നെ സങ്കൽപ്പിക്കുക. എന്താണിതിന്റെ പരിതഃസ്ഥിതികൾ? ക്ഷണനേരത്തെ കോപത്താൽ പ്രേരിതനായി പ്രതി മാർക്കോസിനെ കൈയേറ്റം ചെയ്തിരിക്കാം. പക്ഷേ അത്തരമൊരു കലഹം പ്രതി ആരംഭിക്കുകയില്ലെന്ന് ഉറപ്പാണ്. മാർക്കോസിന്റെ ഭാര്യയുടെ നടപടി ദൂഷ്യമാണ് കലഹ കാരണം. പ്രതി അവിവാഹിതനാണ്. അതുകൊണ്ട്, ഏതവസ്ഥയിലും അപമാനിതനായ മാർക്കോസ് കലഹമാരംഭിച്ചു എന്നാണ് പ്രതിഭാഗം

വക്കീൽ സംശയിക്കുന്നത്. പ്രതിക്ക് ആരെയും കൊല്ലണമെന്ന് ഉദ്ദേശ്യമുണ്ടായിരുന്നുവെന്ന് തെളിയിക്കാനായിട്ടില്ല. ക്ഷുഭിതമായ ഒരു മനസ്സ്, പ്രത്യേകിച്ചും കുടിച്ചിരിക്കുമ്പോൾ, ഒരു ചെറിയ കൈയ്യേറ്റത്തിന്റെ ഭവിഷത്തുകൾ വിഭാവനം ചെയ്യുവാൻ കഴിഞ്ഞെന്നു വരികയില്ല. കുറ്റത്തെ സംബന്ധിച്ച് ആകെയുള്ള തെളിവ് പ്രതിയുടെ കുറ്റസമ്മതം മാത്രമാണ്. കുറേ നാൾ ലോക്കപ്പിൽ കിടന്ന ഒരു പുള്ളിയുടെ കുറ്റസമ്മതം അത്ര വിലയുള്ളതല്ല. അതിനാൽ പ്രതി നിരപരാധിയാണെന്ന് തന്റെ വാദം സ്വീകരിക്കണമെന്ന് പ്രതിവക്കീൽ അഭ്യർത്ഥിക്കുന്നു.

ആത്മഹത്യാശ്രമത്തെക്കുറിച്ചും പ്രതിഭാഗം വക്കീൽ സംസാരിക്കുന്നുണ്ട്. നമ്മുടെ നിയമസമ്പ്രദായത്തിന്റെ പലഘട്ടങ്ങളിലും ജീവിതത്തേക്കാൾ ഭേദം മരണമാണെന്നു തോന്നുന്നത് അസാധാരണമല്ല. നിയമം പലപ്പോഴും ശിക്ഷയേക്കാളും ഭയങ്കരമാകാറുണ്ട്. തന്റെ സുഹൃത്ത് കൂടിയായ സർക്കാർ ഭാഗം വക്കീൽ പറഞ്ഞപോലെ ജീവിതം ദിവ്യമാണ്. അത് ഈശ്വരദത്തവുമാണ്. ജീവൻ നശിപ്പിക്കുന്നതു പാപം തന്നെ. മാർക്കോസിന്റേതു മാത്രമല്ല, പ്രതിയുടെതും. പ്രതി എന്തുകുറ്റം ചെയ്തിരുന്നാലും അയാൾ നന്നാകുവാനുള്ള ശിക്ഷയിലധികം ചോദിക്കുന്നതും കൊടുക്കുന്നതും പാപകരം തന്നെ. വധശിക്ഷ സമുദായം സ്വയരക്ഷയ്ക്കും നീതിന്യായ പാലനത്തിനും വേണ്ടി ചെയ്യുന്നതാണ് എന്ന് വന്നാൽ പോലും അതും വധം തന്നെയാണ്. വ്യക്തിയാണോ സമുദായമാണോ കൊലയാളി എന്ന പ്രശ്നത്തിന് പ്രസക്തി ഇല്ല. ന്യായവും നീതിയും അനുസരിച്ചു കൊല്ലാമെന്നാണു വാദമെങ്കിൽ പ്രതിയുടെ കുറ്റത്തിന്റെ പിറകിലുള്ള സാമാന്യ നീതികൂടി പരിഗണിക്കപ്പെടണം. കണ്ണിന് പകരം കണ്ണ് എന്ന നിയമം പരിഷ്കൃത മനുഷ്യന്റേതല്ല. അതു സമരരംഗത്തിന്റെ പൈശാചിക സന്തതിയാണ്. കാടത്തത്തിന്റെ അവശിഷ്ടമാണ്. ഇതാണ് പ്രതിഭാഗം വക്കീലിന്റെ വാദഗതി.

122. 'നാടകസദസ്സ്'എന്ന ലേഖനത്തിൽ ജി.ശങ്കരപ്പിള്ള പങ്കുവെക്കുന്ന നാടകാസ്വാദനത്തെ സംബന്ധിച്ച ചിന്തകൾ ക്രോഡീകരിക്കുക.

ഉ. മലയാള നാടകവേദിയുടെ വളർച്ചയ്ക്കും വികാസത്തിനും ഏറം സംഭാവനകൾ നൽകിയ നാടകാചാര്യനാണ് ജി. ശങ്കരപ്പിള്ള. നാടകത്തിന്റെ പുരോഗതി നാടക പ്രേക്ഷകരുടെ നിലവാരത്തിനനുസരിച്ചാണ് സംഭവിക്കുക എന്ന് ജി. ശങ്കരപ്പിള്ള വിശ്വസിക്കുന്നു. നാടകത്തെ നാടകമായിത്തന്നെ കണ്ട് ആസ്വദിക്കണമെന്ന വാദമണ് 'നാടകസദസ്സ്' എന്ന ലേഖനത്തിൽ ജി.ശങ്കരപ്പിള്ള മുന്നോട്ട് വയ്ക്കുന്നത്. നാടകം ഒരു ജനകീയ കലയാണെന്നും സർവ്വജനനീയമാണ് അതിന്റെ സ്വാധീനമെന്നും അതിനാൽ അത് ആസ്വദിക്കാൻ പ്രത്യേക പരിചയം ആവശ്യമില്ലെന്നും പലരും പറയുന്നുണ്ട്. എന്നാൽ നാടകാസ്വാദനം പൂർണ്ണാർത്ഥത്തിൽ സാധ്യമാക്കുന്ന എത്ര പേരുണ്ട്? കവിതയും ചിത്രകലയും സംഗീതവും സമ്പൂർണ്ണമായി ആസ്വദിക്കാൻ അഭ്യാസം ആവശ്യമാണ് നാടകത്തിനും സവിശേഷമായ ആസ്വാദനാഭ്യാസനം വേണം.

'ശക്തിലോകകലാശാസ്ത്രസൂക്ഷ്മവേക്ഷണപാടവം, അഭ്യാസസിദ്ധിയീ മുന്നും ചേർന്നാൽ കാവ്യനിമിത്തമാം' എന്ന പ്രാചീന കാവ്യശാസ്ത്രജ്ഞന്റെ അഭിപ്രായത്തിൽ നാടകപ്രവർത്തകർ വിശ്വസിക്കുന്നു. അതിൽ ശക്തി (കാവ്യശക്തി) ഒഴിച്ച് മറ്റെല്ലാം സ്രഷ്ടാവിനും സഹൃദയനും തുല്യമായുണ്ടായിരിക്കേണ്ട ഗുണമാണെന്ന് പറയാം.

നാടകത്തിൽ ആവശ്യപ്പെടുന്നതിലധികം ഉള്ള ആഖ്യാനസ്വഭാവത്തെയും ജി. വിമർശിക്കുന്നു. 'പറയണ്ട, നടിച്ചു കാട്ടൂ' (Dont tell us; but show us) എന്ന് ബോധമുള്ള സഹൃദയനെക്കൊണ്ടു 'പറയിപ്പി'ക്കത്തക്ക തരത്തിലാണ് പല നാടകങ്ങളുടെയും രൂപരചന. പിന്നെ സംഗീതത്തിന് അമിതമായ പ്രാധാന്യം വന്നുപോയി നാടകത്തിൽ. പാട്ടുകേട്ട് തലയാട്ടി രസിക്കാനുള്ള പ്രാഥമിക ബോധം കൊണ്ടുമാത്രം നാടകം മുഴു

വനും ആസ്വദിക്കാ  മെന്ന് പലരും തെറ്റിദ്ധരിച്ചു. ഇത് നാടകത്തിന്റെ സാങ്കേതികബോധവും അനുഭവബോധവും നാടകസഹൃദയന് വേണ്ടെന്ന ധാരണയിലേക്ക് നയിച്ചു.

നാടകം ഒരു സംശ്ലിഷ്ട കലയാണ് എന്ന ധാരണ സഹൃദയന് ഉണ്ടാകണം. നാടകത്തിന്റെ വിവിധ ഘട്ടങ്ങളിൽ, വിവിധ ഘടകങ്ങളിൽ കോമളകലകൾ  പലതും അടിസ്ഥാനസ്പർശിയായ പല സഹായങ്ങളും നൽകുന്നുണ്ട്.

ജി. യെ സംബന്ധിച്ചിടത്തോളം കവിതയോട് ഏറ്റവും അടുപ്പമുള്ള ഒരു  കലാരൂപമാണ് നാടകം. ധ്വന്യാത്മകതയിൽ, വാഗ്‌രൂപചിത്രങ്ങളിൽ, ഭാവവ്യഞ്ജകത്വത്തിൽ എല്ലാം അതു പ്രകടമാണ്. അതുകൊണ്ടാവാം എക്കാലത്തും യാഥാർത്ഥ്യത്തിന്റെ ഒപ്പിയെടുക്കൽ പ്രസ്ഥാനം എത്രയൊക്കെ കടന്നാക്രമണം നടത്താൻ വ്യഗ്രതകാണിച്ചിട്ടും നാടകം അതിന്റെ മാതൃതലത്തിലേക്കു (കവിതയിലേക്ക്) മടങ്ങി ചെന്നിട്ടുള്ളത്.

നാടകരചയിതാവ്, നാടകവേദി, നാടക സഹൃദയൻ എന്നിങ്ങനെ നാടകത്തിന്റെ മർമ്മഘടകങ്ങൾ മൂന്നാണെന്ന് ലേഖകൻ ചൂണ്ടിക്കാണിക്കുന്നു. നാടകത്തിന്റെ  ഭാവഭാവനകൾ സഹൃദയനെ പ്രാപിക്കുന്നത് അരങ്ങെന്ന മാധ്യമത്തിലൂടെയാണ്. സഹൃദയൻ പൂർണ്ണമായി മുഴുകുന്നതും അതിൽ തന്നെ. നാടകവേദി എന്ന മാധ്യമത്തിന്റെ സാധ്യതകളും പരിമിതികളും ശക്തിദൗർബല്യങ്ങളും നാടകസഹൃദയൻ അറിയണം. ഇത്തരം അറിവുള്ള സഹൃദയന്മാരുടെ ഹൃദയത്തെ അപഹരിക്കാൻ കഴിയുന്ന നാടകങ്ങളേ ഉത്തമനാടകങ്ങളാകൂ. ഇത്തരം സൗഹൃദയർക്കിടയിൽ നിന്നാണ് നിരൂപകന്മാർ ഉയിരെടുക്കുന്നത്. നാടകവേദിയുടെ നിലവാരം ഉയരുന്നതും താഴുന്നതും നാടകസഹൃദയരുടെ നിലവാരത്തിനനുസരിച്ച് ആയിരിക്കും.

സമഗ്രഭാവത്തിൽ നാടകത്തെ ഉൾക്കൊള്ളാൻ കഴിയുന്ന ഒരു സദസ്സ് സ്വയംഭൂവായി ഉണ്ടാകുന്നതല്ല. നിരന്തര നാടക പരിചയത്തിലൂടെ വായിച്ചും കണ്ടുമുള്ള പരിചയത്തിലൂടെയാണ് ഇത് സാധ്യമാകുന്നത്. നാടകം അരങ്ങേറുവാൻ മാത്രം സമിതികളുണ്ടാകുന്ന രീതിവിട്ട്, നല്ല നാടകസഹൃദയന്മാർ ഉല്പന്നരാകത്തക്ക ശക്തമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ ആണ് കലാസമിതികൾ നാടകം അഭിനയിക്കുന്നതെന്ന സ്ഥിതി ഉണ്ടാകണം. ഇത്തരം ഇടപെടലുകൾ ഉത്തമ സഹൃദയരെ സൃഷ്ടിക്കാൻ അവസരം ഒരുക്കും.

# Module - 2

**തിരക്കഥ**

1. ആദ്യ മലയാള സിനിമ ഏത്?
ഉ. വിഗതകുമാരൻ (സംവിധാനം: ജെ.സി ഡാനിയേൽ 1928)
2. രണ്ടാമത്തെ മലയാള സിനിമ?
ഉ. മാർത്തണ്ഡവർമ്മ (സംവിധാനം: സുന്ദർരാജ് 1933)
3. മലയാളത്തിലെ ആദ്യത്തെ ശബ്ദിക്കുന്ന സിനിമ?
ഉ. ബാലൻ (സംവിധാനം: നൊട്ടാണ് 1938)
4. മലയാള സിനിമയുടെ പിതാവ് എന്നറിയപ്പെടുന്നത്?
ഉ. ജെ.സി ഡാനിയേൽ
5. ദക്ഷിണേന്ത്യയിലെ ആദ്യ സിനിമ?
ഉ. കീചകവധം (1917)
6. സിനിമയാക്കിയ ആദ്യ സാഹിത്യ കൃതി?
ഉ. സി.വി. രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മ എന്ന നോവൽ
7. കേരളത്തിലെ ആദ്യത്തെ സിനിമ പ്രദർശനശാല
ഉ. ദി കാപ്പിറ്റോൾ (തിരുവനന്തപുരം)
8. മലയാളത്തിലെ ആദ്യ റിയാലിസ്റ്റിക് (യഥാതഥ) സിനിമ?
ഉ. ന്യൂസ്പേപ്പർ ബോയ് (സംവിധാനം: പി. രാമദാസ് 1955)
9. മലയാളത്തിലെ ആദ്യ കളർ ചിത്രം?
ഉ. കണ്ടംബെച്ചകോട്ട് (1961)
10. കേരളത്തിലെ ആദ്യ ഫിലിം സൊസൈറ്റി?
ഉ. ചിത്രലേഖ ഫിലിം സൊസൈറ്റി
11. മലയാള സിനിമയ്ക്ക് അവാർഡ് ഏർപ്പെടുത്തിയ വർഷം?
ഉ. 1969
12. എം.ടി വാസുദേവൻ നായരുടെ ആദ്യത്തെ സിനിമ?
ഉ. മുറപ്പെണ്ണ് (1965)
13. മലയാളത്തിൽ ഒരു വനിത സംവിധാനം ചെയ്ത ആദ്യ സിനിമ?
ഉ. നിഴലാട്ടം (സംവിധായക: നടി ഷീല)
14. ശബ്ദമിശ്രണത്തിന് ഓസ്കർ അവാർഡുനേടിയ മലയാളി?
ഉ. റസൂൽ പൂക്കുട്ടി (സിനിമ: സ്ലംഡോഗ് മില്ല്യണയർ)
15. സിനിമയിൽ ഏറ്റവും ഉയരം കുറഞ്ഞ നായകനെന്ന നിലയിൽ ഗിന്നസ് ബക്കിലിടം നേടിയ മലയാളി താരം?
ഉ. അജയകുമാർ (ഉണ്ടപ്പക്രു)
16. 1954 ൽ പുറത്തിറങ്ങിയ 'നീലക്കുയിൽ' എന്ന സിനിമയ്ക്കു തിരക്കഥ തയ്യാറാക്കിയത്?
ഉ. ഉറൂബ് (പി.സി. കുട്ടികൃഷ്ണൻ)
17. ആദ്യമായി ഭരത് അവാർഡ് നേടിയ മലയാള നടൻ?
ഉ. പി.ജെ ആന്റണി (സിനിമ: നിർമ്മാല്യം)
18. എം.ടി. വാസുദേവൻ നായരുടെ 'പള്ളിവാളും കാൽച്ചിലമ്പും' എന്ന കഥയെ ആസ്പദമാക്കി അദ്ദേഹം തന്നെ സംവിധാനം ചെയ്ത സിനിമയാണ്

ഉ. നിർമ്മാല്യം

19. മലയാളത്തിലെ ആദ്യത്തെ രാഷ്ട്രീയ സിനിമ?

ഉ. കബനീ നദി ചുവന്നപ്പോൾ (സംവിധാനം: പി.എ ബക്കർ)

20. രാഷ്ട്രപതിയുടെ വെള്ളിമെഡൽ നേടിയ ആദ്യ മലയാള ചിത്രം?

ഉ. നീലക്കുയിൽ (സംവിധാനം: പി. ഭാസ്ക്കരൻ 1954)

21. രാഷ്ട്രപതിയുടെ സ്വർണ്ണമെഡൽ നേടിയ ആദ്യ മലയാള ചിത്രം?

ഉ. ചെമ്മീൻ (സംവിധാനം: രാമുകാര്യാട്ട് 1965)

22. മലയാള സിനിമയ്ക്ക് നൽകുന്ന സമഗ്രസംഭാവനകൾക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ പുരസ്കാരമാണ്

ഉ. ജെ.സി ഡാനിയേൽ പുരസ്കാരം

23. പശ്ചാത്തല സംഗീതം പൂർണ്ണമായി ഒഴിവാക്കി നിർമ്മിച്ച മലയാള സിനിമ?

ഉ. കൊടിയേറ്റം (സംവിധാനം: അടൂർ ഗോപലകൃഷ്ണൻ)

24. സിനിമയുടെ തറവാട്ടിൽ മൂപ്പനുസരിച്ച് തിരക്കഥാകൃത്തിന് ----------- സ്ഥാനമാണ് ലോകമൊട്ടുക്കും അംഗീകരിച്ചുകൊടുത്തിട്ടുള്ളത്.

ഉ. മൂന്നാം കൂറിന്റെ

25. എം.ടി.യുടെ അഭിപ്രായത്തിൽ, സിനിമാതാരങ്ങൾ (അഭിനേതാക്കൾ) ചലച്ചിത്രത്തിന്റെ ------ ആണ്.

ഉ. വ്യാഖ്യാതാക്കൾ

26. 'നോവലിസ്റ്റു തന്നെ നോവലിന്റെ തിരക്കഥയെഴുതണം. എന്നിട്ട് നോവലിസ്റ്റ് തന്നെ അത് സംവിധാനം ചെയ്യണം' ഈ അഭിപ്രായം ആരുടേതാണ്?

ഉ. ബർണാഡ്ഷായുടേത്

27. സ്ക്രീൻപ്ലേക്ക് ദൃശ്യനോവലുകലുടെ (Visual Novels) രൂപം നൽകുകയെന്ന പരീക്ഷണം നടത്തിയ രണ്ട് എഴുത്തുകാരുടെ പേരെഴുതുക?

ഉ. ആർതർ മില്ലറും ഏലി കസാനും

28. ആദ്യത്തെ എക്സ്പ്രഷനിസ്റ്റ് സിനിമ ഏത്?

ഉ. കാബിനറ്റ് ഓഫ് ഡോക്ടർ കലിഗരി

29. കാബിനറ്റ് ഓഫ് ഡോക്ടർ കലിഗരിയുടെ തിരക്കഥ രചിച്ചത് ആര്?

ഉ. കാൾമേയറും ഹാൻഡ് ജോനോവിറ്റ്സും

30. ലിയാം ഓപ്ലാഹർട്ടിയുടെ 'ഇൻഫോർമർ' സിനിമയാക്കിയത് ആര്?

ഉ. ജോൺ ഫോർജഡ്

31. ത്രോൺ ഓഫ് ബ്ലഡ് ആരുടെ സിനിമയാണ്?

ഉ. അകിരോ കുറസോവ

32. 'ചലച്ചിത്രകലയിലെ ഷേക്സ്പിയർ' എന്ന് എം.ടി. വിശേഷിപ്പിക്കുന്നത് ആരെ?

ഉ. അകിരോ കുറസോവയെ

33. പി. പത്മരാജൻ ജനിച്ചത് എന്ന്? എവിടെ?

ഉ. 1945 മെയ് 21 ന് ആലപ്പുഴ ജില്ലയിലെ മുതുകുളത്ത്

34. പി. പത്മരാജന്റെ പ്രസിദ്ധീകരിക്കപ്പെട്ട ആദ്യ രചന ഏത്?

ഉ. ലോല മിൽഫോഡ് എന്ന അമേരിക്കൻ പെൺകിടാവ്

35. പി. പത്മരാജന്റെ ആദ്യ നോവൽ ഏത്?

ഉ. നക്ഷത്രങ്ങളേ കാവൽ

36. 1972 ൽ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ പത്മരാജന്റെ നോവൽ?

ഉ. നക്ഷത്രങ്ങളേ കാവൽ

37. പത്മരാജന്റെ ആദ്യ തിരക്കഥ?

ഉ. പ്രയാണം (1974)

38. പത്മരാജൻ അന്തരിച്ചത് എന്ന്? എവിടെ?

ഉ. 1991 ജനുവരി 23 ന് കോഴിക്കോട്

39. 'ഒരിടത്തൊരു ഫയൽവാൻ' റിലീസ് ചെയ്ത വർഷം?

ഉ. 1981

40. 'ഒരിടത്തൊരു ഫയൽവാൻ' നിർമ്മിച്ചത്?

ഉ. തുണ്ടത്തിൽ ഫിലിംസ്, സുരേഷ്

41. 'ഒരിടത്തൊരു ഫയൽവാൻ' സംവിധാനം ചെയ്തത്?

ഉ. പി.പത്മരാജൻ

42. 'ഒരിടത്തൊരു ഫയൽവാൻ' എന്ന സിനിമയുടെ എഡിറ്റിംഗ് നിർവ്വഹിച്ചത്?

ഉ. പി. പത്മരാജൻ

43. 'ഒരിടത്തൊരു ഫയൽവാൻ' എന്ന സിനിമയ്ക്ക് സംഗീതം നിർവ്വഹിച്ചത്?

ഉ. ജോൺസൺ

44. 'ഫയൽവാൻ' എന്ന കഥാപാത്രത്തെ അവതരിപ്പിച്ച നടൻ?

ഉ. റഷീദ്

45. 'ഒരിടത്തൊരു ഫയൽവാൻ' എന്ന സിനിമയുടെ ക്യാമറ കൈകാര്യം ചെയ്തത്?

ഉ. വിപിൻ ദാസ്

46. വെടിക്കാരൻ ലൂക്കാ ഫയൽവാനെ ആർക്കാണ് പരിചയപ്പെടുത്തിക്കൊടുത്തത്?

ഉ. തയ്യൽക്കാരൻ ശിവൻപിള്ളക്ക്

47. തയ്യൽക്കാരൻ ശിവൻപിള്ള എന്ന കഥാപാത്രത്തെ അവതരിപ്പിച്ച നടൻ?

ഉ. നെടുമുടി വേണു

48. ഫയൽവാനുവേണ്ട കിളിയിറച്ചി ആരാണ് എത്തിച്ചു കൊടുത്തത്?

ഉ. വേട്ടക്കാരൻ ലൂക്കാ.

49. 'ഒരിടത്തൊരു ഫയൽവാൻ' എന്ന സിനിമയിൽ കണ്ണൻ, കാന്തി എന്നീ കഥാപാത്രങ്ങളുടെ പ്രധാന തൊഴിൽ എന്ത്?

ഉ. തവള പിടുത്തം.

50. ഫയൽവാനുമായി മൽപ്പിടുത്തത്തിന് ജോബ് കൊണ്ടുവന്നത് ആരെയാണ്?

ഉ. ആന്ദ്രൂപ്പുലി എന്ന ഫയൽവാനെ

51. ജോബവും ഫയൽവാനും തമ്മിലുള്ള പോരാട്ടത്തിൽ ആരാണ് സ്വയം വിധികർത്താവായി നിന്നത്?

ഉ. വെടിക്കാരൻ ലൂക്കാ

52. 'ഈ അവസരം പാഴാക്കുന്നവർ പിന്നീട് ദുഃഖിക്കേണ്ടിവരും'–ഏത് അവസരം?

ഉ. ഫയൽവാനും ആന്ദ്രൂപ്പുലിയും തമ്മിലുള്ള ഗംഭീര ഗുസ്തി പിടുത്തം

53. 'അങ്ങനെയൊരു ഭാഗ്യം ഒണ്ടേൽ, അത് ഈ നാട്ടീപ്പെട്ട ഒരു പെണ്ണിനു കെടക്കട്ടെ'– ശിവൻപിള്ള സൂചിപ്പിച്ച ഭാഗ്യം എന്താണ്?

ഉ. ഫയൽവാന്റെ ഭാര്യയാകുക എന്ന ഭാഗ്യം.

54. ചക്കരയെ വിവാഹം കഴിച്ചത് ആര്?

ഉ. ഫയൽവാൻ

55. 'ഏതായാലും ഫയൽവാനു പെണ്ണിനെ വല്യകാര്യമാ' ഏതു പെണ്ണിനെ?

ഉ. ചക്കരയെ

56. ഫയൽവാനു തീറ്റ കൊടുക്കാൻ പണത്തിന് ഭാര്യ ചക്കര കണ്ടെത്തിയ മാർഗം എന്തായിരുന്നു?

ഉ. കൈയ്യിലുള്ള സ്വർണ്ണാഭരണങ്ങൾ വിൽക്കുക

57. ഫയൽവാൻ നാട്ടിലേക്ക് തിരിച്ചു വരുന്നതിന്റെ ലക്ഷ്യം എന്തായിരുന്നു?

ഉ. തന്റെ ഭാര്യയെക്കുറിച്ച് കേട്ട അനിഷ്ട കാര്യങ്ങൾ ശരിയാണോ എന്ന് അറിയലാണ് ഫയൽവാന്റെ മടങ്ങിവരവിന്റെ ലക്ഷ്യം

58. വീടുവിട്ടുപോകുമ്പോൾ ഫയൽവാൻ ഭാര്യയെ ഓർമ്മിപ്പിച്ച കാര്യം എന്ത്?

ഉ. ഒരു ഫയൽവാന്റെ ഭാര്യയുടെ നിഷ്ഠകൾ ഓർമ്മവേണം എന്ന്

59. 'ഒരിടത്തൊരു ഫയൽവാൻ' എന്ന സിനിമയുടെ കഥയുടെ സവിശേഷത എന്ത്?

ഉ. മനുഷ്യബന്ധങ്ങളുടെ സങ്കീർണതകളും വൈകാരിക അവസ്ഥകളും രതിയും പ്രതികാരവും ചേർന്ന ഒരു ഗ്രാമീണ കഥയാണ് പി. പത്മരാജന്റെ 'ഒരിടത്തൊരു ഫയൽവാൻ' എന്ന സിനിമ.

60. 'ഒരിടത്തൊരു ഫയൽവാൻ' എന്ന സിനിമയ്ക്ക് ലഭിച്ച അംഗീകാരങ്ങൾ എന്തെല്ലാം?

ഉ. കോലാലംപൂരിൽ നടന്ന 27 ാമത് ഏഷ്യൻ ഫിലിം ഫെസ്റ്റിവലിൽ ഏറ്റവും നല്ല ചിത്രത്തിനും ഏറ്റവും നല്ല തിരിക്കഥയ്ക്കുമുള്ള സ്വർണ്ണട്രോഫികളും കേരള ഫിലിം ക്രിട്ടിക്സ് അസോസിയേഷന്റെ മികച്ച തിരക്കഥക്കുള്ള സമ്മാനവും നേടി.

62. പി.പത്മരാജന്റെ പ്രധാന തിരക്കഥകൾ പരിചയപ്പെടുത്തുക

ഉ. പ്രയാണം, പെരുവഴിയമ്പലം, ഒരിടത്തൊരുഫയൽവാൻ, കള്ളൻ പവിത്രൻ, നവംബറിന്റെ നഷ്ടം, അപരൻ, നമുക്ക് പാർക്കാൻ മുന്തിരിത്തോപ്പുകൾ, ഇതാ ഇവിടെ വരെ, കാണാമറയത്ത്, ദേശാടനക്കിളി കരയാറില്ല, തൂവാനത്തുമ്പികൾ, ഈ തണുത്ത വെളുപ്പാൻ കാലത്ത്, ഞാൻ ഗന്ധർവ്വൻ.

63. പത്മരാജൻ എഴുതിയ പ്രധാന നോവലുകൾ ഏവ?

ഉ. ഉദകപ്പോള, പെരുവഴിയമ്പലം, ശവവാഹനവും തേടി, വാടകയ്ക്കൊരു ഹൃദയം, നക്ഷത്രങ്ങളേ കാവൽ, പ്രതിമയും രാജകുമാരിയും

64. പത്മരാജന്റെ പ്രധാന ചെറുകഥകൾ

ഉ. അപരൻ, പ്രഹേളിക, പൂക്കണ്ണട, കരിയലക്കാറ്റുപോലെ, കൈവഴിയുടെ തെക്കേയറ്റം

65. തിരക്കഥ എന്നാൽ എന്ത്?

ഉ. ചലച്ചിത്രത്തിന്റെ സാഹിത്യ രൂപമാണ് തിരക്കഥ. ചിത്രനിർമ്മാണത്തെ സഹായിക്കുന്ന മാർഗരൂപം കൂടിയാണിത്. തിരശ്ശീലയിൽ പ്രദർശിപ്പിക്കുന്ന കഥ എന്നും തിരക്കഥയെ വിശേഷിപ്പിക്കാം.

66. തിരക്കഥ രചനയിൽ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ എന്തെല്ലാം?

ഉ. തിരക്കഥ സീനുകളായാണ് രചിക്കപ്പെടുന്നത്. ചിത്രലേഖനസമയത്ത് (Shooting) ചിത്രപേടകത്തിൽ (Camera) പതിപ്പിക്കാവുന്ന ഒരു കൂട്ടം ഷോട്ടുകളാണ് സീൻ. ഒരു കഥാന്തരീക്ഷത്തിൽ നടക്കുന്ന ക്രിയാസന്ദർഭത്തിന്റെ തുടർചലനങ്ങളാണ് സീൻ. ഒരു സീനീൽ അനേകം ഫ്രെയിമുകൾ അടങ്ങിയിരിക്കും. തിരക്കഥാകൃത്ത് ഈ ഫ്രെയിമുകളെക്കുറിച്ച് രചനാ സമയത്ത് ബോധവാനാകണം. ഛായാഗ്രാഹകന് ഫ്രെയിമുകളെ സ്റ്റോറി ബോർഡിന്റെ സഹായത്താൽ മനസ്സിലാക്കാനും പകർത്താനും സാധിക്കും.

അതിനുപറ്റുന്ന തരത്തിൽ അതായത് ക്യാമറയിൽ പകർത്താവുന്ന തരത്തിലാണ് തിരക്കഥയുടെ ഭാഷ ഉണ്ടാകേണ്ടത്. നോവലോ നാടകമോ രചിക്കുന്നതിൽ നിന്നും തീർത്തും വ്യത്യസ്തമാണ് തിരക്കഥയുടെ ഭാഷയും ശൈലിയും. കഥനടക്കുന്ന സ്ഥലം അകം/പുറം എന്ന് വേർതിരിക്കണം. സമയവും (ഉദാ: രാത്രി, പകൽ) സ്ഥലവും (വീടിന് പുറത്ത്, ഓഫീസിന് അകത്ത്) തിരക്കഥയിൽ സ്പഷ്ടമാക്കണം. ഒരു സീനിൽ നിന്ന് മറ്റൊരു സീനിലേക്കുള്ള മാറ്റം (Jump) സ്വാഭാവികമായിരിക്കണം.

67. പുതിയ മീഡിയത്തിലേക്ക് കഥ പകർത്തുമ്പോൾ തിരക്കഥാകൃത്ത് എന്തൊക്കെ ഘട്ടങ്ങളാണ് ശ്രദ്ധിക്കേണ്ടത്?

ഉ. പ്രകടവും മൂർത്തവുമായ ചലനം, അദൃശ്യമെങ്കിലും സംവേദനക്ഷമമായ മാനസികചലനം, വാക്ക്, ശബ്ദം, നിശ്ശബ്ദത, സംഗീതം പ്രേക്ഷകന് സ്വന്തം മനസ്സിന്റെ അറയിൽ വച്ചു സൃഷ്ടി നടത്താൻ വിടുന്ന വിടവുകൾ എന്നീ ഘടകങ്ങൾ വച്ചുകൊണ്ടാണ് തിരക്കഥകൃത്ത് പുതിയ മീഡിയത്തി ലേക്ക് കഥ പകർത്തുന്നത്.

68. ബർഗ്മാൻ മഹാകവി തന്നെ എന്ന് എം.ടി അഭിപ്രായപ്പെടുന്നത് എന്തുകൊണ്ട്?

ഉ. സ്ക്രീൻപ്ലേ ഒരുതരം മൂന്നാംകിട സാഹിത്യവുമായി കരുതിയിരുന്ന കാലമുണ്ടായിരുന്നു. ഇന്ന് അതിനു മാറ്റം വന്നു. സ്ക്രീൻപ്ലേ ഇന്ന് ഏറെ വായനക്കാരുള്ള സാഹിത്യവിഭാഗമായി പരിണമിച്ചു. കുറോസോവയുടെയും ബർഗ്മാന്റെയും സ്ക്രീൻപ്ലേകൾക്കു സാഹിത്യകൃതികളിൽ നിന്ന് താഴത്ത് സ്ഥാനം നൽകാൻ ആരും ധൈര്യപ്പെടില്ല. ബർഗ്മാൻ ജീവിതത്തിന്റെ ഗതിവിഗതികളെയും വൈകാരിക ബന്ധങ്ങളിലെ ജീർണ്ണതകളെയും ഗ്രീഷ്മരാവിന്റെ വികാരഭേദങ്ങളുമായി ബന്ധപ്പെടുത്തുമ്പോഴറ്റ അവിടെ സിനിമ അല്ലെങ്കിൽ സാഹിത്യം കാവ്യാത്മകതയുടെ ഉന്നത മേഖലയിലെത്തുന്നു. മരണം കറുത്ത ഉടയാടയണിഞ്ഞ് ഭടനുമായി ചതുരംഗം കളിക്കാനിരിക്കുന്ന രംഗം സങ്കൽപിച്ചു ബർഗ്മാൻ മഹാകവി തന്നെ എന്നാണ് എം.ടി.യുടെ അഭിപ്രായം.

69. 'ഇൻഫോർമർ' എന്ന സിനിമയുടെ പ്രമേയം എന്ത്?

ഉ. ഇരുപത് പവനുവേണ്ടി ഒളിവിലുള്ള തന്റെ പഴയ കൂട്ടുകാരൻ ഫ്രാങ്കിയെ ഒറ്റിക്കൊടുക്കുന്ന ഗൈപ്പോവിന്റെ ധർമ്മസങ്കടമാണ് 'ഇൻഫോർമറി'ന്റെ പ്രമേയം.

70. സ്ക്രീൻപ്ലേ എഴുത്തുകാർ ശ്രദ്ധിക്കേണ്ടതായി എം.ടി. നിർദ്ദേശിക്കുന്ന അടിസ്ഥാനകാര്യങ്ങൾ എന്തെല്ലാം?

ഉ. 1. താൻ എഴുതുന്ന – അത് തന്റേതാവാം, മറ്റുള്ളവരുടെതാവാം – പ്രമേയത്തിന്റെ ചൈതന്യവും ആഴവും കണ്ടറിയുക.

2. തന്റെ കഥാപാത്രങ്ങൾക്കു തന്റേതായ ചില മാനങ്ങൾ (Dimensions) നൽകുക.

3. ഫോസ്റ്ററുടെ തരംതിരിവിനനുസരിച്ചുള്ള ഒഴുക്കൻ (Flat) കഥാപാത്രങ്ങളെ ത്രിമാന (Round) കഥാപാത്രങ്ങളാക്കുക.

4. വാക്കുകളെ മാത്രം ആശ്രയിക്കുന്ന കഥാപാത്രങ്ങൾ കുറേ കഴിയുമ്പോൾ സംസാരിക്കുന്ന യാന്ത്രങ്ങളാകുന്നു. പറയാത്ത വാക്കുകളിലൂടെ ഒതുക്കിയ വികാരങ്ങളിലൂടെ അവരുടെ മനസ്സിന്റെ വാതിൽ തുറക്കുമ്പോൾ അവർ പ്രേക്ഷകരുടെ മുന്നിൽ ജ്വലിക്കുന്നുവെന്ന സത്യത്തിൽ നിന്നു മുതലെടുക്കുക.

5. സംസാരിക്കുമ്പോൾ വാക്കുകൾക്കിടയിലെ ചെറിയ വിടവുകളിലൂടെയും സംസാരിക്കുക.

6. ഏറ്റവും പ്രധാനമായി സിനിമ എന്ന മാധ്യമത്തിനകത്തു നിന്ന് സംവിധായകനുമായി ആത്മൈക്യം വന്നു പ്രവർത്തിക്കുക. ഇതാണ് സ്ക്രീൻപ്ലേ എഴുത്തുകാർ ശ്രദ്ധിക്കേണ്ട അടിസ്ഥാന കാര്യങ്ങളായി എം.ടി. പരിഗണിക്കുന്നത്.

71. തവള പിടുത്തത്തിനിടെ കണ്ണൻ കാന്തിയുടെ തലയ്ക്ക് കിഴുക്ക് കൊടുത്തത് എന്തിന്?

ഉ. പിടിച്ച തവളകളെ എല്ലാം കാന്തിയുടെ കൈയ്യിലുള്ള ചാക്കിനകത്തേക്ക് ഇട്ടുകൊടുക്കുന്നു. അല്പനേരം കഴിഞ്ഞാണ് കണ്ണനറിയുന്നത് കാന്തിയുടെ കൈയ്യിലുള്ള ചാക്കിന്റെ അടിഭാഗം ഓട്ടയാണെന്ന്. അതുവരെയുള്ള അധ്വാനം വിഫലമാക്കിയതിനാണ് കണ്ണൻ കാന്തിയുടെ തലക്കിട്ടു കിഴുക്കിയത്. സിനിമയിലെ ഓപ്പണിംഗ് സീനാണ് ഇത്.

72. 'കൃത്യം പറയണേല് ഇനിയിപ്പോ തോടെണ്ണണം. എന്തേലും അറിഞ്ഞിങ്ങു തന്നാമിത' സന്ദർഭമേത്?

ഉ. വെടിക്കാരൻ ലൂക്കാ കൊണ്ടുവന്ന ഫയൽവാനെ തയ്യൽക്കാരൻ ശിവൻപിള്ളക്ക് പരിചയപ്പെടുത്തുന്നു. ഇതിനിടയിൽ അടുത്തുള്ള മുറുക്കാൻ കടയിലേക്ക് ഫയൽ നോക്കുന്നത് തയ്യൽക്കാരൻ കാണാനിടയായി. ബീഡിയോ മുറുക്കാനോ വേണമെങ്കിൽ അവിടുന്നു സ്വയം എടുക്കാൻ ശിവൻപിള്ള സമ്മതം നൽകി. എന്നാൽ ഫയൽവാൻ കടയിൽ നിന്ന് ഒന്നിനുപിറകെ ഒന്നൊന്നായി പത്തുപതിനഞ്ചു മുട്ട എടുത്തു പൊട്ടിച്ചുകഴിച്ചു. ഇതുകണ്ട് അതിശയപ്പെട്ട് അടുത്തെത്തിയ ശിവൻപിള്ളയോട് എത്രയായി എന്ന് ഫയൽവാൻ ചോദിച്ചു. മറുപടിയായി ശിവൻപിള്ളപറയുന്നതാണിത്. കൃത്യമായ കണക്കുകിട്ടാൻ മുട്ടത്തോട് എണ്ണി നോക്കണം. എന്തെങ്കിലും കണ്ടറിഞ്ഞു നൽകിയാൽ മതിയെന്നാണ് ശിവൻപിള്ളയുടെ നിർദ്ദേശം.

73. 'നിങ്ങളിങ്ങനെ നോക്കിക്കൊണ്ടു നിൽക്കാൻ തുടങ്ങിയാൽ അദ്ദേഹത്തിനൊരു വൈഷമ്യമായിത്തീരുംന്ന് പറയ്കാരുന്നു' –ആർക്ക് വിഷമമുണ്ടാകുമെന്നാണ് പറയുന്നത്.

ഉ. തന്റെ കടയിലെത്തിയ ഫയൽവാനെ കാണാൻ ആളുകൾ കൂട്ടംകൂടി നിൽക്കുന്നതുകണ്ട ശിവൻപിള്ള നാട്ടുകാരോടു വിളിച്ചു പറയുന്നതാണിത്. ഫയൽവാൻ കുറച്ചു ദിവസം തന്റെ കൂടെ ഉണ്ടാകുമെന്നും അപ്പോൾ അദ്ദേഹത്തെ ഇനിയും കാണണമെന്നും അദ്ദേഹം കൂടി നിന്നവരോടു പറയുന്നു. അതുകേട്ട് ജനം പിരിഞ്ഞു പോകുന്നു.

74. 'എന്നാപ്പിന്നെ കടിക്കുന്ന പട്ടിയെ വളർത്തി നിർത്താരുന്നല്ലോ'– സന്ദർഭം വിശദമാക്കുക

ഉ. തയ്യൽക്കാരൻ ശിവൻപിള്ളയുടെ കടയിൽ അകത്ത് രണ്ട് ബെഞ്ച് പിടിച്ചിട്ട്, അതിന്മേൽ ചെരിഞ്ഞു കിടന്നുറങ്ങുകയാണ് ഫയൽവാൻ. അതും നോക്കി താടിക്കു കൈയ്യും കൊടുത്തിരിക്കുന്നു ശിവൻപിള്ള. അപ്പോൾ കടയിലേക്ക് കയറിവന്ന ഒരു സ്ത്രീ താൻ തന്ന ബ്ലൗസിന്റെ കഴുത്ത് ഇറക്കം ശരിയാക്കിയോ എന്ന് അന്വേഷിക്കുന്നു. ഫയൽവാൻ അകത്ത് ഉറങ്ങുന്നതിനാൽ ഉച്ചത്തിൽ സംസാരിക്കരുതെന്നു ശിവൻപിള്ള വിലക്കുന്നു. ഫയൽവാൻ വന്നതിനാൽ അല്പം തിരക്കാണെന്നും രണ്ടു ദിവസം കഴിഞ്ഞു തരാമെന്നും ശിവൻപിള്ള അറിയിക്കുന്നു. സ്ത്രീ ശിവൻപിള്ളയോട് കയർത്തുസംസാരിക്കാൻ തുടങ്ങിയപ്പോൾ ഫയൽവാൻ ഉണർന്നു തലചെരിച്ചു നോക്കി. ഇതുകണ്ട് പേടിച്ച സ്ത്രീ കടയിൽ നിന്ന് ഇറങ്ങി നടക്കാൻ തുടങ്ങി. പോകുന്ന പോക്കിൽ അവർ തിരിഞ്ഞു നിന്ന് പറയുന്ന സംഭാഷണമാണിത്.

75. 'ദൈവം തന്ന ശരീരം പൊന്നുപോലെ വെച്ചു സൂക്ഷിക്കുന്നവരാ ഫയൽവാന്മാര്' – സന്ദർഭമേത്?

അല്ലെങ്കിൽ

76. ഫയൽവാന് താമസിക്കാൻ സ്ഥലം ശരിയായത് എവിടെ? എങ്ങനെ?

ഉ. നല്ല വെടിയിറച്ചിയും കക്കയിറച്ചിയും കിട്ടുന്ന നാട്ടുപ്രദേശം തനിക്കു നന്നായി പിടിച്ചെന്നു ഫയൽവാൻ പറഞ്ഞപ്പോൾ ശിവൻപിള്ള അയാൾക്ക് നാട്ടിൽ താമസിക്കാൻ പറ്റിയ സ്ഥലം കണ്ടെത്താനുള്ള ആലോചനയിലായി. കണ്ണന്റെ വീട്ടിൽ താമസിപ്പിക്കാനാണ് ശിവൻപിള്ള തീരുമാനിച്ചത്. അതിനായി കണ്ണനെയും അച്ഛനെയുമൊക്കെ വശത്താക്കാൻ ശ്രമിക്കുകയാണ്, ശിവൻപിള്ള. കണ്ണനും കാന്തിയും തവളപിടുത്തത്തിന് പോകുന്നതിനാൽ രാത്രി ആളില്ലാത്തപ്പോൾ കണ്ണന്റെ അച്ഛന് ഒരു കൂട്ടാകും എന്നാണ് മേസ്തിരി പറഞ്ഞത്. കൂടാതെ പലതും പറഞ്ഞ് കണ്ണനെയും അച്ഛനെയും മോഹിപ്പിക്കുകയാണ് ശിവൻപിള്ള. സാധാരണ ഫയൽവാന്മാരു വന്നാൽ സ്ഥലത്തെ പ്രമാണിമാരു റാഞ്ചികൊണ്ടുപോകലാ പതിവ്. ഇപ്പോൾ ഫയൽവാന്മാർ നേരിട്ട് വന്ന് കയറിയതാ ഇവിടെ? ഫയൽവാൻ വിചാരിച്ചാൽ കാശിനും പഞ്ഞമൊന്നുമുണ്ടാകില്ല. കള്ളുകുടി, പുകവലി, പൊടിവലി എന്നിവയൊന്നും ഫയൽവാന് ഇല്ല. മൂന്നുനേരം കുശാലായിട്ടു തിന്നും വ്യായാമം ചെയ്തും ദൈവം തന്ന ശരീരം പൊന്നുപോലെ സൂക്ഷിക്കുന്നവരാണ് ഫയൽവാന്മാർ. ദൈവികത്വം ഉള്ളവരാണ് അവർ. അവരു താമസിച്ചാൽ അതിന്റെയൊരു പുണ്യം ഈ മണ്ണിനു തന്നെ ഉണ്ടാകും എന്നൊക്കെയാണ് ശിവൻ പിള്ള കണ്ണനെയും അച്ഛനെയും പറഞ്ഞു വിശ്വസിപ്പിച്ചത്.

77. 'ഇന്നു മൊതല് ഫയൽവാൻ നേരിട്ടൊന്നും ചെലവാക്കണ്ടാ, ചെലവെല്ലാം ഞാൻ വഹിക്കും. പിന്നെ കാശും കൊറഞ്ഞോണ്ടു വരികാണല്ലോ?'– ശിവൻപിള്ളയുടെ ഈ പ്രസ്താവനക്കു പിറകിലെന്ത്?

ഉ. എങ്ങുനിന്നോ തന്റെ നാട്ടിലെത്തിയ ഫയൽവാനെ ഏറ്റെടുത്തു 'മൽപിടുത്തം' നടത്തി കുറച്ചു പേരും പണവും ഉണ്ടാക്കാമെന്ന് ശിവൻപിള്ള കരുതുന്നു. ആശിച്ചപോലെ ഉടനെ തന്നെ ഫയൽവാനക്കൊണ്ട് ഉടൻ ഒരു മൽപിടുത്തം സംഘടിപ്പിക്കാൻ ശിവൻപിള്ളയ്ക്ക് ഒരു അവസരം ലഭിക്കുകയും ചെയ്യുന്നു. അതിന്റെ ആവേശം കൊണ്ടാണ് ഈ പ്രസ്താവനയ്ക്ക് ശിവൻപിള്ള തയ്യാറാകുന്നത്.

78. 'ഇപ്പഴാ എനിക്ക് ഫയൽവാന്റെ പാകം പിടികിട്ടയത്. ഇനിയിപ്പം ഞാൻ നോക്കിക്കോളാം ഫയൽവാന്റെ കാര്യങ്ങള്'–ആർക്ക് എപ്പോഴാണ് ഫയൽവാന്റെ രുചിയുടെ പാകം പിടികിട്ടിയത്.

ഉ. കണ്ണന്റെ അച്ഛൻ വേലൂഞ്ഞിന്റെ പ്രസ്താവനയാണിത്. ഫയൽവാന്റെ താമസം വേലൂഞ്ഞിന്റെ പുരയിലാണ്. ഒരു ദിവസം അയൽവാസിയായ കാർത്തിയുടെ കോഴിയെ ഫയൽവാൻ കൊന്നു കറിവെക്കാൻ വേലൂഞ്ഞിനെ ഏൽപ്പിക്കുന്നു. നല്ല ഉഷാറായി വേലൂഞ്ഞ് കോഴി പൊരിച്ചുകൊ ടുത്തു. ഫയൽവാൻ തിന്നുന്നത് കണ്ടപ്പോൾ വേലൂഞ്ഞ് അഭിമാനത്തോടെ പറയുന്നതാണിത്.

79. 'ഇരുപത് – ഇരുപത്തിയഞ്ച് രൂപയെങ്കിലും തരാതെ ഞാൻ ഒരുത്തനേം വിടുകേല്ല! ഫയൽവാനേയും ഭീമസേനനേം ഒന്നും എനിക്ക് പേടിയില്ല'– ആരുടെ വെല്ലുവിളിയാണിത്? എന്തിനാണ് പണം ആവശ്യപ്പെടുന്നത്?

ഉ. അയൽവാസി കാർത്തിയുടെ കോഴി താൻ താമസിക്കുന്ന വീടിന്റെ മുറ്റത്ത് ഉലാത്തുന്നതുകണ്ട ഫയൽവാന്റെ വായിൽ വെള്ളമൂറി. ഒരൊറ്റ അടിക്ക് അതിനെ കൊന്ന് ഫയൽവാൻ വേലൂഞ്ഞിന്റെ കൈയ്യിൽ കൊടുത്തു. വേലൂഞ്ഞും ഫയൽവാനും അത് പൊരിച്ചുതിന്നുന്നതിനിടെ കാർത്തി കോഴിയെ തിരഞ്ഞ് അവിടെ എത്തി. തന്റെ കോഴി കട്ടു

കൊന്നുതിന്നുന്നതറിഞ്ഞ കാർത്തി വേലൂഞ്ഞിനെ ചീത്തവിളിച്ചു. തനിക്ക് കോഴിയുടെ കാശ് ഇപ്പോൾ തന്നെ വേണമെന്ന് കാർത്തി ആവശ്യപ്പെട്ടു. പതിനഞ്ചു രൂപ ചോദിച്ചിട്ടു കൊടുക്കാതെ നിർത്തിയതാണ് കാർത്തി ആ കോഴിയെ ഏതായാലും ഇനി ഇരുപത് – ഇരുപത്തിയഞ്ച് രൂപയെങ്കിലും വേണമെന്നും അതു തരാതെ ഒരുത്തനേം വിടുകയില്ല എന്ന് കാർത്തി വെല്ലുവിളിച്ചു. ഫയൽവാനെയും ഭാമസേനനെയുമൊന്നും തനിക്ക് പേടിയില്ലെന്നും കാർത്തി തുറന്നടിക്കുന്നു. കോഴിയുടെ കാശ് മേസ്തിരി ശിവൻപിള്ള യിൽ നിന്നും വാങ്ങിക്കാൻ ഫയൽവാൻ കാർത്തിയോട് സമാധാനം പറഞ്ഞപ്പോഴാ ണ് കാർത്തിയുടെ ഒച്ചപ്പാട് ഒന്നവസാനിച്ചത്.

80. ‘ഞാൻ വണ്ടി സ്റ്റാർട്ടാക്കാം, പിടിച്ചു നിർത്താവോ?’ ആരുടെ വെല്ലുവിളിയാണിത്? സന്ദർഭമേതാണ്?

അല്ലെങ്കിൽ

81. ‘ഞാൻ കൊണ്ടുവരും ഇതിനേക്കാൾ വല്യ ഫയൽവാനെ‘ – ജോബ് ഇങ്ങനെ വെല്ലുവി ളിക്കാനിടയായ സാഹചര്യമെന്ത്?

ഉ. ഒരിക്കൽ ജോബ് തന്റെ വാഹനവുമായി റോഡിലൂടെ വരുമ്പോൾ ശിവൻപിള്ളയും വെടിക്കാരൻ ലൂക്കായും വഴിമുടക്കി നിന്നു. ജോബിന്റെ ഭള്ള് കുറക്കലായിരുന്നു അവ രുടെ ഉദ്ദേശ്യം. എന്നാൽ ഹോണടിച്ചിട്ടും അവർ വഴിമാറാത്തതുകണ്ട് ജോബ് വണ്ടി വേഗം കൂട്ടി എടുത്തു. ഭയന്ന് വഴിമാറാനേ മേസ്തിരിക്കും വെടിക്കാരനും നിവൃത്തിയു ണ്ടായിരുന്നുള്ളു. പിന്നീടൊരിക്കൽ തന്റെ തയ്യൽക്കടയ്ക്കപ്പുറം ജോബ് വണ്ടി നിർത്തി ഇറങ്ങുമ്പോൾ മേസ്തിരി അവനുമായി കോർത്തു. ക്ഷണം നേരം കൊണ്ട് വാടാപോടാ വിളികൾ പോർവിളിയിലേക്ക് വഴിമാറി. ഫയൽവാന്റെ ഒറ്റയടിക്ക് ജോബും അവന്റെ പാട്ടവണ്ടിയും പപ്പടമാകുമെന്ന മേസ്തിരിയുടെ വാദത്തെ ജോബ് എതിർത്തു. ‘ഇവൻ എട്ടോഴ്സ് പവ്വറ് സാധനമാ. . ഇവന്റെ കാറ്റടിച്ചാൽ വരെ പറപറക്കും’ എന്നു ജോബ് തിരിച്ചടിച്ചു. എങ്കിൽ അതൊന്നു കാണണമല്ലോ എന്നായി മേസ്തിരി. അവർ തമ്മിൽ ബെറ്റുവെച്ചു. ആളുകൾ കൂടി. തന്റെ വണ്ടി പിടിച്ചു നിർത്തിയാൽ താൻ അവിടെ വെച്ച് തന്റെ മീശവടിക്കാമെന്നു ജോബ് പ്രഖ്യാപിച്ചു. അങ്ങനെയെങ്കിൽ താൻ തോറ്റാൽ മൊ ട്ടയടിക്കാമെന്ന് മേസ്തിരിയും പ്രഖ്യാപനം നടത്തി. വെടിക്കാരൻ ലൂക്കായെ വിധികർ ത്താവാക്കി മത്സരം ആരംഭിച്ചു. ജോബിന്റെ വാഹനം ഫയൽവാൻ ഒരുവിധം പിടിച്ചു നിർത്തുകയും ചെയ്തു. പരാജയപ്പെട്ട ജോബിന് ശിവൻപിള്ള മാപ്പ് നൽകിയെങ്കിലും അവനത് ഇഷ്ടപ്പെട്ടില്ല. പൂച്ചപ്പൂടപോലുള്ള ആ മീശയും വെച്ചാണ് അവൻ വലിയ ആളു കളിച്ചു നടക്കുന്നതെന്നും താനായിട്ട് അത് ഇല്ലായ്മ ചെയ്യുന്നില്ലെന്നും മേസ്തിരി പരി ഹസിച്ചുവിട്ടി. അവിടെയുള്ളതിനേക്കാൾ വലിയ ഫയൽവാനെ താൻകൊണ്ടുവരുമെന്ന് അതേ നാട്ടിൽ വെച്ച് തന്നെ ആ തടിയനെ മലർത്തിയടിപ്പിച്ചില്ലെങ്കിൽ തന്റെ അപ്പൻ വേറെയാണെന്നും വെല്ലുവിളിച്ചാണ് ജോബ് അവിടം വിട്ടത്.

82. ‘അത് എല്ലാ ഫയൽവാന്റേം വിധിയാ‘ ഈ പ്രസ്താവനയുടെ സാരം എന്ത്?

ഉ. ഒരു ഫയൽവാനെ കൊണ്ടുവരുമെന്നും തോൽപ്പിക്കുമെന്നുള്ള ജോബിന്റെ വെല്ലുവിളി കാര്യമായിത്തന്നെയാണ് ശിവൻപിള്ള ഏറ്റെടുത്തത്. ജോബ് കൊണ്ടുവരുന്ന ഫയൽ വാനെ തറപറ്റിക്കാനുള്ള തയ്യാറെടുപ്പുകൾക്ക് അദ്ദേഹം തന്റെ ഫയൽവാനെ പ്രാപ്ത നാക്കുന്നതാണ് സന്ദർഭം. വാശിപറഞ്ഞിട്ട് ഒടുവിൽ തോറ്റു മാനക്കേടുണ്ടാക്കരുതെന്ന് അയാൾ ഫയൽവാനെ ഉണർത്തിക്കുന്നു. മുന്നൂറ് രൂപ ഫീസും കൊടുത്ത് ജോബ് കൊണ്ടുവരുന്ന ഫയൽവാൻ ഒത്തിരി കേട്ടുകേൾവി ഉള്ളവനാണെന്ന മേസ്തിരിയുടെ

അഭിപ്രായത്തോട് ഫയൽവാനും യോജിക്കുന്നു. ഒരിക്കൽ ബാംഗ്ലൂരിൽ വെച്ച് സീനിയർ ഫയൽവാനായ അയാളുമായി അടിച്ചപ്പോൾ താൻ തോറ്റുപോയതാണെന്ന് ഫയൽവാനിൽ നിന്ന് കേട്ട മേസ്തിരി പകച്ചുകൊണ്ട് അയാളെ നോക്കി. സീനിയറും ജൂനിയറും ഒന്നും നാട്ടുകാരുടെ അടുത്ത് ചെലവാകില്ലെന്നും തോറ്റാൽ പിന്നെ മാനം നഷ്ടപ്പെട്ട് പുറത്തേക്ക് തലപൊക്കി നടക്കി നടക്കാൻ ഫയൽവാനു സാധിക്കില്ലെന്നും മേസ്തിരി തുറന്നടിച്ചപ്പോൾ എല്ലാ ഫയൽവാന്മാരുടെയും വിധി അതുതന്നെയാണെന്ന് ഫയൽവാൻ പറയുന്നു. വരാനിരിക്കുന്ന ഫയൽവാൻ തന്നോട് തോറ്റാൽ അതോടെ അയാളുടെ പേരും പെരുമയും തീരുമെന്നും പിന്നെ തെണ്ടുകയോ നാടുവിടുകയോ ഒക്കെ ചെയ്യുകയേ നിവൃത്തിയുള്ളു. പിടുത്തത്തിൽ തോറ്റപ്പോൾ ഭ്രാന്തുപിടിക്കുകയും കാലൊടിച്ചു കളയുകയും തൂങ്ങിച്ചത്തവരും ഒക്കെ ഫയൽവാന്മാർക്കിടയിൽ ഉണ്ടെന്ന് ഫയൽവാൻ വിശദീകരിച്ചത് മേസ്തിരിയും വേലൂഞ്ഞും അമ്പരപ്പോടെയാണ് കേട്ടത്.

83. 'ഏതായാലും ഫയൽവാന് പെണ്ണിനെ വല്യ കാര്യമാ' കാർത്തി ഇങ്ങനെ അഭിപ്രായപ്പെടാനിടയായ സാഹചര്യമേത്?

ഉ. ആന്ധ്രപ്പുലിയുമായുള്ള മൽപിടുത്തം ജയിച്ചതോടെ ഫയൽവാന് നാട്ടിൽ പേരും പെരുമയും കിട്ടി. ഇനി ഈ നാടുവിട്ടുപോകേണ്ടെന്നും പെണ്ണുകെട്ടി കൂടണമെന്നും ശിവൻപിള്ളയുടെ നേതൃത്വത്തിൽ നാട്ടുകാർ ഫയൽവാനോട് ആവശ്യപ്പെട്ടു. തന്റെ മകൾ ചക്കരയെ ഫയൽവാനു കൊടുക്കണമെന്ന താത്പര്യം കാർത്തിക്ക് ഉണ്ട്. അത് ശിവൻപിള്ളയോട് പങ്കുവെക്കുന്നതാണ് സന്ദർഭം. മത്സരം ജയിച്ചുവന്ന ഫയൽവാൻ ചക്കരക്ക് പാരിതോഷികമായി വല്ലതും തിന്നാനെന്ന് പറഞ്ഞ് പത്തുരൂപ നൽകിയത് അദ്ദേഹത്തിന് ചക്കരയോടു വലിയ താത്പര്യം തോന്നിയതുകൊണ്ടാണെന്ന് കാർത്തി അഭിപ്രായപ്പെടുന്നു. മേസ്തിരി ഒന്നു ഫയൽവാനോടു ഇക്കാര്യം സംസാരിക്കണമെന്ന് കാർത്തി ചട്ടം കെട്ടുന്നു.

84. 'ഫയൽവാന് ബ്രഹ്മചര്യം പ്രധാനമാ!' സന്ദർഭം എഴുതുക

ഉ. കാർത്തിയുടെ ആവശ്യപ്രകാരം മേസ്തിരി ശിവൻപിള്ള ഫയൽവാനുമായി വിവാഹക്കാര്യം ചർച്ച ചെയ്യുന്നതാണ് സന്ദർഭം. പോരിൽ ജയിച്ചതിനാൽ ഇനി ഒത്തിരി ഫയൽവാന്മാർ വന്നു തുടങ്ങുമെന്നും അതിനാൽ താമസിക്കാൻ നല്ലൊരു വീടുവേണമെന്നും ശിവൻപിള്ള ഫയൽവാനെ ഉപദേശിക്കുന്നു. നല്ലപോലെ ആഹാരം വച്ചുതരാനും എണ്ണയിട്ടുഴിയാനും ചുണയും കൊഴുപ്പുമുള്ളൊരു പെണ്ണ് ഉണ്ടാകുന്നത് നല്ലതാണെന്നും അദ്ദേഹം പറയുന്നു. വിവാഹം ചെയ്യേണ്ട പ്രായത്തിൽ വിവാഹിതനായില്ലെങ്കിൽ പിന്നെ അന്വേഷിച്ചു ചെല്ലുമ്പോൾ തനിക്കുണ്ടായപോലെ പെണ്ണുകിട്ടാത്ത അവസ്ഥ വരുമെന്ന് ശിവൻപിള്ള ഓർമ്മിപ്പിക്കുന്നു. ഇതെല്ലാം കേട്ട ഫയൽവാൻ പറയുന്നതാണ് പ്രസ്തുത കാര്യം. 'പക്ഷെ, മേശ്ശിരീ, ഫയൽവാന് ബ്രാഹ്മചര്യം പ്രധാനമാ!' ഫയൽവാനു മാത്രമല്ല എല്ലാവർക്കും ബ്രാഹ്മചര്യം പ്രധാനമാണെന്നും അത് അങ്ങനെത്തന്നെ ഇരുന്നോട്ടെയെന്നും വല്ലപ്പോഴും അതൊന്നു ലംഘിച്ചാൽ മതിയെന്നുമാണ് മേസ്തിരി അതിനു മറുപടി പറഞ്ഞത്. ഒടുവിൽ കാർത്തിയുടെ മകൾ ചക്കരയുമായുള്ള ഫയൽവാന്റെ കല്ല്യാണം മേസ്തിരി ഉറപ്പിക്കുകയും ചെയ്തു.

85. 'ഇനീം മാപ്പിള അമ്പലത്തീക്കേറീന്ന് പറഞ്ഞ്, എല്ലാരും കൂടെ എന്നെ തല്ലിക്കൊല്ലൂം കൂടെ വേണമായിരിക്കും' ആരുടെ വാക്കുകളാണിത്?

ഉ. ഫയൽവാനുമായുള്ള തന്റെ കല്ല്യാണത്തിന് ജോബ് വരാഞ്ഞത് എന്തേ എന്ന ചക്കരയുടെ ചോദ്യത്തിന് ജോബ് പറയുന്ന ഉത്തരമാണിത്. പ്രസ്തുത വാക്യം. രണ്ടുതവണ

ഫയൽവാനുമായുണ്ടായ പോരാട്ടത്തിന്റെ ഓർമ്മ ഉള്ളതുകൊണ്ടാണ് തന്റെ പൂർവ്വകാമുകിയായിരുന്ന ചക്കരയോട് ജോബ് ഇത് പറഞ്ഞത്. കൂടാതെ ചക്കര തന്നെ ഒഴിവാക്കി ഫയൽവാനെ വിവാഹം കഴിച്ചതിന്റെ പിണക്കവും അവന്റെ വാക്കുകളിലുണ്ട്.

86. 'എന്നാലും ചക്കരയ്ക്ക് അതാരുന്ന ചേർച്ച' കണ്ണൻ എന്ത് ചേർച്ചയാണ് ഉദ്ദേശിച്ചത്?

ഉ. ജോബും ചക്കരയും ഇഷ്ടത്തിലാണെന്ന കാര്യം കണ്ണന് അറിയാം. ജോബിന് പകരം ചക്കര ഫയൽവാനെ വരിച്ചത് കണ്ണന് ഇഷ്ടമായില്ല. ഒരു ചേർച്ചയും ഇല്ലെന്നാണ് കണ്ണന്റെ അഭിപ്രായം. ജോബു തന്നെയാണ് ഫയൽവാനെക്കാൾ നല്ലതെന്നാണ് കണ്ണൻ അവളോട് പറയാൻ ഉദ്ദേശിച്ചത്.

87. 'ഒത്തുപിടിക്കാൻ എന്നെ കിട്ടുകേല്ല. ഗുസ്തി ദൈവികത്വമുള്ള സംഗതിയാ'–ഫയൽവാൻ ഇങ്ങനെ പറയാൻ കാരണമെന്ത്?

അല്ലെങ്കിൽ

88. 'വല്യ പുലീം കരടീം ഒന്നും വേണ്ട, ഇച്ചിരെ തടീം മിടുക്കും ഒക്കെയുള്ള ഏതെങ്കിലും ഒരു ചോട്ടാ ഫയൽവാനെ കിട്ടിയാമതി'

ഉ. ആന്ധ്രപ്പുലിയുമായുള്ള മൽപ്പിടുത്തത്തിനു ശേഷം ഫയൽവാനു പുതിയ മത്സരങ്ങളൊന്നും ഒത്തു വന്നില്ല. ഫയൽവാനുള്ള ചെലവിനും കൊടുത്തു ശിവൻപിള്ളക്ക് മടുത്തു തുടങ്ങി. കാടയിറച്ചിയും തിന്ന് കഴിഞ്ഞാൽ മതിയോ ആരെയെങ്കിലുമൊക്കെ വരുത്തി ഒന്നു മലർത്തിയടിക്കേണ്ടേ എന്ന ശിവൻപിള്ളയുടെ ചോദ്യത്തിനു ഗുസ്തിയുടെ കാലം പോയെന്നും ആരും ഗുസ്തിയിൽ താത്പര്യം കാണിക്കുന്നില്ലെന്നും ഫയൽവാൻ വിഷാദത്തോടെ മറുപടി പറഞ്ഞു. അതും പറഞ്ഞിരുന്നിട്ട് കാര്യമില്ലെന്നാണ് ശിവൻപിള്ളയുടെ പക്ഷം. അങ്ങുമിങ്ങുമായി ആരെയെങ്കിലും ഫയൽവാൻമാരായിട്ട് കാണും. വലിയ പുലിയും കരടിയുമൊന്നും വേണ്ട. കുറച്ച് തടിയും മിടുക്കും ഒക്കെയുള്ള ഏതെങ്കിലും ഒരു ഛോട്ടാ ഫയൽവാനെ കിട്ടിയാൽ മതി. അങ്ങനെ ആരെയെങ്കിലും കിട്ടിയാൽ ആദ്യമേ പറഞ്ഞുവച്ച് ചെറിയൊരു തുകയും കൈയ്യിൽ വെച്ചുകൊടുക്കണം. എന്നിട്ട് ചുമ്മാ അങ്ങ് പിടിച്ചാൽ മതി. ശിവൻപിള്ളയുടെ ഈ നിർദ്ദേശത്തോട് യോജിക്കാൻ ഫയൽവാനായില്ല. ഒത്തുപിടിക്കാൻ തന്നെ കിട്ടുകയില്ലെന്ന് അയാൾ പറഞ്ഞു ദൈവികത്വമുള്ള സംഗതിയാണ് ഗുസ്തി എന്നാണ് ഫയൽവാന്റെ പക്ഷം.

89. 'അതൊക്കെ ഇപ്പോക്കാണാപ്പാഠമാ. അഡ്രസ്സൊന്നു പറഞ്ഞു തന്നാമതി'– എന്താണ് കാണാപ്പാഠമായിട്ടുള്ള വിഷയം'.

ഉ. കുറേക്കാലമായി ഫയൽവാനുമായി ഗുസ്തിപിടിക്കാൻ ആരും തിരക്കി വരാത്തതിനാൽ ഫയൽവാന്മാരെ ഇങ്ങോട്ട് വിളിക്കാനുള്ള ശ്രമം ശിവൻപിള്ള തുടങ്ങി. മുമ്പ് കുറച്ചുപേർക്ക് ക്ഷണിച്ചുകൊണ്ട് കത്ത് എഴുതിയിരുന്നെങ്കിലും ഒരു മറുപടിയും ഉണ്ടായില്ല. അവസാനമായി ഒരു വട്ടം കൂടി ശ്രമിച്ചുനോക്കാമെന്ന് ശിവൻപിള്ള കരുതുന്നു. കണ്ണൂർ, തലശ്ശേരി ഭാഗത്തൊരു ഫയൽവാൻ ഉണ്ടെന്ന് അറിഞ്ഞപ്പോൾ അയാൾക്കൊരു കത്തെഴുതാമെന്ന് ശിവൻപിള്ള നിർദ്ദേശിച്ചതിനെത്തുടർന്ന് ഫയൽവാൻ കത്തിന്റെ ആരംഭമായി പതിവ് പോലെ ശംഖ് വരച്ചോ എന്നു തിരക്കി അതൊക്കെ താൻ പണ്ടേ റെഡിയാക്കി വച്ചിരിക്കുന്നുവെന്ന് ശിവൻപിള്ള അറിയിച്ചു. കത്തിന്റെ ഉള്ളടക്കം പറയാൻ ഫയൽവാൻ ശ്രമിച്ചപ്പോഴാണ് അതൊക്കെ തനിക്ക് കാണാപ്പാഠമാണെന്നും അഡ്രസ്സു പറഞ്ഞുതന്നാൽ മതിയെന്നും ശിവൻപിള്ള ആവശ്യപ്പെട്ടത്.

90. 'ഇങ്ങോട്ടാരും വന്നില്ലേല്, എവിടേയും പോയി പിടിച്ചു കാശൊണ്ടാക്കി കൊണ്ടുവരാൻ പറയെടി! ഇല്ലേപ്പോയി കൂലിവേല ചെയ്യട്ടെ! തടിയൊണ്ടല്ലോ'

ഉ. ഗുസ്തി പിടുത്തമില്ലാതെ നടക്കുന്ന ഫയൽവാൻ കാർത്തിക്ക് ഒരു ഭാരമായി തുടങ്ങിയിരുന്നു. വെറുതേ തിന്നു മുടിക്കുകമാത്രമാണ് അയാൾ ചെയ്യുന്നത് എന്നാണ് കാർത്തിയുടെ അഭിപ്രായം. അയാൾക്കു ചെലവുകൊടുക്കുന്നതിനു പണം ശിവൻപിള്ള തരുമായിരുന്നു. വന്നുവന്നു അയാളും കൈമലർത്താൻ തുടങ്ങിയിരിക്കുന്നു. ഒരു ദിവസം ഫയൽവാൻ പുറത്തുപോകാനൊരുങ്ങിയപ്പോൾ കുറച്ച് തേയിലയും പഞ്ചസാരയും തിരിച്ചുവരുമ്പോൾ വാങ്ങിവരണമെന്ന് കാർത്തി ആവശ്യപ്പെട്ടു. ഇല്ലെങ്കിൽ കാലത്തു ചായ കുടിക്കാനാവില്ലെന്നും അറിയിച്ചു. ഇത് ഫയൽവാനെയും ഭാര്യ ചക്കരയേയും ചൊടിപ്പിക്കുകയുണ്ടായി. തന്റെ ഭർത്താവിന് ഗുസ്തി പിടിക്കാൻ ആരും വരാത്തതിനാലാണ് നിലവിലെ സാമ്പത്തിക പ്രതിസന്ധി എന്ന് ചക്കര അമ്മയോട് പറഞ്ഞു. ഇങ്ങോട്ട് വന്നില്ലെങ്കിൽ എവിടെയെങ്കിലും പോയി മത്സരിച്ചു കാശുകൊണ്ടു വരാൻ ഭർത്താവിനോടു പറയണം എന്ന് കാർത്തി നിർദ്ദേശിച്ചു. ഇല്ലെങ്കിൽ തന്റെ കോഴികളെ തിന്നുണ്ടാക്കിയ തടിയുണ്ടല്ലോ അതുകൊണ്ടു കൂലിപ്പണി ചെയ്ത് പണമുണ്ടാക്കട്ടെ എന്നും കാർത്തി ദേഷ്യത്തോടെ അറിയിച്ചു.

91. 'ഈയൊരു സംഗതി നമ്മളു രണ്ടുപേരല്ലാതെ ഒരുത്തൻ അറിയരുത്'– സംഗതി എന്ത്?
അല്ലെങ്കിൽ

92. 'എന്നെ ആ പെണ്ണുമ്പിള്ള വന്നു തല്ലിക്കൊല്ലും. അതീഭേദം ഞാനൂടെ കൂടെ വരാം. എന്നെയീ നാട്ടീ അപകടപ്പെടുത്തീട്ട് പൊയ്ക്കളയല്ലേ' ആരുടെ അഭ്യർത്ഥനയാണിത്?

ഉ. ഗുസ്തി പിടുത്തത്തിന് പുതിയ ആളെ കിട്ടാതെ വന്നപ്പോൾ ഫയൽവാൻ നാടുവിടാനൊരുങ്ങുന്നു. പക്ഷേ അയാൾ പോയാൽ പിന്നെ തിരിച്ചു വന്നേക്കില്ല എന്ന ഭയം ശിവപിള്ളയ്ക്കുണ്ട്. മറ്റൊരു നാട്ടിൽ അയാൾക്ക് ഭാര്യയുള്ള രഹസ്യം ശിവൻപിള്ള ഫയൽവാൻ പറഞ്ഞ് മനസ്സിലാക്കിയിട്ടുണ്ട്. ആദ്യമേ അക്കാര്യം അറിയാതെയാണ് ശിവൻപിള്ള ചക്കരയെ ഫയൽവാനെക്കൊണ്ട് കൊണ്ടു വിവാഹം കഴിപ്പിച്ചത്. അവളുടെ അമ്മ കാർത്തി ഇതറിഞ്ഞാൽ ഉണ്ടായേക്കാവുന്ന വിപത്തു ശിവൻപിള്ള ആലോചിക്കാനേ വയ്യ. അതോർത്താണ് അയാൾ ഫയൽവാനോട് പ്രസ്തുത അഭ്യർത്ഥന നടത്തുന്നത്.

93. ഇനി മുതൽ ഒറ്റ മാക്രികളെയും കൊല്ലുന്നില്ലെന്ന് കണ്ണൻ പറയാനുള്ള കാരണമെന്തായിരുന്നു?

ഉ. തവളകളെ കൊല്ലാതെ പിടിച്ചുവളർത്താനാണ് തങ്ങളുടെ പദ്ധതിയെന്ന് കണ്ണൻ ചക്കരയെ അറിയിക്കുന്നു. വളർത്തി വലിയ മുട്ടന്മാരായി മാറിയാൽ നാട്ടിലുള്ള പെമ്പിള്ളാരെ ഓരോരുത്തരെ മാക്രിയെക്കൊണ്ടു വിവാഹം കഴിപ്പിക്കലാണ് അവരുടെ ലക്ഷ്യം.

94. 'അവർ ക്ഷമ ചോദിക്കും പോലെ കണ്ണനെ നോക്കി' ആര്? ക്ഷമ ചോദിക്കാനുണ്ടായ സാഹചര്യം എന്ത്?

ഉ. അയൽവാസിയായ കണ്ണനെ കാർത്തി ഒരു വിവാഹത്തിനു പ്രേരിപ്പിക്കുന്നു. തന്റെ മകൾ ചക്കരയെ കണ്ണനെ കൊണ്ട് പുനർവിവാഹം ചെയ്യിപ്പിക്കാൻ കാർത്തി ആഗ്രഹിക്കുന്നു. കണ്ണന്റെയും കാർത്തിയുടെയും വിവാഹക്കാര്യം സംബന്ധിച്ച സംഭാഷണം വീട്ടിനകത്ത് ഇരുന്ന് ചക്കര കേൾക്കുന്നുണ്ടായിരുന്നു. കണ്ണനെക്കൊണ്ട് തന്നെ ഉടൻ വിവാഹം കഴിപ്പിക്കും എന്നുറപ്പായ സാഹചര്യത്തിൽ ചക്കര ഇടപെടുന്നു. കണ്ണനെ തന്റെ ചത്തുപോയ മകൻ ഗോപാലകൃഷ്ണനെപ്പോലെയാണ് പരിഗണിക്കുന്നതെന്നും കണ്ണന്റെ നന്മയാണ് തന്റെ ലക്ഷ്യമെന്നുമുള്ള അമ്മയുടെ പറച്ചിൽ കള്ളത്തരമാണെന്ന് ചക്കര തുറന്നടിക്കുന്നു. ഏതെങ്കിലും അമ്മ ഗർഭിണിയായ ഒരു പെണ്ണിനെ സ്വന്തം മക

ന്റെ തലയിൽ വച്ചുകെട്ടിക്കൊടുക്കുമോ എന്ന് ചക്കര ചോദിക്കുന്നു. താൻ ഗർഭിണി ആയതിനാൽ കണ്ണന്റെ തലയിൽ കെട്ടിവെക്കുകയാണ് തന്റെ അമ്മ എന്നും ചക്കര തുറന്നു പറയുന്നു. താൻ ഗർഭിണിയാണെന്ന സത്യം ചക്കര യാതൊരു സങ്കോചവുമില്ലാതെ കണ്ണനെ രക്ഷപ്പെടുത്താനായി അവരുടെ മുമ്പാകെ വെളിപ്പെടുത്തുന്നു. ഇതെല്ലാം കേട്ട് ഞെട്ടിത്തരിച്ച കണ്ണനോടാണ് ക്ഷമചോദിക്കും പോലെ കാർത്തി നോക്കുന്നത്.

95. ശിവൻപിള്ളക്ക് ഫയൽവാൻ അയച്ച കത്തിന്റെ ഉള്ളടക്കം എന്തായിരുന്നു?

ഉ. താൻ പലയിടത്തായി കറങ്ങുകയായിരുന്നുവെന്നും ഇപ്പോൾ തൊട്ടടുത്ത് ഒരിടത്തുണ്ടെന്നും 23 ാ ംതിയ്യതി വെള്ളിയാഴ്ച നാട്ടിലേക്ക് വരുമെന്നു മായിരുന്നു ഫയൽവാന്റെ കത്തിന്റെ ഉള്ളടക്കം. തന്റെ പെണ്ണിനെക്കുറിച്ച് ഏതാണ്ട് കേൾക്കാനിടയായി. കേട്ടതൊക്കെ ശരിയാണോ എന്ന് അറിയുക കൂടി വരവിന്റെ ഉദ്ദേശ്യമാണെന്നും കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

**ഉപന്യാസ മാതൃകയിലുള്ള ചോദ്യങ്ങൾ**

96. പത്മരാജന്റെ തിരക്കഥയുടെ സവിശേഷതകൾ 'ഒരിടത്തൊരു ഫയൽവാൻ' എന്ന തിരക്കഥയെ മുൻനിർത്തി പരിശോധിക്കുക.

**സൂചന**: മനുഷ്യ ജീവിതത്തിലുണ്ടാകുന്ന ബന്ധങ്ങളുടെ വൈചിത്ര്യ വിശേഷങ്ങളിലേക്കും വൈകാരികാവസ്ഥകളിലേക്കും വിരൽ ചൂണ്ടുന്ന തരത്തിൽ രചിക്കപ്പെട്ട തിരക്കഥ– എവിടെ നിന്നോ വന്ന് വളരെ പെട്ടെന്ന് ഹീറോ ആയി മാറിയ ഒരാൾ കൂടെ നിന്നവരാൽ പോലും പുറന്തള്ളപ്പെടുന്ന ദുരന്ത കഥാപാത്രമായി പരിണമിക്കുന്ന ദയനീയ സ്ഥിതി– പിടികിട്ടാത്ത നാനാർത്ഥങ്ങളുടെ ചുഴിയിൽ വീണു പിടയുന്ന മാനസികവും ശാരീരികവുമായ കടപ്പാടുകൾ– മുതലെടുപ്പിന്റെ സൗഹൃദം. (ഉദ: ഫയൽവാനെ കാർത്തിയും മേസ്തിരിയും, ചക്കരയെ ജോവും) – സിനിമയുടെ ആരംഭത്തിൽ കണ്ണൻ പിടിച്ച തവള ചാക്കിലെ ദ്വാരത്തിലൂടെ ഊർന്ന് പോകുന്ന സീൻ സിനിമയുടെ ഉള്ളടക്കത്തെ സാധൂകരിക്കുന്നതായി കാണാം.

97. 'ഒരിടത്തൊരു ഫയൽവാൻ' എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

**സൂചന**: ഒരു ഗ്രാമത്തിലേക്ക് എവിടെ നിന്നോ ഒരു ഫയൽവാൻ എത്തുന്നു– നാട്ടുകാർ ഫയൽവാനെ ഏറ്റെടുക്കുന്നു– ഗുസ്തി ഇല്ലാതായപ്പോൾ മറ്റൊരു കാര്യത്തിനും ഉപകരിക്കാത്ത ഫയൽവാനെ നാട്ടുകാർ അദ്ദേഹത്തെ തള്ളിക്കളയുന്നു– നാട്ടിൽ നിന്ന് അദ്ദേഹം എങ്ങോട്ടോ ഇറങ്ങി പോകുന്നു– സ്വന്തമായ ഇടം തേടലും നേടലും നഷ്ടപ്പെടലും ഹൃദയഭേദകമായി പത്മരാജൻ അവതരിപ്പിക്കുന്നു.

98. 'ഫയൽവാൻ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക

**സൂചന**: തിരക്കഥയിലുടനീളം ഈ കഥാപാത്രത്തിന് ഫയൽവാൻ എന്ന പേരാണ് ഉള്ളത്. സ്വന്തമായ പേരില്ല– എവിടെ നിന്നു വരുന്നു എന്നറിയില്ല–ഫയൽവാൻ എന്ന പേരിൽ പലയിടത്തും കറങ്ങലാണ് ജീവിതത്തിലൂടനീളം–ഭക്തിയും നിഷ്ഠയുമുള്ള വ്യക്തിത്വമാണ്–നിത്യവും നല്ല രീതിയിലുള്ള ഭക്ഷണവും വ്യായാമവും ഇദ്ദേഹത്തിന് നിർബന്ധമാണ്– മദ്യാപനം, പുകവലി, സ്ത്രീവിഷയം തുടങ്ങി യാതൊരു ദുശ്ശീലങ്ങളും ഇല്ല– ഫയൽവാൻ എന്ന തൊഴിലിന്റെ ഗുണവും ദോഷവും ഇയാൾക്ക് നന്നായറിയാം– ഫയൽവാനായി ജീവിക്കേണ്ടിവന്നത് തന്റെ വിധിയാണെന്ന് ഇയാൾ വിശ്വസിക്കുന്നു– സ്നേഹിച്ചവരെ സ്മരണയുള്ള കൂട്ടത്തിലാണ് ഇദ്ദേഹം. (ഉദാ: ചക്കരക്ക് പത്തു രൂപ നൽകിയതും ബീപാത്തുമ്മ എന്ന ഭാര്യയെ ഓർത്തതും.)

99. ചക്കര എന്ന കഥാപാത്രത്തിന്റെ സ്വാഭാവചിത്രീകരണം നടത്തുക.

സൂചന: തിരക്കഥയുടെ തുടക്കത്തിൽ കുസൃതിയും കൗതുകവും തുടിക്കുന്ന സ്വഭാവം–പിന്നീട് ദുരന്ത കഥാപാത്രമായി അവൾ പരിണമിക്കുന്നു. കാർത്തിയുടെ മകൾ, ജോബിന്റെ പ്രണയിനി, ഫയൽവാന്റെ ഭാര്യ, കണ്ണന്റെ അയൽവാസി ഇതാണ് ചക്കരയുടെ കഥാപാത്രരൂപീകരണത്തിന്റെ നാലതിരുകൾ– ഈ അതിരുകൾക്കുള്ളിൽ കൃത്യമായ മേൽവിലാസം സൃഷ്ടിക്കാൻ അവൾ ഏറെ പാടുപെടുന്നു– കണ്ണനോടാണ് അവൾ തുടക്കം മുതലേ കൂടുതൽ സ്വാതന്ത്ര്യത്തോടെ ഇടപഴകുന്നത്–ഫയൽവാന്റെ ഭാര്യ എന്ന പദവി നല്ല നിലയിൽ അവൾ കൊണ്ടു നടക്കുന്നു–അയാൾ വിട്ടുപോയപ്പോൾ ജോബിന്റെ കെണിയിൽ വീഴുന്നു–കണ്ണന്റെ തലയിൽ കെട്ടിവെക്കപ്പെടുമെന്നായപ്പോൾ ആ യുവാവിനെ രക്ഷിക്കാൻ താൻ രഹസ്യഗർഭം ചുമക്കുന്നവളാണ് എന്ന് പരസ്യപ്പെടുത്തുന്നു.

# Module - 3

**ആത്മകഥ, സ്മരണ**

1. എന്താണ് ജീവചരിത്രം (Biography)

ഉ. ഒരാൾ മറ്റൊരാളുടെ ജീവിതവൃത്താന്തം വായനക്ഷമമായി എഴുതുന്നതാണ് ജീവചരിത്രം. വ്യക്തിത്വമാർന്ന ഒരു കഥാരൂപമാണിത്.

2. ബയോഗ്രഫി (Biography) എന്ന പദം ആദ്യമായി ഉപയോഗിച്ചത് ആര് ? എവിടെ?

ഉ. 1683 'പ്ലൂട്ടാർക്ക്' സമാഹാരത്തിലെഴുതിയ ആമുഖത്തിൽ ഡ്രൈഡൻ എന്ന ഇംഗ്ലീഷ് സാഹിത്യകാരനാണ് ബയോഗ്രഫി എന്ന പദം ആദ്യമായി ഉപയോഗിച്ചത്.

3. ജീവചരിത്രത്തിന് ഒരു നിർവ്വചനം എഴുതുക

ഉ. കലാസൃഷ്ടി എന്ന നിലയിൽ തയ്യാറാക്കിയ ഒരു വ്യക്തിയുടെ സത്യസന്ധമായ ജീവിത രേഖയാണ് ജീവചരിത്രം എന്ന് ഹരോൾഡ് നിക്സൻ നിർവ്വചിക്കുന്നു.

4. ലക്ഷണമൊത്ത ആദ്യത്തെ ജീവചരിത്രമായി പരിഗണിക്കപ്പെടുന്ന കൃതി ഏത്?

ഉ. അമ്പതു പ്രശസ്ത വ്യക്തികളുടെ ജീവചരിത്രം ഉൾക്കൊള്ളുന്ന 'ലെവിൻ' ആണ് ലക്ഷണമൊത്ത ആദ്യ ജീവചരിത്രമായി പരിഗണിക്കപ്പെടുന്നത്. ക്രിസ്തുവർഷം 46–120 കാലങ്ങൾക്കിടയിൽ ജീവിച്ചിരുന്ന പ്ലൂട്ടാർക്ക് ആണ് ഗ്രീക്കു ഭാഷയിൽ 'ലെവിൻ' തയ്യാറാക്കിയത്. പ്ലൂട്ടാർക്കിന് മുമ്പേ കോർണീലിയസ് നിപ്പാസ് (ബി.സി 99–24) ലത്തീനിൽ ചിലരുടെ ജീവചരിത്രം എഴുതിയിട്ടുണ്ടെന്ന് പറയപ്പെടുന്നു.

5. മലയാളത്തിലെ ആദ്യ ജീവചരിത്ര കൃതി ഏത്?

ഉ. മർസിനോസ് പുരോഹിതൻ ഇറ്റാലിയൻ ഭാഷയിൽ നിന്ന് വിവർത്തനം ചെയ്ത വിശുദ്ധ ത്രേസ്യയുടെ ചരിത്ര സംക്ഷേപം 1886 ൽ ആണ് ഈ കൃതി പ്രസിദ്ധീകരിക്കപ്പെട്ടത്.

6. ആത്മകഥ എന്നാലെന്ത്?

ഉ. ഒരാളുടെ ജീവിതകഥ അയാൾ തന്നെ എഴുതുന്നതാണ് ആത്മകഥ.

7. ആത്മകഥാ രചനയുടെ ഗുണദോഷങ്ങൾ വിലയിരുത്തുക.

ഉ. സ്വന്തം ജീവചരിത്രമാണ് ആത്മകഥ. സ്മരണകളെ കൂട്ടുപിടിച്ചു ജീവിതത്തിലെ പ്രധാന സംവഭ വികാസങ്ങളെ വായനായോഗ്യമായ രീതിയിൽ പെറുക്കി പെറുക്കി വയ്ക്കുകയാണ് ആത്മകഥയിൽ രചയിതാവ് ചെയ്യുന്നത്. ഒരാളുടെ ജിവിതകഥയിൽ രചയിതാവ് ചെയ്യുന്നത്. ഒരാളുടെ ജിവിതകഥ അയാൾ തന്നെ എഴുതുന്നു എന്നതിനാൽ അനുഭവങ്ങൾ സത്യസന്ധമാകാനും ആധികാരികമാകാനും സാധ്യത കൂടുതലാണ്. എന്നാൽ സ്വന്തം ജീവിതത്തിലെ എല്ലാ സത്യങ്ങളും ആരും പൂർണ്ണമായി തുറന്നു പറയുകയില്ല എന്ന സംശയം വായനാക്കാരനു ഉണ്ടായേക്കാം. സാമൂഹിക ജീവി എന്ന നിലയിൽ ചില ജീവിതാനുഭവങ്ങൾ മറച്ചുവെയ്ക്കാൻ ആത്മകഥാകാരൻ നിർബന്ധിതനായേക്കാം. ചില രഹസ്യങ്ങൾ പരസ്യമാക്കുമ്പോൾ അതിനു പിറകിലെ എഴുത്തുകാരന്റെ ലക്ഷ്യവും ചോദ്യം ചെയ്യപ്പെട്ടേക്കാം. ഒരാളുടെ വ്യക്തിസത്തയുടെ കലാപരമായ ആവിഷ്ക്കാരമാണ് ആത്മകഥ. ആയതിനാൽ വൈകാരികവും പ്രജ്ഞാപരവുമായ രണ്ടുഘടകങ്ങൾ ആത്മകഥയിൽ ഉള്ളടക്കം ചെയ്തിരിക്കും. തന്നെ നന്നായി അവതരിപ്പിക്കണമെന്ന ത്വര എഴുത്തുകാരന്റെ വിവേചന പ്രക്രിയയെ പ്രതികൂലമായി സ്വാധീനിച്ചേക്കാം. സമചിത്തത ഏറെ ആവശ്യമായി വരുന്ന ഒന്നാണ് ആത്മകഥാ രചന അഹംബോധത്തിന്റെ മാനിഫെസ്റ്റോ ആയി ആത്മകഥ തരംതാഴാതിരിക്കാനും എഴുത്തുകാരൻ ശ്രദ്ധിക്കണം. വൈകാരികവും പ്രജ്ഞാബദ്ധവുമായ ഘടകവും തുല്യമായി ചേർക്കാൻ എഴുത്തുകാരനു കഴിയുമ്പോഴേ നല്ല ആത്മകഥ ജനിക്കൂ.

8. ആത്മകഥയും സ്മരണയും തമ്മിലുള്ള വ്യത്യാസം എന്ത്?

ഉ. സ്മരണകളും (Reniniscenes) ആത്മകവൃത്താന്ത കഥനങ്ങളും (Memmories) ആത്മകഥാ വിഭാഗത്തിൽ ഉൾപ്പെടുന്നതാണെങ്കിലും അവ തമ്മിൽ നേരിയ വ്യത്യാസങ്ങൾ ഉണ്ട്. ആത്മകഥ വൃത്താന്തകഥനങ്ങൾ സ്വന്തം ജീവിതത്തിലെ അനുഭവ സന്ദർഭങ്ങൾക്ക് പ്രാധാന്യം നൽകുമ്പോൾ സ്മരണകളി അന്യരുടെ ജീവിതം എഴുത്തുകാരന് അനുഭവപ്പെട്ടതിന്റെ വിവരണങ്ങൾക്കായിരിക്കും അദ്ദേഹം പ്രാധാന്യം കൊടുക്കുക.

9. സ്മരണകളുടെ ലക്ഷ്യം എന്ത്?

ഉ. ഒരാൾ തനിക്കു അറിയാവുന്ന വ്യക്തികളെയും നേരിട്ടു ബന്ധമുള്ള അനുഭവങ്ങളെയും പറ്റി യഥാർത്ഥ്യബോധത്തോടെ എഴുതുന്ന ഓർമ്മക്കുറിപ്പുകളാണ് സ്മരണകൾ. വ്യക്തിജീവിതത്തിന്റെ ബാഹ്യാംശങ്ങളുടെ ചിത്രീകരണമാണ് ഇവ.

10. ആദ്യത്തെ ജീവചരിത്രമായി പരിഗണിക്കപ്പെടുന്നത് ആരുടെ കൃതിയാണ്?

ഉ. പ്ലാട്ടാർക്ക്

11. പ്ലൂട്ടാർക്കിന്റെ ----- എന്ന കൃതിയാണ് ആദ്യത്തെ ജീവചരിത്രം?

ഉ. ലെവിൻ

12. മലയാളത്തിലെ ആദ്യത്തെ ജീവചരിത്ര ഗ്രന്ഥം?

ഉ. വിശുദ്ധ ത്രേസ്യായുടെ ചരിത്രസംക്ഷേപം (1886)

13. 107 ജീവചരിത്രങ്ങൾ ഉൾക്കൊള്ളുന്ന 'മഹത്ചരിത സംഗ്രഹം' പ്രസിദ്ധീകരിച്ചതാര്?

ഉ. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ (1895)

14 'കെ. ദാമോദരൻ' എന്ന ജീവചരിത്രഗ്രന്ഥം തയ്യാറാക്കിയത്?

ഉ. എം. റഷീദ്

15. ആദ്യത്തെ ആത്മകഥയായി പരിഗണിക്കുന്ന കൃതി?

ഉ. കൺഫെഷൻസ്

16. കൺഫെഷൻസ് രചിച്ചത് ആര്?

ഉ. സെന്റ് അഗസ്റ്റിൻ (ക്രി.വ. 354–430)

17. മലയാളത്തിലെ ആദ്യത്തെ ആത്മകഥ?

ഉ. ആത്മകഥ – വൈക്കത്ത് പാച്ചുമൂത്തത് (1814–1883)

18. മലയാളത്തില സാമാന്യ ലക്ഷണങ്ങളുള്ള ആദ്യ ആത്മകഥ?

ഉ. എന്റെ നാടുകടത്തൽ

19. എന്റെ നാടുകടത്തൽ എന്ന ആത്മകഥ രചിച്ചത്

ഉ. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള (1911)

20. വ്യാഴവട്ട സ്മരണകൾ എന്ന ആത്മകഥ എഴുതിയത്?

ഉ. ബി. കല്യാണിയമ്മ

21. 1978 ൽ കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയ ആത്മകഥ?

ഉ. എന്റെ ബാല്യസ്മരണകൾ (സി.അച്ചുതമേനോൻ)

22. കണ്ണീരും കിനാവും എന്ന ആത്മകഥ ആരുടേത്

ഉ. വി.ടി ഭട്ടതിരിപ്പാട്

23. 1971 ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയ ആത്മകഥ?

ഉ. കണ്ണീരും കിനാവും

24. ഓർമ്മയുടെ അറകൾ എഴുതിയത് ആര്?

ഉ. വൈക്കം മുഹമ്മദ് ബഷീർ

25. 1992 ൽ കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയ അരങ്ങു കാണാത്ത നടൻ

എന്ന ആത്മകഥ രചിച്ചത് ആര്?
ഉ. തിക്കോടിയൻ
26. പി. കുഞ്ഞിരാമൻ നായരുടെ സ്മരണ ഗ്രന്ഥത്തിന്റെ പേര്?
ഉ. എന്നെ തിരയുന്ന ഞാൻ.
27. കുട്ടികൾക്കായി മഹത്ചരിതമാല എന്ന ജീവചരിത്രമാല പ്രസിദ്ധീകരിച്ച സ്ഥാപനം?
ഉ. കൈരളി ബുക്ക്സ്
28. ജീവചരിത്ര സാഹിത്യം എന്ന ഗ്രന്ഥം രചിച്ചത്?
ഉ. ഡോ. കെ.എം. ജോർജ്
29. ജീവചരിത്ര സാഹിത്യം മലയാളത്തിൽ എന്ന ഗ്രന്ഥം രചിച്ചത്?
ഉ. നടുവട്ടം ഗോപാലകൃഷ്ണൻ
30. ജീവചരിത്ര വിജ്ഞാനകോശത്തിന്റെ എഡിറ്റർ?
ഉ. എം.പി അപ്പൻ
31 ഇവൻ എന്റെ പ്രിയ സി.ജെ. എന്ന ജീവചരിത്രം തയ്യാറാക്കിയത്?
ഉ. റോസി തോമസ്
കർമ്മ വിഭാഗം എന്ന ആത്മകഥ രചിച്ചത്?
ഉ. വി.ടി. ഭട്ടതിരിപ്പാട്
32 തന്നെ ആരും ------ എന്നുമാത്രം വിശേഷിപ്പിക്കരുതെന്ന ആഗ്രഹം മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിനുണ്ടായുരുന്നു.
ഉ. മുനാഫിഖ് (കപടൻ)
33 പത്തായപ്പുരയിലെ പത്തായങ്ങളിൽ ഏറ്റവും കരുതലോടെ പരിപാലിപ്പിക്കപ്പെട്ടത് ഏതാണ്?
ഉ. വിത്തിൻ പത്തായം
34 വിശേഷദിവസങ്ങൾ അടുക്കുമ്പോൾ അന്തർജനങ്ങളുടെ ആഭരണങ്ങൾ 'പോളിഷ്' ചെയ്യപ്പെട്ടത് എങ്ങനെ?
ഉ. പത്തായത്തിനകത്തെ കൂറ എന്ന ഒരിനം പാറ്റകൾ ആഭരണങ്ങളിലെ ചെളി മുഴുവൻ ഭക്ഷിക്കുന്നതിനാൽ ആഭരണങ്ങൾ പുത്തനായി തോന്നുമായിരുന്നു.
35 പത്തായം എന്ന സ്മരണയിൽ ദേവകി നിലയങ്ങോട് ഓർക്കുന്ന വള്ളത്തോളിന്റെ കവിത ഏത്?
ഉ. അരിപ്പിറാവ്
36 വള്ളത്തോളിന്റെ അരിപ്പിറാവ് എന്ന കവിതക്ക് പാരഡി പ്രത്യക്ഷപ്പെട്ടത് ഏത് മാസികയിൽ?
ഉ. സഞ്ജയൻ മാസിക
37 മാട്ട് എന്ന അനുസ്മരണത്തിൽ സൂചിപ്പിക്കപ്പെടുന്ന വൈരങ്കോട് ഭഗവതി ക്ഷേത്രം സ്ഥിതി ചെയ്യുന്നത് എവിടെ?
ഉ. മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ തിരുനാവായക്കടുത്ത് പല്ലാർ എന്ന ഗ്രാമത്തിൽ
38. വൈരങ്കോട് ഭഗവതി ക്ഷേത്രത്തിൽ ഉത്സവം നടക്കുന്നതെന്ന്?
ഉ. എല്ലാ വർഷവും മലയാള മാസം കുംഭം 10 ന്
39 തെക്കുംമുറി തെരുളി കുഞ്ഞിക്കോരന്റെ മകൻ താമിക്ക് ഉണ്ടായ ആഗ്രഹം എന്ത്?
ഉ. വൈരങ്കോട് വേലക്ക് കുറവനെയും കുറത്തിയെയും കെട്ടിയെഴുന്നള്ളിക്കണം എന്ന

പൂതിയാണ് താമിക്കുണ്ടായത്.

40. ആഴ്‌വാഞ്ചേരി തമ്പ്രാക്കന്മാർ താമസിക്കുന്നത് എവിടെ?

ഉ. തിരുനാവായക്കടുത്ത് ആതവനാട്ട്

41. താമിയുടെ കല്യാണത്തിന് വേണ്ട ചെലവൊക്കെ ആരാണ് വഹിച്ചത്?

ഉ. കോഹിനൂർ ബാപ്പു എന്ന ബാപ്പു മുതലാളി

42. താമിക്കും പെണ്ണിനും വിവാഹശേഷമുള്ള ആദ്യ സത്കാരം ഒരുക്കിയത് എവിടെയായിരുന്നു?

ഉ. ബാപ്പുമുതലാളിയുടെ വീട്ടിൽ

43. വേലക്ക് കൊട്ടാനുള്ള തുടി താമി സംഘടിപ്പിച്ചത് എവിടെ നിന്ന്?

ഉ. അന്നാരക്കാരൻ കുഞ്ഞിക്കിളിയനിൽ നിന്ന്

44. കുഞ്ഞിക്കോരൻ മരിക്കാൻ കാരണമന്ത്?

ഉ. ജോലി കഴിഞ്ഞ് മടങ്ങുമ്പോൾ എന്തോ കണ്ട് ഭയന്ന് ജ്വരം വന്ന്.

45. കുഞ്ഞിക്കിളിയൻ കേസ് ഏത് കോടതിയാണ് പരിഗണിച്ചത്?

ഉ. മഞ്ചേരി കോടതി

46. കുഞ്ഞിക്കിളിയൻ കൊലക്കേസ് മഞ്ചേരി കോടതിയിൽ നടക്കുമ്പോൾ അവിടെ പ്രാക്ടീസിനുണ്ടായിരുന്ന സിനിമാതാരം ആര്?

ഉ. മമ്മൂട്ടി

47. താമി, തന്റെ അച്ഛനും ഭാര്യയും കുട്ടികളും മരിക്കാനുള്ള കാരണക്കാരനായി കരുതിയത് ആര്?

ഉ. കുഞ്ഞിക്കിളിയനെ

48. കുഞ്ഞിക്കിളിയൻ തന്റെ കുടുംബത്തെ എങ്ങനെ നശിപ്പിച്ചു എന്നാണ് താമി വിശ്വസിച്ചത്?

ഉ. കടുത്ത ദുർമന്ത്രവാദം കൊണ്ട്

49. ഭാവിയിൽ താൻ ഏത് പേരിൽ അറിയപ്പെടണമെന്നാണ് കല്ലേൻ പൊക്കുടൻ ആഗ്രഹിച്ചത്?

ഉ. കണ്ടൽ പൊക്കുടൻ

50. തനിക്ക് അന്യമായി തോന്നി എന്ന് പൊക്കുടൻ സങ്കടപ്പെട്ട വിഭാഗം ഏതൊക്കെ?

ഉ. തന്റെ ഇഷ്ടപ്പെട്ട കമ്മ്യൂണിസ്റ്റ് പാർട്ടിയും പുലയ സമുദായവും

**സാഹിബ് എന്ന മനുഷ്യൻ**

**എം. റഷീദ്**

51. 'ഹീ വാസ് ഡയിഞ്ചറസ്‌ലി ഹോണസ്റ്റ്' – ആരെക്കുറിച്ചുള്ള പ്രസ്താവനയാണിത്?

ഉ. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിനെപ്പറ്റി സംസാരിക്കമ്പോഴെല്ലാം അദ്ദേഹത്തിന്റെ ശിഷ്യന്മാരിലൊരാളായ എം. ഇസ്ഹാഖ് പറയുന്നതാണ്: 'ഹീ വാസ് ഡയിഞ്ചറസ്‌ലി ഹോണസ്റ്റ്'(അയാൾ അപകടകരമാം വിധം സത്യസന്ധനായിരുന്നു)

52. അൽ–അമീൻ പ്രസ്സ് ജപ്തി ചെയ്യപ്പെടാൻ കാരണം എന്ത്?

ഉ. ഒരു കച്ചവടസ്ഥാപനത്തിൽ നിന്ന് പ്രോനോട്ട് പ്രകാരം കുറച്ചു പണം അബ്ദുറഹ്മാൻ സാഹിബ് കടം വാങ്ങിയിരുന്നു. കാലഹരണപ്പെട്ടതിനു ശേഷമാണ് പ്രോനോട്ടിനെപ്പറ്റി കച്ചവടക്കാരന് ഓർമ്മവന്നത്. തന്റെ പണം പോയതു തന്നെ എന്നുറപ്പിച്ച ആ കച്ചവടക്കാരൻ സാഹിബിനെ സമീപിച്ചു പറഞ്ഞു. 'പ്രോനോട്ട് കാലഹരണപ്പെട്ടെങ്കിലും കടം വീട്ടേണ്ട കടമ നിങ്ങൾക്കറിയില്ലേ? ഉടൻ സാഹിബ് പ്രതിവചിച്ചു. 'കാലഹരണപ്പെട്ട

നിയമത്തിൽ ഒരിക്കലും ഒരു മുസ്ലിമിനും അഭയം തേടാൻ വയ്യ. ഇപ്പോൾ എന്റെ കയ്യിൽ പണമില്ല. അതുകൊണ്ട് ഞാൻ പ്രോനോട്ട് പുതുക്കി എഴുതിത്തരാം‘ സാഹിബ് പുതുക്കി നൽകിയ പ്രോനോട്ട് പിടിച്ചുകൊടുത്ത കേസിന്റെ ഫലമായിട്ടാണ് പിന്നീട് അൽഅമീൻ പ്രസ്സ് ജപ്തി ചെയ്യപ്പെട്ടത്.

53. ‘അസത്യത്തിനെതിരെ പൊരുതാതിരിക്കുന്നതും സത്യത്തെ സഹായിക്കാതിരിക്കുന്നതും ഒരു പോലെയായതുകൊണ്ട് ഞാൻ യോഗത്തിൽ പങ്കെടുത്ത് നിങ്ങളെ എതിർക്കും’. ആർക്ക് ആരോടാണ് എതിർപ്പ്? എന്താണ് എതിർപ്പിന് കാരണം?

അല്ലെങ്കിൽ

54. ‘മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് അപകടകരമാം വിധം സത്യസന്ധനായിരുന്നു’– ഈ പ്രസ്താവനയെ സാധൂകരിക്കുന്ന ഒരു സംഭവം വിവരിക്കുക.

ഉ. കുറ്റ്യാടിയിലെ മുക്കത്ത് മൊയ്തീൻ എന്ന പണക്കാരൻ അബ്ദുറഹ്മാൻ സാഹിബുമായി വളരെ അടുപ്പത്തിലായിരുന്നു. എന്തു സഹായവും എപ്പോൾ വേണമെങ്കിലും സാഹിബിനു നൽകുന്നതിൽ സന്തോഷിക്കുന്നയാൾ. അദ്ദേഹത്തിനു വളരെ താത്പര്യമുള്ള ഒരു ചന്തയുടെ പ്രശ്നം അടുത്ത് ചേരാൻ പോകുന്ന ഡിസ്ട്രിക്ട് ബോർഡ് യോഗത്തിൽ അജണ്ടയിലുണ്ടായിരുന്നു. തന്റെ ചങ്ങാതിക്ക് താത്പര്യമുള്ള കാര്യമല്ലേ എന്നു കരുതി അക്കാലത്ത് ബോർഡ് അംഗമായ സാഹിബ് ഇതിനെപ്പറ്റി വിശദമായി അന്വേഷിച്ചു. അപ്പോഴൊരുകാര്യം ബോധ്യമായി. സത്യവും ന്യായവും തന്റെ സ്നേഹിതനും ധനികനുമായ മൊയ്തീന്റെ ഭാഗത്തല്ല. പാവപ്പെട്ടവനായ എതിരാളിയുടെ ഭാഗത്താണ്. തനിക്കനുകൂലമായ നിലപാട് എടുക്കണമെന്നഭ്യർത്ഥിച്ചപ്പോൾ, സത്യത്തിനെതിരായി നിൽക്കാൻ സാധ്യമല്ലെന്ന് സാഹിബ് തന്റെ സ്നേഹിതനോട് പറഞ്ഞു. തന്നെ അനുകൂലിക്കേണ്ടെന്നും ബോർഡ് യോഗത്തിൽ ഹാജരാവാതിരുന്നാൽ മതിയെന്നും മൊയ്തീൻ ആവശ്യപ്പെട്ടപ്പോൾ സാഹിബ് വെട്ടിത്തുറന്ന് പറഞ്ഞു: ‘അസത്യത്തിനെതിരെ പൊരുതാതിരിക്കുന്നതും സത്യത്തെ സഹായിക്കാതിരിക്കുന്നതും ഒരുപോലെയായതുകൊണ്ട് ഞാൻ യോഗത്തിൽ പങ്കെടുത്ത് നിങ്ങളെ എതിർക്കും.’ സാഹിബ് പറഞ്ഞതു പോലെ പ്രവർത്തിക്കുമെന്നും തന്മൂലം മൊയ്തീൻ ബദ്ധശത്രുവാകുമെന്നും മുൻകൂട്ടി കണ്ട ചില അനുയായികൾ തങ്ങളുടെ നേതാവ് ഡിസ്ട്രിക്ട് ബോർഡ് യോഗത്തിൽ പങ്കെടുക്കാതിരിക്കാൻ അന്നേ ദിവസം കോഴിക്കോടിന് പുറത്ത് ചില പരിപാടികൾ ആസൂത്രണം ചെയ്തു. പക്ഷേ, അതുകൊണ്ടൊന്നും ഫലമുണ്ടായില്ല. ബോർഡ് യോഗത്തിൽ പങ്കെടുത്ത സാഹിബ് മൊയ്തീനെതിരെ ശക്തമായി വാദിച്ചു. അതോടെ മൊയ്തീൻ അബ്ദുറഹ്മാൻ സാഹിബിന്റെ കടുത്ത ശത്രുവായി മാറുകയും സെൻട്രൽ അസംബ്ലി ഇലക്ഷനിൽ സാഹിബിനെതിരെ പ്രവർത്തിക്കുകയും ചെയ്തു. മൊയ്തീന്റെ യാതൊരുവിധ പരിഭ്രമമോ ദു:ഖമോ സാഹിബിന് ഉണ്ടായിരുന്നില്ല.

55. ‘സ്വന്തം സന്തതിയുടെ അകാലമരണത്തിൽ പിതാവിനുണ്ടാകുന്ന തീവ്രദുഃഖമായിരുന്നു സാഹിബിന് അപ്പോൾ‘ – എപ്പോൾ?

ഉ. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ വീട്ടിലെ വളർത്തുമൃഗങ്ങളായിരുന്നു ബെച്ചി എന്ന പുള്ളിമാനും എസ്സി എന്ന പൂച്ചയും. സാഹിബിന്റെ കാറിന്റെ ഹോൺ കേട്ടാൽ അവർ റോഡരികിലേക്ക് ഓടിയെത്തും. ടൗണിനകത്തുള്ള ചെറിയ യാത്രകളിൽ ബെച്ചി ചിലപ്പോൾ കാറിൽ സാഹിബിന്റെ സഹയാത്രികയാകാറുണ്ട്. പേപ്പട്ടിയുടെ കടിയേറ്റ് ബെച്ചി ചത്തപ്പോൾ സ്വന്തം സന്തതിയുടെ അകാലമരണത്തിൽ പിതാവിനുണ്ടാകുന്ന തീവ്രദുഃഖമായിരുന്നു സാഹിബിന്.

56. രാഷ്ട്രീയപ്രതിയോഗികളെ വിട്ടുവീഴ്ച്ചയില്ലാതെ നേരിടുമായിരുന്നെങ്കിലും മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ എതിർപ്പ് ഒരിക്കലും വ്യക്തിനിഷ്ഠമായിരുന്നില്ലെന്ന് ലേഖകൻ പറയുന്നത് എന്തുകൊണ്ട്?

ഉ. കോൺഗ്രസ്സിനകത്ത് അബ്ദുറഹ്മാൻ സാഹിബിന്റെ കടുത്ത എതിരാളി ആയിരുന്നു കെ.കേളപ്പൻ. കെ. കേളപ്പനെതിരെ സി.പി. മമ്മുക്കേയി എന്നയാൾ ഒരു കേസ് കൊടുത്തു. സാഹിബും കേളപ്പനും തമ്മിൽ കീരിയുടെ പാമ്പും പോലെ കഴിയുന്ന സമയമായിരുന്നതിനാൽ കേളപ്പനെതിരെ അബ്ദുറഹ്മാൻ സാഹിബ് സാക്ഷിപറയുമെന്ന് കേയി കരുതി. അതിനു വേണ്ടി നേരിട്ടും സ്നേഹിതന്മാർ മുഖേനയും കേയി സാഹിബിന്റെ മേൽ സമ്മർദ്ദം ചെലുത്തി. എന്നാൽ താനും കേളപ്പനും തമ്മിൽ രാഷ്ട്രീയാഭിപ്രായ വ്യത്യാസമുണ്ടെങ്കിലും വ്യക്തിപരമായി അദ്ദേഹത്തെ ഉപദ്രവിക്കാൻ താനൊരിക്കലും കൂട്ടുനിൽക്കുകയില്ല എന്ന നിലപാടാണ് സാഹിബ് സ്വീകരിച്ചത്.

57. 'തുറന്ന ശത്രുത എനിക്കിഷ്ടമാണ്'– സന്ദർഭമേത്?

ഉ. കോഴിക്കോട് മുൻസിപ്പൽ ചെയർമാൻ സ്ഥാനത്തിനു യു. ഗോപലമേനോനും കോഴിപ്പുറത്ത് മാധവമേനോനും തമ്മിൽ പിടിവലിയുണ്ടായി. ഈ രണ്ടു മേനോന്മാരിൽ സാഹിബിനെ പരസ്യമായി കൂടുതൽ ദ്രേഹിച്ചിട്ടുള്ളത് ഗോപാലമേനോനാണ്. അതുകൊണ്ട് കെ.പി.സി.സി പ്രസിഡന്റ് എന്നേ നിലയിൽ അബ്ദുറഹ്മാൻ സാഹിബിന്റെ പിന്തുണ കോഴിപ്പുറത്തിനായിരിക്കുമെന്നാണ് എല്ലാവരും കരുതിയത്. പക്ഷേ, അദ്ദേഹം ഗോപാലമേനോനെയാണ് അനുകൂലിച്ചത്. തന്മൂലം ഗോപാലമേനോൻ ചെയർമാനായപ്പോൾ അത്ഭുതം കൂറിയ സുഹൃത്തുക്കളോട് സാഹിബ് പ റഞ്ഞു. 'ശത്രുത എനിക്കിഷ്ടമാണ്'..

58. വൈക്കം മുഹമ്മദ് ബഷീർ അബ്ദുറഹ്മാനെക്കുറിച്ച് സ്മരിച്ചത് എന്തായിരുന്നു?

ഉ. വൈക്കം മുഹമ്മദ് ബഷീറിനെ അത്രയൊന്നും ആരും അറിയാതിരുന്ന കാലം. ഒരിക്കൽ കറങ്ങിത്തിരിഞ്ഞു കോഴിക്കോട്ടെത്തി അമീൻ ലോഡ്ജിന്റെ വരാന്തയിൽ കിടന്നുറങ്ങുമ്പോൾ വിളിച്ചുണർത്തി തന്റെ ഊരും പേരും ഒന്നും അന്വേഷിക്കാതെ സാഹിബ് ഭക്ഷണം തന്ന അനുഭവമാണ് ബഷീർ എഴുതിയതായി ലേഖകൻ സ്മരിക്കുന്നത്.

59. 'രണ്ടേ രണ്ടു വാക്കുകളാണ് ഞാൻ മൊഴിഞ്ഞത്. അതിന് ആ വിശിഷ്ട സ്മരണിക അങ്ങനെ വികലമാകാൻ കാരണമായതിൽ ഞാൻ ഇന്നുവരെ എനിക്ക് മാപ്പ് നൽകിയിട്ടില്ല'.

അല്ലെങ്കിൽ

60. മുഹമ്മദ് അബ്ദുറഹ്മാനെക്കുറിച്ച് കെ.എ. കൊടുങ്ങല്ലൂരിന്റെ സ്മരണ വിവരിക്കുക.

ഉ. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ വളർത്തുപുത്രനായ അബ്ദുല്ല എന്ന കെ.എ. കൊടുങ്ങല്ലൂർ കോഴിക്കോട് ജെ.ഡി.റ്റി. യിൽ പഠിക്കുന്ന കാലം. സർക്കസ് കാണണം എന്ന ഒരു പൂതി ഒരിക്കൽ കെ.എ. കൊടുങ്ങല്ലൂരിന് ഉണ്ടായിരുന്നു. ഒരു ദിവസം ഉച്ചക്കു ശേഷം ഹോസ്റ്റലിൽ ആരോടും പറയാതെ കെ.എ. കൊടുങ്ങല്ലൂർ ഹോസ്റ്റലിൽ നിന്നും പുറത്തിറങ്ങി. കല്ലായി റോഡിലെ അമീൻ ലോഡ്ജിലെത്തിയിട്ടാണ് ആ ഒളിച്ചോട്ടം നിന്നത്. ലോഡ്ജിലെ മുറിയിൽ കയറി വന്ന കെ.എ. കൊടുങ്ങല്ലൂർ സാഹിബ് കേൾക്കെ മുരടനക്കി. എന്തേ വന്ന കാര്യം എന്ന് സാഹിബ് അന്വേഷിച്ചപ്പോൾ 'സർക്കസ്' ഐന്നു മാത്രമാണ് കെ.എ. യുടെ വായിൽ നിന്നു ഉയർന്നത്. ഇക്കാര്യം അദ്ദേഹത്തോടു പറയാൻ എങ്ങനെ ധൈര്യം വന്നു എന്നോർത്ത് കെ.എ. കൊടുങ്ങല്ലൂരിന് പിന്നീടും അത്ഭുതം തോന്നിയിട്ടുണ്ട്.

സർക്കസ് കാണണം എന്ന ആവശ്യം കേട്ട സാഹിബ് പോയി നിസ്ക്കരിച്ചു വാ എന്നു കല്പിച്ചു. കെ.എ. പിന്നെ തന്റെ ആവശ്യം അറിയിച്ചു. 'നിസ്ക്കരിച്ചു വരാനല്ലേ പറഞ്ഞത്' എന്ന് സാഹിബ്. സർക്കസ്സിനിടക്കെന്ത് നിസ്കാരം എന്ന ഭാവത്തിൽ കെ.എ. അവിടെത്തന്നെ നിന്നു. സാഹിബ് ഉടൻ അകത്തെ മുറിയിൽ പോയി ഉടനെ മടങ്ങി വന്നു. 'നിന്നോടല്ലേ നിസ്കരിച്ചു വരാൻ പറഞ്ഞത്?' എന്നും പറഞ്ഞ് വടികൊണ്ട് നല്ല അടി കൊടുത്തു. കൊണ്ടോട്ടി തങ്ങൾ സ്നേഹാദരങ്ങളോടെ അദ്ദേഹത്തിനു സമ്മാനിച്ച മനോഹരമായ ആ വടിയുടെ പിടിമുറിഞ്ഞപ്പോഴാണ് അടി അവസാനിച്ചത്. ആ വിശിഷ്ട സ്മരണിക അങ്ങനെ വികലമാകാൻ കാരണമായതിൽ കെ.എ. സ്വയം മാപ്പ് നൽകിയിട്ടില്ല.

അടി കഴിഞ്ഞ് സാഹിബ് പറഞ്ഞു 'വേഗം നിസ്കരിച്ചു വാ സർക്കസ്സിനു പോകാം'. ഉടനെ മൊയ്തീൻ പള്ളിയിൽ പോയി നിസ്കാരിച്ചു മടങ്ങി വന്ന തന്നോട് അവിടെ വിളമ്പിവെച്ച ഭക്ഷണം കഴിക്കാൻ പറഞ്ഞു. അതും കഴിഞ്ഞ് കുതിരവണ്ടിയിൽ സാഹിബും കുട്ടിയും സർക്കസിനുപോയി. സർക്കസ്സിലെ അഭ്യാസങ്ങളേക്കാൾ കെ.എ. കൊടുങ്ങല്ലൂരിനെ ആശ്ചര്യപ്പെടുത്തിയത് അബ്ദുറഹ്മാൻ സാഹിബ് എന്ന മനുഷ്യനായിരുന്നു. തന്നെ അടിക്കുകയും ശേഷം സർക്കസിന് കൂട്ടിക്കൊണ്ട് പോയി തൊട്ടടുത്തിരുന്നു സർക്കസ് കാണുകയും ചെയ്ത ആ മനുഷ്യൻ: 'നമ്മുടെ ഇടയിൽ ഈ ജന്മം എങ്ങനെ ഉണ്ടായി? അജ്ഞേയമായ ആ പ്രതിഭാസത്തിന്റെ ഉദയം എങ്ങനെയുണ്ടയി?' എന്ന് കെ.എ. കൊടുങ്ങല്ലൂർ അത്ഭുതത്തോടെ സ്മരിക്കുന്നു.

61. അമീൻ ലോഡ്ജിലെ അബ്ദുറഹ്മാൻ സാഹിബിന്റെ സാധാരണ ഗതിയിലെ ദിനചര്യകൾ എന്തൊക്കെയായിരുന്നു?

ഉ. ഉണർന്നയുടനെയുള്ള പ്രഭാതകൃത്യങ്ങൾക്ക് ശേഷം ഹോട്ടലിൽ നിന്നും ഒരു ചായ വരുത്തിക്കുടിക്കും. അടിയന്തരമായി ചെയ്തു തീർക്കേണ്ട ജോലികളൊന്നുമില്ലെങ്കിൽ, നടക്കാൻ പോകും. ആ നടത്തത്തിനിടയിൽ ഏതെങ്കിലും സ്നേഹിതന്റെയോ അനുയായിയുടെയോ വീടു സന്ദർശിച്ചെന്നു വരും. പച്ചവെള്ളത്തിൽ കുളികഴിഞ്ഞ ശേഷം പ്രാതൽ കഴിക്കും. ലോഡ്ജിൽ തന്നെയിരുന്നു ജോലിയെടുക്കുന്ന ദിവസമാണെങ്കിൽ പതിനൊന്ന് മണിക്ക് ഒരു ചായ കുടിക്കും. ഉച്ചഭക്ഷണത്തിന് മുമ്പേ ളുഹ്റ് നിസ്കാരം. ഒരു മണിക്ക് ചോറും മീൻ കറിയും ഒരു പച്ചക്കറിക്കൂട്ടാനുമടങ്ങിയ ഉച്ചഭക്ഷണം. ആരോഗ്യദൃഢഗാത്രനായിരുന്നെങ്കിലും കിട്ടുന്നതൊന്നും വാരിവലിച്ചു തിന്നുന്ന സ്വഭാവം സാഹിബിന് ഉണ്ടായിരുന്നില്ല. അമീൻ ലോഡ്ജിൽ പലപ്പോഴും ഉച്ചഭക്ഷണത്തിന് കഞ്ഞിയും ചമ്മന്തിയും ഉണ്ടാവാറുണ്ട്. ഭക്ഷണശേഷം സ്വൽപനേരം കിടന്നു വിശ്രമിക്കും. കൂട്ടത്തിൽ ചെറിയൊരു മയക്കവും ഉണർന്നതിന് ശേഷം യാത്രചെയ്യേണ്ട പരിപാടികളൊന്നുമില്ലെങ്കിൽ എഴുത്തിലോ വായനയിലോ സന്ദർശകരുണ്ടെങ്കിൽ അവരുമായി സംഭാഷണത്തിലോ ഏർപ്പെടും. നാലുമണിക്ക് ചായ കുടിക്കും. ചിലപ്പോൾ അതിനൊപ്പം ഒരു ബോണ്ട (സുഖിയൻ) രാത്രി ഇശാനിസ്കാരത്തിന് ശേഷം ഒന്നോ രണ്ടോ കഷ്ണം റൊട്ടിയും ചീരത്തോരനും ഏതെങ്കിലുമൊരു പഴവും ഒരു ഗ്ലാസ് വെള്ളവും കുടിക്കും. പപ്പായ ആയിരുന്നു അദ്ദേഹത്തിന്റെ ഇഷ്ടപ്പെട്ട പഴം പിന്നീട് കുറേ നേരം വായിക്കുകയോ എഴുതുകയോ ചെയ്തശേഷം സുന്നത്ത് നിസ്കരിച്ച് കിടന്നുറങ്ങും. ഇതായിരുന്നു സാഹിബിന്റെ അമീൻ ലോഡ്ജിലെ ദിനചര്യ.

**പത്തായം**

**ദേവകി നിലയങ്ങോട്**

62. വിവിധതരം പത്തായങ്ങൾ ഏവ?

ഉ. വലിയ പത്തായം, ചെറിയ പത്തായം, എടുത്തുകെട്ടിയ പത്തായം, വിത്തിൻപത്തായം, പത്തായപ്പെട്ടി, പെട്ടിപ്പത്തായം

63. പെട്ടിപ്പത്തായത്തെ ദേവകി നിലയങ്ങോട് പരിചയപ്പെടുത്തുന്നത് എങ്ങനെ?

ഉ. വിവിധതരം പത്തായങ്ങളിൽ പെട്ടിപ്പത്തയമാണ് ഏറ്റവും ചെറുത്. രണ്ടുപേർ ചേർന്ന് എടുത്തുമാറ്റിവെക്കാവുന്നത്. സാധാരണയായി ഇത്തരം ഒരു പത്തായം പണിതീർത്ത് വില്പനക്കായി വീട്ടുപടിക്കൽ കൊണ്ടുവരുമ്പോൾ ആ പത്തായത്തിൽ കൊള്ളുന്നത്ര നെല്ല് ആണ് അതിന് വിലയായി നൽകിയിരുന്നത്. പെട്ടിപ്പത്തായങ്ങൾ അടുക്കളയിലും മേലടുക്കളയിലുമാണ് സ്ഥാപിക്കുക. അടുക്കള ജോലികൾക്കിടയ്ക്ക് അന്തർജനങ്ങൾക്ക് വിശ്രമിക്കാൻ ഇവ ഉപകരിക്കും. അന്നന്നേക്കുള്ള പൂജാദ്രവ്യങ്ങളും പാത്രങ്ങളും പെട്ടിപ്പത്തായത്തിലാണ് സൂക്ഷിക്കു.

64. 'ഒന്നുമറിയില്ലെങ്കിലും ഇത്തരം 'റൊമാൻസ്' കാണാൻ ഞങ്ങൾ കുട്ടികൾ ചെന്നു നിൽക്കും'– 'റൊമാൻസ്' എന്തായിരുന്നു?

ഉ. പാട്ടക്കാർ അളന്നുതൂക്കുന്ന നെല്ല് പത്തായത്തിലേക്ക് മാറ്റുന്നത് ഇരിക്കണമ്മമാരും വാല്യക്കാരുമായിരുന്നു. പത്തായത്തിനു മുന്നിൽ ബഞ്ചിട്ട് ഒരാൾ നിലയുറപ്പിക്കും. മറ്റൊരാൾ പത്തായത്തിനുള്ളിൽ ഇടുന്ന നെല്ല് കാൽകൊണ്ട് ചവിട്ടി ഒതുക്കാനും നില്പുണ്ടാവും. ഓരോ പത്തായത്തിനു മുന്നിലും ഈ സംവിധാനം ഉണ്ടാകും. വട്ടിയിൽ നിറച്ച് തലച്ചുമടായി നെല്ല് പത്തായത്തിനടുത്തെത്തിക്കുന്നത് ഇരിക്കണമ്മമാരാണ്. ചിലർക്ക് ചില പ്രത്യേക താത്പര്യങ്ങളും ഇഷ്ടങ്ങളുമൊക്കെ ഉണ്ടായിരിക്കും. തങ്ങൾ കൊണ്ടുവരുന്ന നെല്ല് ഇന്ന ആൾ വാങ്ങണമെന്ന് ചിലർ നിർബന്ധം പിടിക്കും. അതിനെച്ചൊല്ലി കശപിശയുണ്ടാകും. ചില പിണക്കങ്ങളും ഉണ്ടാകും. ഈ 'റൊമാൻസ്' കാണാനാണ് കുട്ടികൾ തടിച്ചുകൂടിയിരുന്നത്.

65. ഒരു കുടുംബത്തിന്റെ ഐശ്വര്യക്കാഴ്ച എന്ന് ദേവകി വിശേഷിപ്പിക്കുന്നത് എന്തിനെ?

ഉ. നാലുകെട്ടിലെ മച്ചിലെ പത്തായത്തിൽ പൊന്നാര്യൻ നെല്ല് നിറഞ്ഞു കിടക്കും. താഴെ മുഴുവൻ കമഴ്ത്തി വെച്ച സ്വർണ്ണനിറമാർന്ന ഉരുളികലും

വാർപ്പുകളും. മച്ചിലെ പത്തായത്തിൽ നെല്ല് ആണ്ടോടാണ്ട് നിറഞ്ഞു കിടന്നാൽ എല്ലാവർക്കും സമാധാനമാകും. ഇതൊക്കെ ഒരു കുടുംബത്തിന്റെ ഐശ്വര്യക്കാഴ്ചകളായിരുന്നുവെന്ന ലേഖിക സ്മരിക്കുന്നു.

66. 'നിലവറക്കുണ്ടി'ന്റെ പ്രത്യേകത എന്തൊക്കെ?

ഉ. പത്തായം പോലെ ഭക്ഷ്യസൂക്ഷിപ്പിനുപയോഗിച്ചിരുന്നതാണ് നിലവറക്കുണ്ട്. സമനിരപ്പിൽ നിന്ന് ആറടി താഴ്ച്ചയിൽ പണിത ചെറിയ മുറിയാണ് നിലവറ. ഇറങ്ങിപ്പോകാൻ പടികൾ ഉണ്ടായിരിക്കും. ഇത് നാലുകെട്ടിന്റെ ഏതുഭാഗത്തു വേണമെങ്കിലും പണിയാം. ഗോവണച്ചുവട്ടിലാണ് മിക്ക നിലവറക്കുണ്ടുകളും. നീണ്ട കരിങ്കൽപ്പാളികൾ തറയിലും ചുവരിലും മേൽത്തട്ടിലും പാകിയാണ് നിലവറക്കുണ്ടുണ്ടാക്കുന്നത്. അതിന്റെ മുകളിൽ സാധാരണയായി ഒരു പത്തായമുണ്ടാകും. വാതിലിനരികിലായി മര അഴികൾ പാവി വായുസഞ്ചാരം അല്പമെങ്കിലും സാധിക്കുന്ന വിധത്തിലാണ് ഇത് പണിയുക. വർഷം മുഴുവൻ സൂക്ഷിക്കേണ്ട ഉപ്പുമാങ്ങയും കടുമാങ്ങ, ചെത്തുമാങ്ങ, ഉലുവമാങ്ങ, ഉണക്കമാങ്ങ തുടങ്ങിയവ ഉപ്പിലിട്ടതുകളും (അച്ചാറുകൾ) ഇവിടെയാണ് വെക്കുക. മുറിയിൽ സൂര്യ പ്രകാശമില്ലാത്തിനാൽ പുളിമണം കിട്ടിവരുന്ന 'നുഴമ്പ്' എന്ന ചെറുപ്രാണിക്ക് ഇതിൽ നിലനിൽപ്പ് ഇല്ലാത്തതിനാൽ ഭക്ഷ്യസാധനങ്ങൾ വർഷങ്ങളോളം കേടു

കൂടാതിരിക്കും.

67. നാലുകെട്ടിലെ ഭരണികൾ വൃത്തിയാക്കിയിരുന്നത് എങ്ങനെ?

ഉ. കറുത്ത് മിനുത്ത് മധ്യം വികസിച്ച് രണ്ടറ്റവും ചുരുങ്ങിക്കാണാറുള്ള ഭരണികൾ അന്തസ്സിന്റെയും സമൃദ്ധിയുടെയും പ്രതീകമായിരുന്നു. ഭരണിക്ക് ഉയരം വളരെയുണ്ടെങ്കിൽ അത് മുക്കാൽ ഭാഗവും കുഴിച്ചിട്ട രീതിയിലാണ് കാണാറുള്ളത്. ഭരണികൾ ഒഴിയുമ്പോൾ അവ വൃത്തിയാക്കാനായി ഏഴോ എട്ടോ വയസ്സ് പ്രായമുള്ള ഒരു പെൺകുട്ടിയെ കൈകാലുകൾ കഴുകിച്ച് ഇതിനകത്തേക്ക് പിടിച്ചിറക്കുകയാണ് പതിവ്. ചകിരിയും വാകയും വെള്ളവും കൊണ്ട് അവൾ ഭരണി കഴുകിത്തുടച്ച് വൃത്തിയാക്കണം. അവളെ കൈപിടിച്ച് മുകളിലേക്ക് കയറ്റി മറ്റൊരാളെ വീണ്ടും ഭരണിയിലിറക്കും. അലക്കിയ ശീലകൊണ്ട് ഭരണിയുടെ ഉൾവശം രണ്ടോ മൂന്നോ പ്രാവശ്യം വൃത്തിയായി തുടക്കലാണ് പിന്നെ. ഈ ഭരണിയിലിറക്കത്തിന് കുട്ടികൾ ഉത്സാഹത്തോടെ ഊഴം കാത്തുനിൽക്കാറുണ്ടായിരുന്നെന്ന് ദേവകി സ്മരിക്കുന്നു.

68. 'നെൽപ്പത്തായങ്ങളെ കുടുംബാംഗങ്ങൾ ഐശ്വര്യത്തിന്റെ ശ്രീകോവിലുകളായാണ് കണ്ടിരുന്നത്'– വിശദമാക്കുക.

ഉ. പുതുവർഷം പിറന്ന് ആദ്യത്തെ അനുഷ്ഠാനമായ ഇല്ലം നിറയ്ക്ക് കതിർക്കുലകൾക്കൊപ്പം പത്തായങ്ങളെയും പൂജിച്ചിരുന്നു. പത്തായം വൃത്തിയാക്കി, തോരണം തൂക്കി അലങ്കരിക്കും. ഗൃഹനാഥൻ ആദ്യം കൊയ്തു വരുന്ന കരിർക്കുല പൂജയ്ക്ക് ശേഷം പത്തായത്തിൽ സ്ഥാപിക്കും. കുടുംബാംഗങ്ങൾ ഇതിൽ കൂട്ടുകൂടും. പിന്നീട് ഓരോ ഋതുസംക്രമണവേളകളിലും പ്രത്യേക അനുഷ്ഠാനങ്ങളോടെ പത്തായങ്ങളെ ആദരിച്ചിരുന്നു. കുംഭമാസത്തിനു മുമ്പുള്ള 'ഉച്ചാരൽ അടക്കൽ', ധനുമാസത്തിലെ 'പുളി' എന്നിവ ഇത്തരം ആചാരങ്ങൾക്ക് ഉദാഹരണമാണ്.

69. ഓരോ മനയിലെയും പത്തായങ്ങളെപ്പറ്റിയുള്ള ഒരു ഏകദേശവിവരം എല്ലാവരും മനസ്സിൽ കുറിച്ചിടാൻ ശ്രമിച്ചിരുന്നതിന്റെ കാരണമെന്ത്?

ഉ. പത്തായം ഏറ്റവും വലിയ പ്രശ്നമോ സ്വപ്നമോ ആയിരുന്നത് അന്തർജനങ്ങൾക്കായിരുന്നു. പെൺമക്കളുടെ ഭാവിയെപ്പറ്റി ഉത്കണ്ഠകളിൽ അവർ ഭക്ഷണകാര്യത്തിലെങ്കിലും സുരക്ഷിതരായിരിക്കണമെന്ന് അമ്മമാർ ആഗ്രഹിച്ചു. നെടുനാൾ മംഗല്യത്തിനും ഊണ് മുട്ടാതിരിക്കാനുമായിരുന്നു അവരുടെ പ്രാർത്ഥന. പെൺമക്കളെ പ്രസവിക്കുന്ന അമ്മമാരുടെ പ്രതീക്ഷ മക്കളെ ആണ്ടോടാണ്ട് ഉണ്ണാൻ ഉള്ള ഇല്ലത്തേക്ക് കൊടുക്കാൻ തരപ്പെടണേ എന്നായിരുന്നു. അതോടൊപ്പം അവിടുത്തെ പത്തായങ്ങളുടെ സമൃദ്ധിയെപ്പറ്റി ആരെങ്കിലും പറഞ്ഞറിയാൻ ആഗ്രഹിക്കുകയും ചെയ്യും. പാട്ടം കിട്ടുന്ന നെല്ല് ഊണിന് തികയാതെ വന്നാൽ സ്ഥിതി ദയനീയമാവും. നമ്പൂതിരിമാർക്ക് പുറത്ത് അമ്പലങ്ങളിൽ വാരസദ്യക്കും പോകാം. പ്രഭുകുടുംബങ്ങളിൽ ചെന്നു പാർക്കാം. ഊട്ടുകളിൽ പങ്കെടുക്കാം. സ്വന്തം ഇല്ലത്ത് അന്തർജനങ്ങളും കുട്ടികളും എങ്ങനെ കഴിഞ്ഞുകൂടുന്നു എന്ന് അന്വേഷിക്കേണ്ട ആവശ്യമില്ല. പലരും അങ്ങനെ അങ്ങനെ അലസമായി നടക്കാറുണ്ടായിരുന്നു. അതുകൊണ്ട് മകളെ കൊടുക്കാൻ നിശ്ചയിക്കുമ്പോൾ അമ്മമാർ ആദ്യം അറിയാൻ ആഗ്രഹിക്കുന്നത് ആ ഇല്ലത്ത് പാട്ടം പിടിച്ചുകിട്ടുന്ന നെല്ല് ഭക്ഷണത്തിന് തികയുമോ എന്നാണ്. വരൻ വൃദ്ധനോ വികലാംഗനോ, മന്ദബുദ്ധിയോ മറ്റോ ആണോ എന്ന അന്വേഷണം ഉയർന്നു കേൾക്കാറില്ല. അതായിരിക്കാം മനയിലെ പാത്തായകണക്ക് എല്ലാവരും മനസ്സിലാക്കാൻ കാരണം.

70. 'മറ്റു സമുദായങ്ങളിലെ അടുക്കളകൾ ഇത്ര ക്ഷോഭിച്ചു കണ്ടിട്ടില്ല'

അല്ലെങ്കിൽ

71. ‘അത്തരം സപ്ലൈ ഓഫീസർമാരെ അന്തർജനങ്ങൾ അന്നപൂർണേശ്വരനായി കണ്ടു’ കാരണമെന്ത്?

ഉ. രണ്ടാം ലോകമഹായുദ്ധകാലത്ത് നാട്ടിലെങ്ങും കടുത്ത ക്ഷാമമായി. ബർമ്മയിൽ നിന്ന് വലിയ തോതിതൽ ഇറക്കുമതി ചെയ്തപ്പെട്ടിരുന്ന അരിയുടെ വരവ് നിലച്ചു. നാട്ടിലെ നെല്ലിന് തീപിടിച്ച വിലയായി. ജന്മിമാർ സ്വന്തം പത്തായങ്ങളിൽ നെല്ല് ഒളിപ്പിച്ചുവെക്കാനും വലിയ തുകയ്ക്ക് വിൽക്കാനും തുടങ്ങി. അപ്പോഴാണ് ലെവി സമ്പ്രദായം വന്നത്. കുടുംബാംഗങ്ങളെയും അത്യാവശ്യം വേലക്കാരെയും എണ്ണി ഒരാൾക്ക് ഒരു നേരത്തേക്ക് ആറ് ഔൺസ് അരിക്കുള്ള നെല്ല് വീതം അടുത്ത വിളവെടുപ്പ് നടക്കുന്നതുവരെയുള്ള കണക്ക് ഉണ്ടാക്കി ബാക്കിവരുന്ന നെല്ലെല്ലാം ഗവൺമെന്റ് ലോറികളിൽ കയറ്റി കൊണ്ടുപോയി. വിശേഷാവസരങ്ങളിൽ ചെറിയ തോതിൽ സദ്യ ഒരുക്കുന്നതിനുള്ള അരിയുടെ കണക്കും അതിലുണ്ടാകും. സ്വന്തമായി കൃഷി ചെയ്ത നെല്ലും പാട്ടം അളന്നതും ഒക്കെ ഇതിലുൾപ്പെട്ടിരുന്നു. അക്കാലത്ത് അടുക്കളകളിൽ ഇരുട്ട് വ്യാപിച്ചിരുന്നതായി ദേവകി നിലയങ്ങോട് സ്മരിക്കുന്നു. അമ്പലക്കുളത്തിലും ക്ഷേത്രപരിസരത്തും സംസാരവിഷയം ഇതുതന്നെയായി. വാരങ്ങളും ഊട്ടുകളും പരിമിതമായി. നമ്പൂതിരിമാർ ശുണ്ഠിയെടുത്ത് പൂമുഖത്ത് ചുറ്റി നടന്നപ്പോൾ അടുക്കളയിലെ അന്തർജനങ്ങൾ നെടുവീർപ്പിട്ടു. വിവാഹം, മരണാനന്തര ചടങ്ങുകൾ എന്നിവ സപ്ലൈഓഫിസറുടെ അനുവാദത്തോടെ  അമ്പത് പേർക്ക് എന്ന കണക്കിലൊതുക്കി. മറ്റു സമുദായങ്ങളിലെ അടുക്കളകളും വല്ലാതെ ക്ഷോഭിച്ചു. അവർ കപ്പ, ഗോതമ്പ്, മാക്രോണി പോലുള്ള ഭക്ഷ്യവസ്തുക്കൾ ഉപയോഗിക്കാൻ ശീലിച്ചു തുടങ്ങി. ലെവി അളന്നിടുമ്പോൾ ഓഫീസറുടെ കണ്ണ് വെട്ടിച്ച് കുറേ പതിരും വാരിയിട്ട് ഇരിക്കണമ്മമാർ അവരോടുള്ള ദേഷ്യം തീർക്കുമായിരുന്നത്രെ. അന്ന മിക്ക സപ്ലൈഓഫീസർമാരും അയ്യന്മാരായിരുന്നു. നമ്പൂതിരി ഇല്ലങ്ങളിലെ ഭക്ഷണത്തിന്റെ ധാരാളിത്തം അവർക്ക് നന്നായി അറിയാമായിരുന്നു. ക്ഷേത്രങ്ങളിലെയും മനകളിലെയും ഭക്ഷ്യമേളകളിലും അവരും പങ്കെടുക്കാറുള്ളതാണ്. ലെവി അളന്നുപോകുമ്പോൾ പത്തായങ്ങളുടെ മുക്കിലും മൂലയിലും കാണാത്ത ഭാവത്തിൽ കുറച്ച് അധികം ധാന്യശേഷിപ്പുകൾ ഇട്ടാണ് അവർ മടങ്ങിപ്പോകാറുള്ളത്. അന്തർജനങ്ങൾ അത്തരം ഓഫീസർമാരെ അന്നപൂർണ്ണേശ്വരനായി കണക്കാക്കിയിരുന്നുവത്രെ.

**മാട്ട്**

**വി.കെ ശ്രീരാമൻ**

72. കല്യാണത്തിന് പുറപ്പെടാൻ നേരം താമിക്കുട്ടിയോട് കൂട്ടുകാരൻ സെയ്തലവി പറഞ്ഞതെന്ത്?

ഉ. മാർക്കല്ല്യാണമാണ് (മാർഗം കഴിക്കൽ അല്ലെങ്കിൽ സുന്നത്ത് കല്ല്യാണം) നടക്കുന്നത്. താമിക്കുട്ടിയെ സുന്നത്ത് കഴിക്കാനാണ് കൊട്ടും പാട്ടുമായി കൊണ്ടുപോകുന്നത് എന്ന് കൂട്ടുകാരൻ സെയ്തലവി താമിയോട് പറയുന്നു.

73. പെണ്ണ്കെട്ടിന് പോകുമ്പോൾ താമിയെ അമ്മ പ്രത്യേകം ഓർമ്മിപ്പിച്ച കാര്യം എന്തായിരുന്നു?

ഉ. കല്യാണത്തിന് പോകുന്ന വഴിക്ക് മുണ്ട് അഴിഞ്ഞുപോയാൽ ചെറിയ അമ്മാവനോട് പറഞ്ഞ് അത് ശരിയായി ഉടുപ്പിക്കണം. തുണിക്ക് അടിയിൽ ട്രൗസറുണ്ടെന്ന് കരുതി തുണിയഴിച്ച് തോളിലിട്ട് നടക്കരുത്. താമി ഇപ്പോൾ കല്യാണ ചെക്കനാണ് എന്ന ഓർമ്മ വേണം. വളരെ ചെറിയ പ്രായത്തിൽ വിവാഹിതനാകേണ്ടിവന്ന മകൻ താമി വല്ല അശ്ര

ഢയോ വികൃതിയോ കാണിച്ചേക്കുമെന്ന ഭയം കാരണമാണ് അമ്മ മാത അവനെ ഇങ്ങനെ ഓർമ്മിപ്പിച്ചത്.

74. ‘തോല് മാടാനുള്ള കായ് കൊടുക്കണംന്നല്ലേയുള്ളൂ’
അല്ലെങ്കിൽ

75. ‘ഓൻ മഹാ നീശനാ...... ഇയ്യ് ഒന്ന് പറഞ്ഞുകൊടുത്തോ ഓന് ഒറക്കം എണീക്കുമ്പോ’ ആരെക്കുറിച്ചാണ് ഈ പരാമർശം? എന്താണ് പറഞ്ഞുകൊടുക്കേണ്ട കാര്യം?

ഉ. കുംഭ മാസത്തിൽ നടക്കുന്ന വൈരങ്കോട് വേലയ്ക്ക് കുറവനെയും കുറത്തിയെയും എഴുന്നള്ളിച്ചുവന്നതിന്റെ ക്ഷീണത്തിൽ കിടന്നുറങ്ങുന്ന താമിയെ അച്ഛൻ കുഞ്ഞിക്കോരൻ ഒച്ചയിട്ടുണർത്താൻ ശ്രമിക്കുന്നു. വേലക്ക് എഴുന്നള്ളിപ്പിനുവേണ്ടി അന്നാരക്കാരൻ കുഞ്ഞിക്കിളിയൻ എന്ന സുഹൃത്തിൽ നിന്നാണ് തുടി വാടകക്ക് എടുത്തത്. വേല കഴിഞ്ഞ് നോക്കുമ്പോൾ തുടി തോലുപൊളിഞ്ഞിരിക്കുന്നു. കുഞ്ഞിക്കോരൻ മകനോട് ഇതിനെച്ചൊല്ലി ദേഷ്യപ്പെടുന്നു. അച്ഛൻ അത് പ്രശ്നമാക്കേണ്ടെന്നും താൻ തന്നെ കുഞ്ഞിക്കിളിയന് നേരിട്ട് തുടി കൊണ്ടുപോയി കൊടുക്കാമെന്നും തോലുമാടാനുള്ള കാശ് കൊടുക്കാമെന്നും താമി അച്ഛനെ അറിയിച്ച് ഒന്നുകൂടെ പുതച്ച് മൂടി കിടക്കുന്നു. അപ്പോൾ ഉമ്മറത്തേക്ക് ശബ്ദം കേട്ടെത്തിയ ഭാര്യ മാതയോട് കുഞ്ഞിക്കോരൻ പറയുന്നു. മകൻ വിചാരിക്കുന്നപോലെയുള്ള ആളല്ല അന്നാരക്കാരൻ കുഞ്ഞിക്കിളിയൻ ആള് മഹാ നീചനാണ്. മാട്ടും മന്ത്രവും പതിനാറുപഠിച്ച് തൃവൈരനെയും ചാമുണ്ടിയേയും സേവ ചെയ്ത് പൂജിക്കുന്നവനാണ്. താമി ഉണർന്നാൽ ഇക്കാര്യമൊന്നും വേണ്ടവിധം പറഞ്ഞു കൊടുത്തേക്കണം എന്ന് കുഞ്ഞിക്കോരൻ ഭാര്യയെ ഉപദേശിക്കുന്നു.

76. ‘ഞാനുംന്റെ ചെക്കനും ചോരനീരാക്കി പാടത്തും പറമ്പിലും നയ്ച്ചിട്ടാ കയ്യേണത്. അന്നെപ്പോളെ കള്ളും കുടിച്ച് മാട്ടും മാരണോം ചെയ്ത് നടക്കണില്യ’– സന്ദർഭമെഴുതുക.

ഉ. വേലയ്ക്ക് കുറവനും കുറത്തിയും എഴുന്നള്ളിക്കാനായി അന്നാരക്കാരൻ കുഞ്ഞിക്കിളിയന്റെ രണ്ട് തുടി മകൻ താമിക്കുവേണ്ടി കുഞ്ഞിക്കോരൻ കടംവാങ്ങിയിരുന്നു. വേലയുടെ ആവേശത്തിൽ തുടി രണ്ടും പൊട്ടിപ്പൊളിഞ്ഞു. അതിന്റെ വാടകയും തോലുമാറ്റാനുള്ള കൂലിയും കൂടി നൂറ്റിയമ്പത് ഉറുപ്പികയാണ് കുഞ്ഞിക്കിളിയൻ ആവശ്യപ്പെട്ടത്. എന്നാൽ മുപ്പത്തിയഞ്ച് ഉറുപ്പിക മാത്രമാണ് താമി നൽകിയത്. ബാക്കി തുക കിട്ടാതിരുന്നപ്പോൾ കള്ളുഷാപ്പിൽ വെച്ച് കുഞ്ഞിക്കോരനും കുഞ്ഞിക്കിളിയനും തമ്മിൽ വാക്കേറ്റണായി. ഇതാണ് സന്ദർഭം. കുഞ്ഞിക്കോരനെ വെള്ളം കുടിപ്പിക്കുമെന്നും തീയ്യ് തീറ്റിക്കുമെന്നും വാപ്പുമുതലാളിയുടെ ഉസ്റ്മ്മലുള്ള (ഉശിരിൻമേൽ) അവന്റെയും മകന്റെയും നടത്തം അവസാനിപ്പിക്കുമെന്നും കുഞ്ഞിക്കിളിയൻ വെല്ലുവിളിച്ചപ്പോൾ കുഞ്ഞിക്കോരൻ മറുപടി നൽകുന്നതാണീ വാക്ക്യങ്ങൾ. തന്റെ രോമത്തിൽ തൊടാനാവില്ലെന്നും വാപ്പു മുതലാളിയുടെ ഉശിരിൻമേലല്ല സ്വന്തം അദ്ധ്വാനത്തിലാണ് താനും മകനും കഴിയുന്നതെന്നും കുഞ്ഞിക്കോരൻ പറയുന്നു. കുഞ്ഞിക്കിളിയനെ പോലെ കള്ളുകുടിച്ച് മാരണം ചെയ്തല്ല തങ്ങൾ ജീവിക്കുന്നത്. തന്റെ കൈകൊണ്ട് ഒന്ന് കിട്ടിയാൽ കുഞ്ഞിക്കിളിയന്റെ ചൂരക്കോലും ഒടിമറിച്ചലും ഒക്കെ പോകുമെന്നും കുഞ്ഞിക്കോരൻ താക്കീത് നൽകുന്നു.

77. മാങ്ങാട്ടിരി ഷാപ്പിൽ കുഞ്ഞിക്കിളിയൻ കുടിക്കാൻ കയറുമ്പോൾ ആളുകൾ കുടിനിർത്തി പണം കൊടുത്തു തിടുക്കപ്പെട്ട് ഇറങ്ങിപ്പോകാൻ കാരണം എന്തായിരുന്നു?

ഉ. കുഞ്ഞിക്കിളിയനുമായി മാങ്ങാട്ടിരി ഷാപ്പിലെ അടിപിടികഴിഞ്ഞതിന്റെ ഏഴാം ദിവസം, ജോലി കഴിഞ്ഞു മടങ്ങുകയായിരുന്ന കുഞ്ഞിക്കോരൻ എന്തോ കണ്ടു ഭയന്നു. തൊട്ട

ടുത്ത ദിവസം ജ്വരം വന്നു. മരുന്നും മന്ത്രവുമൊന്നും ഫലിച്ചില്ല. കുഞ്ഞിക്കോരൻ പനി വന്ന ഏഴാം നാൾ മരിച്ചു. ഒടിപറ്റിയിട്ടാണ് കുഞ്ഞിക്കോരൻ മരിച്ചതെന്ന് ആളുകൾ അടക്കം പറയാൻ തുടങ്ങി. അതോടെ ഷാപ്പിൽ കുഞ്ഞിക്കിളിയൻ വന്നാൾ ആളുകൾ ഉടൻ സ്ഥലം കാലിയാക്കാൻ തുടങ്ങി.

78. 'ഏതോ വിശേഷപ്പെട്ട തലയാണെന്നേ പോലീസുകാരൻ കരുതിയുള്ളു. എസ്.ഐ ക്ക് കാഴ്ചവയ്ക്കാനാവും' സന്ദർഭം എഴുതുക.
    അല്ലെങ്കിൽ
79. 'സ്ത്രീകൾ കുട്ടികളെ പുരയ്ക്കകത്താക്കി വാതിലടച്ചു. എല്ലാ ശബ്ദങ്ങളം പെട്ടെന്ന ടങ്ങി. എല്ലാ ദൃശ്യവും നിശ്ചലമായി' കാരണം എന്തായിരുന്നു?
    അല്ലെങ്കിൽ
80. 'പഹേന്റെ ഒരു തമാശ. ന്നാലും ആ ചിരി അത്ര പന്തിയല്ലല്ലോ?' – ആരുടെ ചിരി? എന്തായിരുന്നു തമാശ?
    അല്ലെങ്കിൽ
81. 'അതും കൈയിൽ പിടിച്ച് ഇവിടെക്കേറി ഒരു ടീ കുടിച്ചിട്ട് പോകാം എന്ന് അവന് തോന്നിയാലോ?'– ആർക്ക്? കയ്യിൽ എന്തായിരുന്നു?

ഉ. അച്ഛൻ കുഞ്ഞിക്കോരൻ മരിച്ചതിന്റെ പതിനാലാം ദിവസമാണ് താമിയുടെ ഭാര്യ മുണ്ടിക്ക് പേറ്റുനോവ് തുടങ്ങിയത്. തിരൂർ ആശുപത്രിയിൽ ഉടനെ എത്തിച്ചെങ്കിലും കനത്ത രക്തസ്രാവത്തെ തുടർന്ന് മുണ്ടിയും കുട്ടിയും മരണമടഞ്ഞു. തന്റെ കുടുംബത്തിന്റെ ദുരന്തത്തിനു കാരണം കുഞ്ഞിക്കിളിയന്റെ ദുർമന്ത്രവാദമാണെന്ന് താമി വിശ്വസിച്ചു. മരണാനന്തരം പിതനാലാം ദിവസം താമി വീട്ടിൽ നിന്നിറങ്ങി നടന്നു. മാങ്ങാട്ടിരി ഷാപ്പിന്റെ പടിഞ്ഞാറുവശത്തുള്ള കുണ്ടനിടവഴിയിൽ വെച്ച് താമി കുഞ്ഞിക്കിളിയന്റെ തല അറുത്തെടുത്തു. അതു കണ്ട് നാട്ടുകാർ തടിച്ചുകൂടി. സ്ത്രീകൾ ആ കാഴ്ച കാണാതിരിക്കാൻ കുട്ടികളെ പുരക്കകത്താക്കി വാതിലടച്ചു. അറുത്തെടുത്ത തല കൈയിലെ തോർത്തിൽ പൊതിഞ്ഞു തൂക്കിപ്പിടിച്ചു. അതിൽ നിന്നു ചോര ഇറ്റിറ്റു വീഴുന്നു. നടന്ന കലവേ എതിരെ വന്ന തണ്ണിമുക്രി താമിയോട് കൈയ്യിലെന്താണെന്ന് ചോദിച്ചു. കുഞ്ഞിക്കിളിയന്റെ തലയാണെന്ന് മറുപടി തമാശയായാണ് മുക്രിക്ക് തോന്നിയത്. പോത്തിറച്ചി വാങ്ങി തോർത്തിൽ കെട്ടിഞാത്തി ബാപ്പു മുതലാളിയുടെ പുരയിലേക്ക് കൊണ്ടുപോകുന്നു എന്നാണ് മുക്രി വിചാരിച്ചത്. എങ്കിലും അതുപറയുമ്പോൾ താമിയുടെ ചിരിയിൽ എന്തോ പന്തികേടുള്ളതായി മുക്രിക്ക് തോന്നി.

ആൾക്കൂട്ടം താമിയുടെ പിന്നാലെ തൃക്കണ്ടിയൂരമ്പലത്തിന്റെ മുന്നിലൂടെ പോലീസ് ക്വാർട്ടേഴ്സുകൾ കടന്ന് ടി.സി റോഡിലേക്ക് കടന്നു. ആസ്പത്രി പടിക്കലുള്ള ഗണേഷ് ഭവന്റെ ഷട്ടർ താഴ്ത്തിയിട്ടു സ്വാമി. ആ തലയും പിടിച്ച് താമി ചായകുടിക്കാൻ കടയിലേക്ക് കയറി വരുമോ എന്ന് അയാൾ ഭയന്നു. മൂന്നു കിലോമീറ്റർ നടന്ന് പോലീസ് സ്റ്റേഷന്റെ ഉമ്മറത്ത് എത്തിയ താമിയോട് പാറാവു നിന്ന പോലീസ് എന്താണ് കയ്യിലെന്ന് ചോദിച്ചു. തന്റെ കയ്യിൽ കുഞ്ഞിക്കിളിയന്റെ തലയാളെന്ന് താമി മറുപടി പറഞ്ഞു. ഏതേ വിശേഷപ്പെട്ട കിളിയുടെ തലയാണെന്നാണ് പോലീസുകാരൻ കരുതിയത്. 'ആർക്ക് കൊടുക്കാനുള്ളതാണെന്ന്' പാറാവുകാരന്റെ ചോദ്യത്തിന് 'ആർക്കാണ്ച്ചാ കൊടുത്തോളിൻ:' എന്ന് പറഞ്ഞ് താമി തോർത്തിൽ പൊതിഞ്ഞ തല പാറാവുകാരന്റെ മുന്നിലേക്കിട്ടു. ഇതുകണ്ട് ഗേറ്റിൽ തിങ്ങിനിറഞ്ഞ ജനം ആർത്തുവിളിച്ചു. പാറാവുകാരൻ തോക്കും വിട്ട് സ്റ്റേഷന്റെ അകത്തേക്ക് പാഞ്ഞു.

82. ‘ഓരോരോ വിശ്വാസങ്ങളല്ലേ നമ്മുടെ കർമ്മങ്ങൾക്കൊക്കെ ആധാരം. ശരിയേത്, തെറ്റേത്? നമുക്കെങ്ങനെയാണ് തിരിച്ചറിയുക?

ഉ. ഏറനാട്ടിലെ പ്രമാദമായ കുഞ്ഞിക്കിളിയൻ കൊലക്കേസ് സിനിമയാക്കിയാലോ എന്ന് സിനിമാതാരം മമ്മൂട്ടി ആഗ്രഹിച്ചിരുന്നു. അക്കാര്യം വി.കെ ശ്രീരാമനോട് പറഞ്ഞു . എന്തിനാണ് അങ്ങനെയൊരു സിനിമ എന്ന ചോദ്യത്തിന് ‘അന്ധവിശ്വാസങ്ങൾക്കെതിരായ സിനിമയാണ്‘ എന്ന മമ്മൂട്ടിയുടെ മറുപടി കേട്ടപ്പോൾ ശ്രീരാമൻ ചോദിക്കുന്നതാണിത്. എല്ലാ കർമ്മങ്ങൾക്കും ആധാരം ഓരോരോ വിശ്വാസങ്ങളായതിനാൽ അവയിലെ ശരിതെറ്റുകൾ തിരിച്ചറിയാൻ നമുക്കെങ്ങനെ കഴിയുമെന്നും ശ്രീരാമൻ ചോദിക്കുന്നു.

83. ആ ചിരിയുടെ അർത്ഥം എനിക്ക് കുറേശ്ശെ മനസ്സിലാവാൻ തുടങ്ങുകയായിരുന്നു. ആരുടെ ചിരിയുടെ അർത്ഥമാണിവിടെ സൂചിപ്പിക്കുന്നത്.

ഉ. കുഞ്ഞിക്കിളിയനെ കഴുത്തറുത്ത് കൊന്നതിന് താമിയെ തൂക്കിക്കൊല്ലാൻ കോടതി വിധിച്ചു. തിരൂർ ടി.ബി യിൽ വെച്ച് നേരിൽ കണ്ടപ്പോൾ ശ്രീരാമൻ കുഞ്ഞിക്കിളിയനെ കൊല്ലേണ്ടിയിരുന്നില്ലെന്ന് തോന്നുന്നില്ലേ എന്നു ചോദിച്ചപ്പോൾ അർത്ഥം മനസ്സിലാകാത്ത തരത്തിൽ ഒരു ചിരി ചിരിച്ചു. താമിയുടെ അച്ഛന്റെ മരണം കുഞ്ഞിക്കിളിയന്റെ ഒടിവെപ്പ് ആയിരുന്നൂ എന്ന് താമി ഇപ്പോഴും വിശ്വസിക്കുന്നുണ്ടോ എന്ന ചോദ്യത്തിന് താമി പറഞ്ഞ മറുപടി ഇതാണ്. ‘അച്ഛൻ മാത്രമല്ല; എന്റെ മുണ്ടിയും കുട്ടിയും മരിച്ചതും കുഞ്ഞിക്കിളിയന്റെ ഒടിപ്പണ്യോണ്ട് തന്ന്യാണ്. അതില് സംശയില്യ. മരിക്കണേന്റെ മുമ്പ് ഓൻ ചെയ്തുവച്ച പണികൊണ്ട് ഞാൻ ജയിലി കെടക്കുമ്പോ എന്റെ ഒരു മോൻ കൂടി മരിച്ചു. ഓന്റെ തല പോയേന്റെ ശേഷം നാട്ടിലൊരു കൊയപ്പോം ഇല്ല‘. താമി വീണ്ടും ചിരിച്ചു. ആ ചിരിയുടെ അർത്ഥം തനിക്ക കുറേശ്ശെ മനസ്സിലാകാൻ തുടങ്ങുകയായിരുന്നു എന്നാണ് വി.കെ ശ്രീരാമൻ പറയുന്നത്.

**കണ്ടൽ ജീവിതം**

**കല്ലേൻ പൊക്കുടൻ**

84. തനിക്കിഷ്ടപ്പെട്ട സമുദായവും പാർട്ടിയും അന്യമായി തോന്നുന്നു എന്നു പൊക്കുടൻ പറയാൻ കാരണമെന്ത്?

ഉ. ആദ്യകാലത്ത് സജീവകമ്മ്യൂണിസ്റ്റ് രാഷ്ട്രീയക്കാരനായിരുന്നു പൊക്കുടൻ. കമ്മ്യൂണിസം എന്ന ആശയസംഹിതയും സിദ്ധാന്തവും അറിയില്ലെങ്കിലും പാവങ്ങളുടെ കൂടെ നിൽക്കുന്ന പാർട്ടി എന്ന നിലക്കാണ് പൊക്കുടൻ കമ്മ്യൂണിസ്റ്റ്കാരനായത്. എ.കെ.ജി ആയിരുന്നു അദ്ദേഹത്തിന്റെ ഇഷ്ടപ്പെട്ട നേതാവ്. പാർട്ടി നടത്തിയ സമരങ്ങളിൽ പങ്കെടുത്തും പാർട്ടി ആവശ്യപ്പെട്ടതെല്ലാം ചെയ്തുകൊടുത്തും പൊക്കുടൻ തന്റെ പാർട്ടി കൂറ് പ്രകടിപ്പിക്കുമായിരുന്നു. പക്ഷേ, പിന്നീട് പല കാരണങ്ങളാൽ പാർട്ടിക്ക് തന്നോടും തനിക്ക് പാർട്ടിയോടും അടുപ്പം കുറഞ്ഞതായി പൊക്കുടൻ പ്രസ്താവിക്കുന്നു. കുടിയാൻ ബില്ല് സംരക്ഷിക്കാൻ ചെയ്ത സമരവും മട്ടക്കണകൊണ്ട് പത്ത് സെന്റ് അളന്നു കൊടുക്കാൻ കാണിച്ച ആവേശവും 1980 കൾ ആയപ്പോഴേക്കും പാർട്ടിക്ക് ഇല്ലാതായതായി പൊക്കുടന് തോന്നി. അതോടെ അദ്ദേഹത്തിന് രാഷ്ട്രീയത്തിൽ മനസ് മടുത്തു.

ഇടതുപക്ഷക്കാരനായ ഒരു പുലയനെ ഉൾക്കൊള്ളാൻ മാത്രം ആദ്യകാലങ്ങളിലെ പുലയസമുദായം വളരാത്തതിനാൽ പുലയസമുദായത്തിനും തന്നെ ഉൾക്കൊള്ളാനായില്ല. എന്നാൽ ഇപ്പോൾ പുലയ സമുദായത്തെ ഉൾക്കൊള്ളാൻ ഇടതുപക്ഷത്തിനും ഇതുവ

രെ സാധിച്ചിട്ടില്ല എന്ന് പൊക്കുടൻ ബോധ്യമായതായി അദ്ദേഹം പറയുന്നു. അതോടെയാണ് തനിക്കിഷ്ടപ്പെട്ട രണ്ട് വിഭാഗവും – സമുദായവും പാർട്ടിയും – തനിക്ക് അന്യമായതായി പൊക്കുടന് തോന്നിയത്.

85. കണ്ടൽ നട്ടുവളർത്തുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം?

ഉ. കടലിലെ അല്ലെങ്കിൽ കായലിലെ ഉപ്പുവെള്ളം ശുദ്ധീകരിക്കാനും കാറ്റിനെ തടയാനും കരയെ സംരക്ഷിക്കാനും കണ്ടൽകാടുകൾ പ്രയോജന പ്പെടുന്നു. അനേകം മത്സ്യ ഇനങ്ങൾക്ക് മുട്ടയിട്ട് പെരുകുന്നതിനും കണ്ടലുകൾ സാഹചര്യമൊരുക്കുന്നു. പുഴയിൽ നിന്നുള്ള തിരയടിച്ച് ചിറ തകരുന്നത് കണ്ടലുകളുടെ സഹായത്തോടെ തടയാം. കൂടാതെ കാഴ്ചക്ക് ഏറെ മനോഹരമായ ദൃശ്യമൊരുക്കാൻ കൽക്കാടുകൾ അവസരമൊരുക്കുന്നു.

86. 'നമുക്ക് എന്നാണ് ഇതൊക്കെ ബോധ്യപ്പെടുക'– കല്ലേൻ പൊക്കുടന്റെ ഈ ചോദ്യത്തിന്റെ പ്രസക്തി വ്യക്തമാക്കുക?

ഉ. കണ്ടൽ കൃഷിയെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും വ്യക്തമായി അവതരിപ്പിക്കുകയാണ് കണ്ടൽ ജീവിതം എന്ന ലേഖനത്തിലൂടെ കല്ലേൻ പൊക്കുടൻ. പ്രകൃതി സംരക്ഷണത്തിന് വനവൽക്കരണം അവശ്യമാണ്. വനവൽക്കരണ സംരംഭത്തിൽ ഏറെ പ്രാധാന്യം കണ്ടലുകൾക്ക് നൽകണമെന്ന് പൊക്കുടൻ അഭിപ്രായപ്പെടുന്നു. പ്രകൃതി പലതരത്തിൽ കോപിച്ച് നാശം വിതയ്ക്കുന്നത് നാം ഇന്ന് നിത്യവും കാണുന്നു. നിസ്സഹായരായി നോക്കിനിൽക്കാനെ മനുഷ്യരായ നമുക്ക് പല പ്രകൃതി വിപത്തുകൾക്ക് മുന്നിലും കഴിയുന്നുള്ളു. കൊടുങ്കാറ്റടിച്ചുണ്ടായ ജീവനാശവും മറ്റും പത്രത്തിലും ടി.വി.യിലുമൊക്കെ നാം കാണുന്നു. മനുഷ്യൻ കാരണമാണ് ഇത്തരം ദുരന്തങ്ങൾ സംഭവിക്കുന്നത്. യാതൊരു വീണ്ടുവിചാരവുമില്ലാതെ മനുഷ്യൻ തീരക്കാടുകളെ വെട്ടി നശിപ്പിച്ചുകൊണ്ടിരിക്കുന്നു. രാഷ്ട്രീയക്കാർ, ഉദ്യോഗസ്ഥർ, കോൺട്രാക്ടർമാർ തുടങ്ങി സകലർക്കും ഈ കാര്യത്തിൽ ഒരേ താൽപര്യമാണ്. പുഴയും ചതുപ്പും മണ്ണിട്ട് നികത്തുമ്പോൾ വർഷകാലത്തെ അധികജലം ഉൾക്കൊള്ളാനാകാതെ വെള്ളപ്പൊക്കം ഉണ്ടാകും. തീരപ്രദേശത്തെ കണ്ടൽക്കാടുകൾ നശിപ്പിക്കാതിരുന്നാൽ കൊടുങ്കാറ്റിൽ നിന്ന് രക്ഷപ്പെടാമെന്ന് ഇന്നത്തെ കാലത്ത് പത്രങ്ങൾ വാർത്ത കൊടുക്കാൻ തുടങ്ങി. എല്ലാ പച്ചപ്പും ഇല്ലാതാകുമ്പോൾ ചുഴറ്റിയടിക്കുന്ന ഒരു കാറ്റ് മതി, മനുഷ്യർക്കെല്ലാം നഷ്ടപ്പെടാൻ. ഈ കാര്യങ്ങളൊക്കെ മനുഷ്യർക്ക് എന്നാണ് ബോധ്യപ്പെടുക എന്നതാണ് കല്ലേൻ പൊക്കുടന്റെ പ്രസക്തമായ ചോദ്യം.

# Module - 4

**സഞ്ചാരസാഹിത്യം**

1. മലയാളത്തിലെ ആദ്യയാത്രവിവരണമായി പരിഗണിക്കപ്പെടുന്ന കൃതി?
ഉ. വർത്തമാനപുസ്തകം
2. 'വർത്തമാനപുസ്തകം' എന്ന സഞ്ചാരകൃതി രചിച്ചതാര്?
ഉ. പാറേമാക്കൽ തോമാകത്തനാർ
3. ഇന്ത്യൻ ഭാഷകളിൽ എഴുതപ്പെട്ട ആദ്യത്തെ യാത്രാവിവരണം?
ഉ. വർത്തമാനപുസ്തകം
4. പദ്യരൂപത്തിൽ മലയാളത്തിൽ രചിക്കപ്പെട്ട ആദ്യത്തെ യാത്രാവിവരണം?
ഉ. 'ധർമ്മരാജാവിന്റെ രാമേശ്വരയാത്ര' (രചിച്ചതാരെന്ന് നിർണ്ണയിക്കപ്പെട്ടിട്ടില്ല)
5. വർത്തമാനപുസ്തകം അച്ചടിച്ച വർഷം?
ഉ. 1936
6. സ്വാനുഭവത്താൽ രചിക്കപ്പെട്ട ആദ്യയാത്രാകാവ്യം?
ഉ. കാശിയാത്രാവർണ്ണനം
7. 'കാശിയാത്രാവർണ്ണനം' എന്ന സഞ്ചാരകൃതി രചിച്ചത്?
ഉ. വൈക്കത്ത് പാച്ചുമൂത്തത്
8. 'മദിരാശി യാത്ര' രചിച്ചത്?
ഉ. കുഞ്ഞിക്കുട്ടൻ തമ്പുരാൻ
9. മലയാളത്തിലെ 'ജോൺ ഗന്തർ' എന്ന് അറിയപ്പെടുന്നത്?
ഉ. എസ്.കെ പൊറ്റക്കാട്
10. 'ഞാൻ കണ്ട അറേബ്യ' എന്ന യാത്രവിവരണം രചിച്ചത്?
ഉ. പി. മൊയ്തുഹാജി (1950)
11. പി.മൊയ്തുഹാജിയുടെ 'ഞാൻ കണ്ട അറേബ്യ' എന്ന യാത്രാവിവരണത്തിന്റെ പ്രാധാന്യം?
ഉ. മലയാളത്തിലെ ആദ്യത്തെ ഹജ്ജ് യാത്രാഗ്രന്ഥം
12. 'രാമേശ്വരയാത്ര' രചിച്ചത്?
ഉ. വെൺമണി അച്ഛൻ നമ്പൂതിരി
13. 'കഥപോലെ ജീവിതം' എന്ന സഞ്ചാരകൃതി രചിച്ചത്?
ഉ. യു.എ ഖാദർ
14. 'ഞാൻ ഒരു പുതിയ ലോകം കണ്ടു', 'സോവിയറ്റ് യൂണിയനിൽ എന്റെ അനുഭവങ്ങൾ' എന്നീ കൃതികൾ രചിച്ചത്?
ഉ. എ.കെ.ജി
15. 'ഉണരുന്ന ഇന്ത്യ' രചിച്ചത്?
ഉ. എൻ.വി കൃഷ്ണവാര്യർ
16. 'അപ്പൂപ്പന്റെ കത്തുകൾ' എന്ന യാത്രാവിവരണം രചിച്ചത്?
ഉ. നിത്യചൈതന്യയതി
17. ഓട്ടംതുള്ളലിന്റെ രൂപത്തിൽ 'ഗംഗാസ്നാനം' എന്ന യാത്രാവിവരണം തയ്യാറാക്കിയത്?
ഉ. കുട്ടിക്കുഞ്ഞു തങ്കച്ചി
18. പ്രസിദ്ധീകരിച്ച വർഷത്തിന്റെ അടിസ്ഥാനത്തിൽ മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണം?
ഉ. ഊർശ്ലേലോം യാത്രാവിവരണം
19. ഊർശ്ലേലോം യാത്രാവിവരണം പ്രസിദ്ധീകരിച്ചത്?

ഉ. 1895

20. 'ആൾക്കൂട്ടത്തിൽ തനിയെ' എന്ന കൃതി രചിച്ചത്?

ഉ. എം.ടി വാസുദേവൻ നായർ

21. 'ഊർശ്ലേലോം യാത്രാവിവരണം' രചിച്ചത്?

ഉ. ഗിവർഗീസ് മാർ ഗ്രിഗോറിയസ് മെത്രാപ്പോലീത്ത (പരുമല തിരുമേനി)

22. 'ബിലാത്തി വിശേഷം' രചിച്ചത്?

ഉ. കെ.പി കേശവമേനോൻ

23. 1991 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ 'പത്രപ്രവർത്തനം എന്ന യാത്ര' രചിച്ചത്?

ഉ. വി.കെ മാധവൻകുട്ടി

24. ലോകം ചുറ്റിക്കണ്ടു, ഗൾഫ് ഡയറി എന്നീ കൃതികൾ രചിച്ചത്?

ഉ. സി.എച്ച്. മുഹമ്മദ് കോയ

25. സഞ്ചാരാനുഭവങ്ങളെ മുൻനിർത്തി പ്രേമശില്പി സഞ്ചാരിയുടെ ഗീതങ്ങൾ എന്നീ കിവ താസമാഹാരങ്ങൾ രചിച്ചത്?

ഉ. എസ്.കെ പൊറ്റക്കാട്

26. മലയാളത്തിലെ യാത്രാവിവരണങ്ങളെ പരിഹസിച്ച് വേളൂർ കൃഷ്ണൻകുട്ടി എഴുതിയ കൃതി?

ഉ. വേളൂർ ടു മോസ്കോ

27. വി. മുസഫർ അഹമ്മദിന്റെ 'മരുഭൂമിയുടെ ആത്മകഥ' യുടെ ആദ്യ പതിപ്പ് ആദ്യമായി പുറത്തിറങ്ങിയ വർഷം?

ഉ. 2008 (മാർച്ച്)

28. വി. മുസഫർ അഹമ്മദ് ജനിച്ചത്?

ഉ. 1966 ജൂലൈ 16 ന് മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ

29. വി. മുസഫർ അഹമ്മദിന്റെ കാവ്യസമാഹാരം?

ഉ. വേലിക്കും വിളവിനും

30. മുസാഫർ അഹമ്മദിന്റെ ആദ്യ മരുഭൂയാത്ര എങ്ങോട്ടായിരുന്നും?

ഉ. സക്കാക്കയിലേക്ക്

31. ഏത് പത്രത്തിനുള്ള റിപ്പോർട്ടിംഗിനാണ് മുസാഫർ അഹമ്മദ് സക്കാക്കയിലേക്ക് പോയത്?

ഉ. മലയാളം ന്യൂസ് ദിനപ്പത്രം

32. 'ഹർബുൽ മാഅ്' എന്നതിന്റെ അർത്ഥം എന്ത്?

ഉ. ജലയുദ്ധം (Water war)

33. 'ആമനുഷ്യൻ' എന്ന് അർത്ഥം വരുന്ന സ്ഥലനാമം ഏത്?

ഉ. അൽറജാജിൽ

34. ചാൾകോലിത്തിക്, ചെമ്പുയുഗത്തിലേതെന്നു കരുതപ്പെടുന്ന മണൽക്കല്ലുകൾ എവിടെ യാണ് കാണപ്പെടുന്നത്?

ഉ. അൽനഫൂദ് മരുഭൂമിയിൽ

35. മരുഭൂമിയിലെ ജലസാന്നിധ്യം തേടി നടക്കാൻ മുസാഫറിനെ പ്രേരിപ്പിച്ച സംഭവം എന്ത്?

ഉ. സക്കാകയിലെ ജലയുദ്ധാനുഭവം

36. സൗദിഅറേബ്യയുടെ ധാന്യപുര എന്നറിയപ്പെടുന്ന സ്ഥലം?

ഉ. തബൂക്ക്

37. തബൂക്കിൽ ആധിപത്യമുണ്ടായിരുന്ന രാജാവ് ?

ഉ. കൈസർ

38. പ്രവാചകൻ മുഹമ്മദിന്റെ അവസാന യുദ്ധ യാത്ര ഏതായിരുന്നു?

ഉ. താബൂക്ക് യുദ്ധ പര്യാടനം

39. അഖ്ബ കടലിടുക്ക് സ്ഥിതിചെയ്യുന്നത് ഏത് കടൽത്തീരത്ത്?

ഉ. ചെങ്കടലിന്റെ തീരത്ത്.

40. ചെങ്കടിലിനെ അഭിമുഖീകരിച്ചു നിൽക്കുന്ന പ്രസിദ്ധമായ മലനിരകൾ ഏത്?

ഉ. സിനായ് പർവ്വതനിരകൾ

41. സിനായ് പർവ്വതനിരകൾ സ്ഥിതിചെയ്യുന്നത് ഏത് രാജ്യത്ത്?

ഉ. ഈജിപ്തിൽ

42. ശുഹൈബ് അങ്ങാടിയിൽ വിൽക്കപ്പെടുന്ന കേരള അക്കൽ ( കേരള ഭക്ഷണം) എന്താണ്?

ഉ. മരച്ചീനി

43. യു.എൻ. സമ്മേളനത്തിന് ഒരു കൈയ്യിൽ ഒലീവും മറുകൈയ്യിൽ തോക്കുമായി എത്തിയ ലോകനേതാവ് ആര്?

ഉ. യാസർ അറഫാത്ത്

44. യാസർ അറഫാത്ത് ഏതു രാജ്യത്തിന്റെ ഭരണാധികാരിയായിരുന്നു?

ഉ. ഫലസ്തീൻ

45. ഹാർബുൽ മാഅ് (ജലയുദ്ധം) സംബന്ധിച്ച് മുസാഫർ അഹമ്മദിന് വിശദീകരണം നൽകിയത് ആര്?

ഉ. അൽമദീന ദിനപത്രത്തിന്റെ അൽജൗഫ് ബ്യൂറോ ചീഫ് അബ്ദുൽ അസീസ് ഖത്തീഫി

46. അൽജൗഫിലെ സക്കാക്കയിൽ വച്ച് മുസാഫർ അഹമ്മദിന് ഒരു സംഘം ആളുകളിൽ നിന്ന് അടികിട്ടാൻ കാരണം എന്ത്?

ഉ. കോടതിയിൽ കേസ് രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കിണറിന്റെ പടം എടുത്തതിന്റെ പേരിൽ ആണ് മുസാഫർ അഹമ്മദിന് അടി കിട്ടിയത്.

47. നഫ്തയിലെ ഗ്രാമീണർക്ക് തോക്കു ഉപയോഗിക്കാൻ അനുമതി ലഭിക്കാൻ കാരണം എന്ത്?

ഉ. കാട്ടിലെന്നപോലെ ഹിംസ്രജന്തുക്കളുടെ ആക്രമണം മരുഭൂമിയിലും പതിവുണ്ട്. അവയിൽ നിന്ന് രക്ഷനേടാനാണ് നഫ്തപോലുള്ള ഗ്രാമങ്ങളിലെ ആളുകൾക്ക് തോക്കും മറ്റു ആയുദ്ധങ്ങളും ഉപയോഗിക്കാൻ അനുമതി ലഭിച്ചിട്ടുള്ളത്.

48. റിയാദിലെ റഗ്ബ എന്ന മരുഭൂമി ഗ്രാമങ്ങളിൽ മുപ്പതു വർഷത്തിനിടെ അപ്രത്യക്ഷമായ രണ്ട് കൂറ്റൻ നദികൾ ഏതൊക്കെ?

ഉ. ഖശ്മുൽ ഹിസാൻ (കുതിരമൂക്ക് പുഴ), ഖുവൈറ അൽസെയ്ദ (പാതിതണുപ്പുള്ള വെള്ളമുള്ള വെളുത്തപുഴ)

49. 'തബൂക്ക്' എന്ന സ്ഥലനാമത്തിന്റെ നിഷ്പത്തി എന്ത്?

ഉ. തൊബോഗ് എന്ന അസീറിയൻ പദത്തിൽ നിന്നാണ് 'തബൂക്ക്' എന്ന സ്ഥലനാമത്തിന്റെ ജനനം. തെബോഗ് എന്നാൽ 'ജീവനുള്ള നീരൊഴുക്ക്' എന്നാണ് അർത്ഥം.

50. അറേബ്യയും കേരളവും തമ്മിലുള്ള അതിഗാഢമായബന്ധത്തെ വിശദീകരിക്കാൻ മുസാഫർ അഹമ്മദ് കണ്ടെത്തുന്ന ഉദാഹരണം എന്ത്?

ഉ. അറേബ്യയിലെ കൃഷിക്കാരായ മലയാളികൾ നാട്ടിൽ നിന്നും കൊണ്ടുവന്ന മരച്ചീനിക്കമ്പുകൾ മരച്ചീനിക്കാടായി വേഗം വളർന്നു. കേരള അക്കൽ (കേരള ഭക്ഷണം) എന്ന പേരിൽ അത് അങ്ങാടിയിൽ വില്ക്കപ്പെടുകയും ചെയ്യുന്നു. ഇതാണ് അറേബ്യയും കേരളവും തമ്മിലുള്ള അതിഗാഢമായ ബന്ധത്തിന് ഉദാഹരണമായി രേഖകൻ ചൂണ്ടിക്കാണിക്കുന്നത്.

51. ആധുനിക സൗദി അറേബ്യയുടെ സ്ഥാപകൻ ആര്?
ഉ. അബ്ദുൽ അസീസ് രാജാവ്
52. മലകളിൽ ആണും പെണ്ണും ഉണ്ടെന്ന് വിശ്വാസം പുലർത്തിയ ജനത ഏത്?
ഉ. ആഫ്രിക്കയിലെ ആദിമ ജനത
53. കേരളത്തിന് പശ്ചിമഘട്ട മലനിരകൾ പോലെ സൗദി അറേബ്യയിൽ മരുഭൂമിക്ക് കാവൽ നിൽക്കുന്ന മലനിരകൾ ഏത്?
ഉ. സറാവത്ത് മലനിരകൾ
54. പ്രാദേശികമായി ചിലയിടങ്ങളിൽ അക്കാദിയ, ഖുറൈസിയ എന്നീ പേരുകളിൽ അറിയപ്പെടുന്ന മലനിര?
ഉ. സറാവത്ത് മലനിര
55. സറാവത്ത് മലനിര ആയത്നംവാത്തീയനുകൾ, ജോർദാനിലെ പെട്ര മുതൽ അറേബ്യയിലെ മദായിൻസ്വലിഹ് വരെയുള്ള സ്ഥലങ്ങളിൽ ബി.സി ആറാം നൂറ്റാണ്ടിൽ കൂറ്റൻ പാറ തുരന്ന് വീടുകളുണ്ടാക്കി വസിച്ചിരുന്നവരാണ് നബാത്തീനിയനുകൾ.
56. ഒറ്റക്കല്ല് തുരന്ന് നിർമ്മിച്ച കൊട്ടാരങ്ങൾക്ക് ഉദാഹരണമാണ് ---------
ഉ. ഖബർ അൽഫരീദ്
57. മദായിൻ സ്വാലിഹിൽ വസിച്ചിരുന്നു എന്നു വിശ്വസിക്കപ്പെടുന്ന സ്വാലിഹ് എന്ന പ്രവാചകന്റെ (നബിയുടെ) ജനത?
ഉ. സമൂദ് ഗോത്രം
58. സമൂദ് ഗോത്രത്തിലേക്ക് ദൈവത്തിന്റെ ദൃഷ്ടാന്തമായി സൃഷ്ടിച്ച് അയക്കപ്പെട്ട ജീവി?
ഉ. വലിയ ഒരു ഒട്ടകം
59. ലൈലമജ്നൂൻ പ്രണയകഥയിലെ മജ്നുവിന്റെ യഥാർത്ഥ പേര്?
ഉ. ഖൈസ്
60. ജലംകൊണ്ട് മുറിവേറ്റവരെക്കുറിച്ചുള്ള പ്രശസ്തമായ കവിത എഴുതിയത്?
ഉ. ലോർക്ക
61. 'മറിയക്കുട്ടി കത്ത്' എന്ന മാപ്പിളപ്പാട്ട് എഴുതിയത്?
ഉ. പുലിക്കോട്ടിൽ ഹൈദർ
62. 'ബെല്ലാരിക്കുടനെ ഞാൻ വരാംച ഒട്ടുവഴിയുമുണ്ടോ?
വല്ലികൾക്കവിടേക്ക് വരാൻ പാടുണ്ടോ?'
ഈ വരികൾ ഏതു പാട്ടിലേതാണ്?
ഉ. പുലിക്കോട്ടിൽ ഹൈദറിന്റെ മറിയക്കുട്ടി കത്ത് പാട്ടിലേത്
63. ശക്തമായ മണൽകാറ്റിലും ചുഴിയിലും പെട്ട് സഞ്ചരിച്ചിരുന്ന കാറ് കുടുങ്ങിയപ്പോൾ ലേഖകനു രക്ഷയ്ക്ക് എത്തിയത് ആര്?
ഉ. മുഹമ്മദ് ഖഹ്ത്താനി
64. റിയാദ് എന്ന സ്ഥലനാമത്തിന്റെ അർത്ഥം എന്ത്
ഉ. പൂന്തോട്ടം
65. സൗദിയിൽ എൻഡ് ഓഫ് ദി വേൾഡ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന സ്ഥലം?
ഉ. വാദി അൽ അമ്മാരിയ (അമ്മാരിയ താഴ്വാരം)
66. ഇന്ത്യയിലെ ചമ്പൽക്കാട് പോലെ കൊള്ളക്കാരുടെ താവളമായിരുന്ന സൗദിയിലെ ഒരു പ്രദേശം?
ഉ. ഹറദ്
67. 2005 ൽ ജനാദ്രിയ ദേശീയോത്സവത്തിന്റെ ഭാഗമായി നടന്ന പ്രഭാഷണ പരമ്പര നിർവ്വഹിച്ച ഇന്ത്യക്കാരൻ?
ഉ. അസ്ഹർ അലി എഞ്ചിനിയർ

68. അൽഹസയിലെ പ്രധാന നഗരം ഏത്?
ഉ. ഹുഫൂഫ്
69. ജബൽഗാര (ഗാരമല)യിൽ കയറിയാൽ കാണാവുന്ന മനോഹരമായ മരുപ്പച്ച (ഒയാസിസ്) ഏത്?
ഉ. അൽഹാസ
70. അറേബ്യയിലെ ആദ്യത്തെ വാണിജ്യ തുറമുഖം ഏത്?
ഉ. ഒഖൈറ തുറമുഖം
71. ഒഖൈറ തുറമുഖം സ്ഥാപിച്ചത് ആര്?
ഉ. തുർക്കികൾ
72. വിശുദ്ധ കഅ്ബ സ്ഥിതിചെയ്യുന്നത് എവിടെ?
ഉ. സൗദി അറേബ്യയിലെ മക്ക എന്ന സ്ഥലത്ത്.
73. വിശുദ്ധ കഅ്ബയുടെ നിർമ്മാണത്തിന് സ്വർഗത്തിൽ നിന്ന് നൽകപ്പെട്ടതെന്നു വിശ്വസിക്കപ്പെടുന്ന കല്ല് ഏത്?
ഉ. ഹജറുൽ അസവദ് (കറുത്തകല്ല്)
74. അൽഷിഫ, അൽഹദ എന്നീ ഉയരം കൂടിയ പർവ്വതശൃംഗങ്ങൾ സ്ഥിതിചെയ്യുന്നത് എവിടെ?
ഉ. ത്വായിഫിൽ
75. നാട്ടുവഴികൾക്കുപോലും തേൻമണം അനുഭവപ്പെടുന്ന അറേബ്യയിലെ പ്രദേശം ഏത്?
ഉ. അബഹ
76. ആദിമാതാവ് എന്നു വിശ്വസിക്കപ്പെടുന്ന ഹവ്വ അന്ത്യവിശ്രമം കൊള്ളുന്നത് എവിടെ?
ഉ. ബാബു മക്കയിൽ
77. ജേർണി ഓഫ് മാൻ (Journey of Man) എന്ന വിഖ്യാതകൃതി രചിച്ചത്?
ഉ. പ്രശസ്ത നരവംശ ശാസ്ത്രജ്ഞൻ സ്പെൻസർ വെൽസ്
78. സ്വർഗത്തിൽ നിന്നും പുറന്തള്ളപ്പെട്ട ആദം തന്റെ ഇണയായ ഹവ്വയെ ഭൂമിയിൽ എവിടെ വെച്ചുകണ്ടുമുട്ടി എന്നാണ് വിശ്വസിക്കപ്പെടുന്നത്?
 റ. അറേബ്യയിലെ മക്കയിലുള്ള അറഫ മൈതാനത്ത് വെച്ച്.
79. സൗദി അറേബ്യയുടെ തലസ്ഥാനം ഏത്?
ഉ. ജിദ്ദ
80. 'ജിദ്ദ' എന്ന പദത്തിന്റെ അർത്ഥം എന്ത്?
ഉ. മുത്തശ്ശി (ജെദ്ദത്ത് എന്ന അറബിപദത്തിൽ നിന്നാണ് 'ജിദ്ദ' എന്ന സ്ഥലനാമം ഉണ്ടായതത്രെ)
81. ജിദ്ദയിലെ 'ഹിസ്റ്റോറിക്കൽ സിറ്റി' എന്നറിയപ്പെടുന്ന സ്ഥലം?
ഉ. ബലദ് (പഴയ ജിദ്ദ)
82. ഇസ്ലാമിലെ തീർത്ഥാടന കർമ്മമായ ഹജ്ജും ഉംറയും നിർവ്വഹിക്കാൻ വിശ്വാസികൾ സന്ദർശിക്കുന്ന സ്ഥലം ഏത്?
ഉ. മക്ക
83. മക്കയിൽ തീർത്ഥാടനത്തിനെത്തുന്നവരെ സ്വീകരിക്കുന്ന തുറമുഖ നഗരമായി ജിദ്ദ മാറിയത് ഏത് വർഷം?
ഉ. എ.ഡി. 647 ൽ (റാഷിദീഖിലാഫത്ത് കാലമായതിനാൽ ഉസ്മാൻ ഇബ്നു അഫ്ഫൻ ആയിരുന്നു അന്നത്തെ ഭരണാധികാരി)
84. 'മക്കയിലേക്കുള്ള പാത' എന്ന വിഖ്യാത ഗ്രന്ഥം രചിച്ചത് ആര്?
ഉ. മുഹമ്മദ് ആസാദ്
85. 'ചെങ്കടലിന്റെ റാണി' എന്ന് വിശേഷിപ്പിക്കപ്പെടുന്ന അറേബ്യൻ നഗരം?

ഉ. ജിദ്ദ

86. 'ജിദ്ദയിലെ ചവറുപെട്ടികളിൽ പരതി കിട്ടുന്നത് കൊണ്ട് ജീവിക്കുന്ന ആഫ്രിക്കക്കാരെ യാണ് ജിദ്ദാനഗരത്തിന്റെ വേദന എന്ന ലേഖകൻ ചൂണ്ടി ക്കാണിക്കുന്നത്.

87. ജിദ്ദാനഗരത്തിൽ മലയാളികൾ കൂടുതൽ ഉള്ള പ്രദേശം?

ഉ. ഷറഫിയ

88. മുഹമ്മദ് നബി തന്റെ നാട്ടുകാരുടെ തിന്മകളിൽ മൗനം മടുത്ത് ഏകാന്തധ്യാനത്തിൽ കഴിഞ്ഞത് എവിടെ?

ഉ. ഹിറാ എന്ന ഗുഹയിൽ

89. മുഹമ്മദിന് ആദ്യമായി ദൈവത്തിൽ നിന്നുള്ള വചനം (ഖുർആനിലെ ആദ്യസൂക്തങ്ങൾ) അവതരിച്ചത് എവിടെ വെച്ച്? എപ്പോൾ?

ഉ. ഹിറാഗുഹയിൽ ഏകനായി ധ്യാനത്തിൽ കഴിയുമ്പോൾ

90. ആദ്യമായി അവതരിപ്പിക്കപ്പെട്ട ഖുർആനിക അധ്യായത്തിന്റെ പേര്?

ഉ. സൂറത്തുൽ അലഖ് (96 ാം അധ്യായം)

91. ഹിറാ ഗുഹ സ്ഥിതിചെയ്യുന്ന മല ഏത്?

ഉ. ജബലുന്നൂറ്

92. ജന്മനാടായ മക്ക വിട്ട് എവിടേക്കാണ് മുഹമ്മദ് നബി പലായനം (ഹിജ്റ) ചെയ്തത്?

ഉ. മദീനയിലേക്ക്

93. ഹിജ്റ (പലായന) വേളയിൽ ശത്രുക്കളുടെ കണ്ണിൽപ്പെടാതിരിക്കാൻ പ്രവാചകൻ ഒളിച്ചു നിന്നത് എവിടെ?

ഉ. സൗർ ഗുഹയിൽ

94. ഹിജ്റ (പലയാന) വേളയിൽ മുഹമ്മദ് നബിക്കൊപ്പം ഉണ്ടായിരുന്ന കൂട്ടുകാരൻ ആര്?

ഉ. അബൂബക്കർ സിദ്ധീഖ്

95. കിസ്വ എന്നാൽ എന്ത്?

ഉ. വിശുദ്ധ കഅ്ബാലയത്തിന്റെ പുറം ഭാഗത്ത് അണിയുന്ന വസ്ത്രമാണ് കിസ്വ. വർഷത്തിൽ രണ്ട് തവണയാണ് കിസ്വ മാറ്റാറുള്ളത്.

96. മക്കയിലെത്തുന്നവർ ശേഖരിക്കുന്ന പുണ്യജലത്തിന്റെ പേര് എന്ത്?

ഉ. സംസംജലം

97. ഹജ്ജ് കർമ്മത്തിനെത്തുന്നവർ ആദ്യം രാപാർക്കുന്നത് എവിടെ?

ഉ. മിനായിൽ

98. മുഹമ്മദ് നബിയുടെ വിഖ്യാതമായ വിടവാങ്ങൽ പ്രഭാഷണം നിർവ്വഹിക്കപ്പെട്ടത് എവിടെ?

ഉ. അറഫയിലെ ജബലുർ റഹ്മയിൽ

99. വിശുദ്ധ കഅ്ബാലയത്തെ ഖിബ്ല (അഭിമുഖം) ആ പ്രവാചകൻ മുഹമ്മദ് പ്രഖ്യാപിക്കും മുമ്പേ മുസ്ലിങ്ങൾ നിസ്കാരത്തിന് ഏതു പള്ളിയെ ആണ് അഭിമുഖീകരിച്ചത്.

100. ജറുസലേമിലേക്കുള്ള ബൈത്തുൽ മുഖദ്ദിസ് പള്ളിയെ ഖൻദക്ക് (കിടങ്ങ്) കീറുന്നതിനിടയിൽ കൊടിയ വിശപ്പുമൂലം മുരണ്ടു കൊണ്ടിരുന്ന വ യറിനെ നിയന്ത്രിക്കാൻ പ്രവാചകൻ മുഹമ്മദ് എന്താണ് ചെയ്തത്?

ഉ. രണ്ട് ചെറിയ കല്ല് വയറ്റിന്മേൽ കെട്ടിവെച്ചു.

101. ഖൈബർ യുദ്ധത്തിൽ കോട്ടകൾ പിടിച്ചെടുക്കുക എന്ന ദുഷ്കർമ്മം ഏറ്റെടുത്ത യോദ്ധാവ് ആര്?

ഉ. പ്രവാചകൻ മുഹമ്മദിന്റെ പിതൃവ്യപുത്രൻ അലിയ്യ് ഇബ്നു അബി ത്വാലിബ്.

102. വലുപ്പത്തിൽ ലോകത്ത് ഒന്നാം സ്ഥാനത്തുള്ള മരുഭൂമി ഏത് ?

ഉ. സഹാറ

103. ലോകത്തിലെ ഏറ്റവും വലിയ മണൽമരുഭൂമി എന്നറിയപ്പെടുന്ന സ്ഥലം?

ഉ. റുബുഉൽഖാലി (എംററ്റികാർട്ടർ)

104. റുബുൽഖാലി സഞ്ചരിച്ച് പുസ്തകം എഴുതിയ സഞ്ചാരി

ഉ. വിൽഫ്രഡ് തെസീഗർ

105. 'അർഗ' എന്നാൽ എന്ത്?

ഉ. അറേബ്യൻ പാരമ്പര്യ നൃത്തമാണ് അർഗ. കെട്ടിയുണ്ടാക്കിയ സ്റ്റേജിൽ ദഫുകൾ മുഴക്കി പരമ്പരാഗത അറബ് വേഷം ധരിച്ച് വാളുകൾ ഉയർത്തിപ്പിടിച്ച് പുരുഷന്മാർ നടത്തുന്ന നൃത്തമാണിത്. നൃത്തത്തിന് ഉപകരണസംഗീതത്തിന്റെയും ചിലപ്പോൾ വായ്പ്പാട്ടിന്റെയും അകമ്പടിയുണ്ട്. ഹൂദ് എന്ന വാദ്യോപകരണമാണ് പശ്ചാത്തല സംഗീതത്തിന് മിക്കപ്പോഴും ഉപയോഗിക്കുന്നത്.

106. ഫലഭൂയിഷ്ഠമായ ചന്ദ്രക്കല (ഫെർട്ടയിൽ ക്രസന്റ്) എന്നറിയപ്പെട്ടിരുന്ന പൗരാണിക സ്ഥലങ്ങൾ ഏവ?

ഉ. മെസാപൊട്ടോമിയ, സിറിയ, ഈജിപ്ത്

107. ഒലീവ് സമാധാനത്തിന്റെ ചിഹ്നമായി പരിഗണിക്കപ്പെടാൻ സാഹചര്യം എന്ത്?

ഉ. പഴയ കാലത്ത് അറേബ്യയിലെ യുദ്ധവേളകളിൽ സമാധാന സന്ദേശകർ ഒലീവ് ശാഖകൾ ഉയർത്തിക്കാണിച്ചിരുന്നുവത്രെ. അതിനാലാകണം സൈത്തൂൻ (olive) സമാധാനത്തിന്റെ ചിഹ്നമായി മാറിയത്.

108. ലോകത്തിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥം ഏത്?

ഉ. കണ്ടുകിട്ടിയിട്ടുള്ളതിൽ ആദ്യത്തെ യാത്രാവിവരണ ഗ്രന്ഥം ബി.സി എട്ടാം നൂറ്റാണ്ടിൽ എഴുതിയതാണെന്ന് കരുതപ്പെടുന്നു. 'ഗിൽമെഷ്' (Gilgamesh)
ആണ്. പക്ഷേ, ഈ കൃതിയെക്കുറിച്ച് വിശദവിവരങ്ങൾ ലഭ്യമായിട്ടില്ല. ബി.സി. നാലാം ശതകത്തിൽ ജീവിച്ചിരുന്ന മെഗസ്തനീസ് എന്ന സഞ്ചാരിയുടെ യാത്രാവിവരണവും ക്രിസ്തുവർഷം എൺപതിൽ 'പെരിപ്ലസ്' എന്ന പേരിൽ അജ്ഞാതകർതൃകമായ ഒരു യാത്രാവിവരണവും സഞ്ചാരസാഹിത്യ ചരിത്രത്തിന്റെ ആദ്യ കാലങ്ങളിലേക്ക് വെളിച്ചം വീശുന്നവയാണ്.

109. ഇന്ത്യ സന്ദർശിച്ച ആദ്യകാല സഞ്ചാരികളുടെ പേര് എഴുതുക?

ഉ. ചൈനക്കാരായ ഫാഹിയാൻ, ഹുയാങ്സാങ്, അറബികളായ അൽബിറൂനി, ഇബ്നുബത്തൂത്ത, സുലൈമാൻ, പാശ്ചാത്യരായ മാർക്കോപോളോ, കൊളംബസ്, ക്യാപ്റ്റൻ കുക്ക്, ലിവിംഗസ്റ്റൻ, ജോൺ ഗന്തർ.

110. എസ്.കെ. പൊറ്റക്കാടിന്റെ പ്രധാന യാത്രാവിവരണങ്ങൾ?

ഉ. കാപ്പിരികളുടെ നാട്ടിൽ, നൈൽഡയറി, പാതിരാ സൂര്യന്റെ നാട്ടിൽ, ബാലിദ്വീപ്, ഇന്തോനേഷ്യൻ ഡയറി, ഇന്നത്തെ യൂറോപ്പ്, സിംഹഭൂമി, ക്ലിയോപാട്രയുടെ നാട്ടിൽ, ഹിമാലയ സാമ്രാജ്യത്തിൽ, കാശ്മീർ, കെയ്റോ കത്തുകൾ, ലണ്ടൻ നോട്ട് ബുക്ക്, നേപ്പാൾയാത്ര, മലയാ നാടുകളിൽ, ബെഹീമിയൻ ചിത്രങ്ങൾ.

111. മുസഫർ അഹമ്മദ് എന്ന സഞ്ചാര സാഹിത്യകാരനെ പരിചയപ്പെടുത്തുക?

ഉ. 1996 ജൂലൈ 16 ന് മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ ആണ് വി. മുസഫർ അഹമ്മദ് ജനിച്ചത്. വെള്ളഞ്ചോല മൊയ്തൂട്ടി, പച്ചീരി സൈനബ ദമ്പതികളുടെ മകനാണ് മുസഫർ അഹമ്മദ്. അധ്യാപനം, പത്രപ്രവർത്തനം എന്നീ മേഖലകളിൽ സേവനം. സൗദി അറേബ്യയിലെ ജിദ്ദ യിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന മലയാളം ന്യൂസം ദിനപത്രത്തിന്റെ പത്രാധിപ സമിതിയംഗം. വേലിക്കും വിളവിനും (കവിതാ സമാഹാരം) മുറി വുകളുടെ പെണ്ണിന്, ഫസ്തീൻ–ഇറാഖ് പെൺകവിതകൾ (വിവർത്തനം) എന്നിവയാണ് പ്രധാന കൃതികൾ.

112. സഞ്ചാരസാഹിത്യത്തിന്റെ പ്രത്യേകത എന്ത്?

ഉ. മനുഷ്യന്റെ അടക്കിനിർത്താനാവാത്ത തൃഷ്ണകളിലൊന്നാണ് അറിവുനേടുക എന്നത്. അജ്ഞാതമായ കാര്യങ്ങളെക്കുറിച്ച് അറിയാനും അറിഞ്ഞകാര്യങ്ങൾ മറ്റുള്ളവരോട് പറയാനുമുള്ള ത്വരയാണ് മനുഷ്യസമൂഹത്തിന്റെ വളർച്ചയ്ക്ക് വേഗം കൂട്ടിയത്. തന്റെ ചുറ്റുപാടുകളിൽ എന്ത് നടക്കുന്നു എന്ന അന്വേഷണം മനുഷ്യനെ യാത്രികനാക്കി മാറ്റി. യാത്രയിൽ അനുഭവിച്ച കാര്യങ്ങൾ വായനാപ്രാധാന്യത്തോടെ അവതരിപ്പിക്കാൻ യാത്രക്കാർ തയ്യാറായതോടെ യാത്രാവിവരണ സാഹിത്യം അഥവാ സഞ്ചാരസാഹിത്യം എന്നൊരു ശാഖയ്ക്കു തുടക്കം കുറിച്ചു. ചെന്നു കണ്ട നാടിനെക്കുറിച്ചുള്ള അറുമുഷിപ്പൻ സ്ഥിതിവിവര കണക്കുകളല്ല സഞ്ചാരസാഹിത്യ കൃതികളിൽ നിന്ന് പ്രതീക്ഷിക്കുന്നത്. മനുഷ്യജീവിതത്തിന്റെ കാണാപ്പുറങ്ങളിലെ യഥാതഥ ഭാവങ്ങളെ അനുഭാവപൂർവ്വം പരിഗണിക്കാൻ യാത്രികർ തയ്യാറാകണം. ജീവിതത്തിന്റെ നിഖിലമണ്ഡലങ്ങളിലെയും അനുഭവങ്ങളാണ് സഞ്ചാരകൃതികളിൽ അടയാളപ്പെടുത്തേണ്ടത്. ദേശത്തിന്റെ സവിശേഷ ഭൂമിശാസ്ത്രചരിത്രവും, ജനതയുടെ ജീവിതരീതി, സാംസ്കാരികവും സാമൂഹികവുമായ സംവിധാനങ്ങൾ തുടങ്ങിയവ തന്റെ സ്വന്തം ദേശത്തേതുമായി താരതമ്യപ്പെടുത്തിയാകണം എഴുത്തുകാരൻ അവതരിപ്പിക്കേണ്ടത്. തികഞ്ഞ നിഷ്പക്ഷത, വൈവിധ്യം അടുത്ത് അറിയാനുള്ളു കൗതുകം, സത്യാസത്യങ്ങളെ വേർതിരിച്ചറിയാനുള്ള ശേഷി, കണ്ടെത്തിയ വസ്തുതകളെ ആസ്വാദ്യമായ രീതിയിൽ അവതരിപ്പിക്കാനുള്ള പ്രാവീണ്യം എന്നിവ സഞ്ചാരസാഹിത്യ കൃതിയെ ഇതരസാഹിത്യ വിഭാഗങ്ങളിൽ നിന്ന് വേറിട്ട് നിർത്തുന്നു.

**സന്ദർഭം വിവരിക്കുക**

113. 'അന്ന് രാത്രി നടുമ്പുറത്തുകൂടി രണ്ട് ഷൂസുകൾ ആഞ്ഞ് പതിഞ്ഞ് നടക്കുന്നത് സ്വപ്നത്തിൽ കണ്ട് ഞെട്ടിയുണർന്നു'

അല്ലെങ്കിൽ

114. 'വാർത്ത തേടിപ്പോയ പത്രപ്രവർത്തകൻ ഈന്തപ്പനതോട്ടത്തിൽ സ്വയം വാർത്തയായി മാറുകയായിരുന്നു'.

ഉ. 'മരുഭൂമിയിലെ ആത്മകഥ' എന്ന വി. മുസഫർ അഹമ്മദിന്റെ യാത്രാവിവരണം ആസ്വാദകഹൃദയത്തെ ചുട്ടുപൊള്ളിക്കുന്ന അനുഭവങ്ങളാൽ സമൃദ്ധമാണ്. ഹർബുൽ മഅ് (ജലയുദ്ധം) എന്ന ഒന്നാം അധ്യായം മുതൽ തന്നെ അത്തരം അനുഭവങ്ങൾ മരുഭൂവിലെ യാത്രികൻ വായനക്കാരുമായി പങ്കുവെക്കുന്നുണ്ട്. സൗദിഅറേബ്യ ജോർദാനുമായി അതിർത്തി പങ്കിടുന്ന അൽ–ജൗഫിലെ സക്കാക്കയിലേക്ക് മലയാളം ന്യൂസ് ദിനപ്പത്രത്തിന്റെ റൂറൽ റിപ്പോർട്ടിംഗിനായി കൂട്ടുകാരൻ വടക്കാഞ്ചേരിക്കാരൻ അലിയുമൊത്ത് എത്തിയതാണ് മുസാഫർ അഹമ്മദ്. സൗദിയിൽ വെച്ച് പരിചയപ്പെട്ട അബ്ദുറഹിമാൻ അഖീൽ എന്ന സുഹൃത്തിന്റെ സക്കാക്കയിലെ ഈന്തപ്പഴത്തോട്ടം കാണാൻ ഒരു അവസരം ലഭിച്ചപ്പോൾ മു സാഫർ അതു പാഴാക്കിയില്ല. തോട്ടത്തിലെ മനോഹരമായ കാഴ്ചകളും അഖീലിന്റെ മക്കളുടെ കുസൃതികളും ആസ്വദിച്ചും ക്യാമറിയിൽ പകർത്തിയും മുന്നേറുന്നതിനിടയിൽ പെട്ടെന്ന് ചില ആളുകൾ വന്ന് മുസഫറിനെ ആക്രമിക്കുകയായിരുന്നു.

ഒന്നര നൂറ്റാണ്ടോളമായി ആ തോട്ടത്തിലെ കിണറിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം നിലനിൽക്കുകയാണ്. അഖീലിന് പിതാമഹന്മാരിൽ നിന്നും ലഭിച്ചതാണെങ്കിലും തോട്ടത്തിന്റെ അതിർത്തി പങ്കിടുന്നയാളും അതിന് അവകാശവാദം ഉന്നയിക്കുന്നുണ്ട്. കോടതി ഇടപെട്ടിട്ടും പ്രശ്നത്തിന് അന്തിമ പരിഹാരം ആയിട്ടില്ല. കേസിൽ വിധിവരാൻ ഏതാനും നാളുകൾ കൂടി അവശേഷിക്കേ കേസിനുബലമേകാൻ രേഖകളുണ്ടാക്കാൻ ഫോട്ടോ എടുക്കുകയാണെന്ന് അയൽക്കാർ തെറ്റിദ്ധരിച്ചു. അതാണ് അടിയുണ്ടകാൻ കാരണം.

115. ജലയുദ്ധങ്ങൾ മരുഭൂമിയുടെ ആത്മകഥയാണെന്ന് മുസാഫർ അഹമ്മദ് പറയുന്നതിന് കാരണമെന്ത്?

ഉ. ഹർബുൽ മാഅ് (ജലയുദ്ധങ്ങൾ) മരുഭൂമിയുടെ ആത്മകഥയാണത്രെ!, അറേബ്യയുടെ ചരിത്രത്തിന്റെ ഒരു വലിയഭാഗവും ചുറ്റും കടൽജലമായിട്ടും ശുദ്ധജലത്തിന് ക്ഷാമം അനുഭവിക്കാൻ വിധിക്കപ്പെട്ടവരാണ് അറേബ്യക്കാർ. ആധുനിക അറേബ്യ കടൽവെള്ളം ശുദ്ധീകരിച്ച് ഉപയോഗിക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ ഇത്തരം സംവിധാനം ഇല്ലാതിരുന്ന പഴയ അറേബ്യയിൽ ഒരു കിണറിനെച്ചൊല്ലി ഗോത്രങ്ങൾ തമ്മിൽ എത്രയോകാലം യുദ്ധത്തിലേർപ്പെട്ടിരുന്നു. ഒരു മരുപ്പച്ച സ്വന്തമാക്കാൻ എത്രയോ പേർ മരിച്ചുവീണു. മരുഭൂമയിയിൽ ഏറ്റവും പ്രധാനപ്പെട്ടത് വെള്ളമാണ്. മനുഷ്യ സംസ്കാരത്തെയും ചരിത്രത്തെയും വെള്ളം എങ്ങനെ നിർവ്വചിച്ചു എന്ന വസ്തുത അൽ മദീന ദിനപത്രത്തിന്റെ അബ്ദുൽ അസീസ് ഖത്തീഫി മുസാഫർ അഹമ്മദിന് വിവരിച്ചു കൊടുക്കുന്നു. അസീസിന്റെ വിവരണമാണ് മുസാഫറിന് മരുഭൂമിയുടെ ആത്മകഥ സത്യത്തിൽ ജലയുദ്ധങ്ങൾ ആണെന്ന ധാരണനൽകുന്നത്. കൂടാതെ മരുഭൂമിയിലെ ജലസാന്നിധ്യം തേടിയുള്ള അദ്ദേഹത്തിന്റെ യാത്രയ്ക്ക് പ്രേരണയായതും സക്കാകയിലെ ജലയുദ്ധവും അതിനെത്തുടർന്ന് അസീസിന്റെ വിവരണവും ആയിരുന്നു.

116. മസർറ എന്നാലെന്ത്? മസർറയിലെ ജീവിതം എങ്ങനെ എന്ന് വിവരിക്കുക?

ഉ. പച്ചക്കറികൾ, നെല്ല്, ഗോതമ്പ് തുടങ്ങിയവ കൃഷിചെയ്യുന്ന ഇടമാണ് അറേബ്യയിലെ മസർറ എന്ന് അറിയപ്പെടുന്നത്. മസർറകൾ തീർത്തും വിജനമായ സ്ഥലങ്ങളിലായിരിക്കും. പുറംലോകവുമായി യാതൊരുവിധ ബന്ധവുമില്ലാതെ ജീവിക്കേണ്ടി വരിക, ശമ്പളം കൃത്യമായി ലഭിക്കാതിരിക്കുക, വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും നാട്ടിൽപോകാൻ അനുമതി ലഭിക്കാതിരിക്കുക തുടങ്ങിയ പ്രയാസങ്ങൾ മസർറകളിലെ തൊഴിലാളികൾ അനുഭവിക്കാറുണ്ട്. കുറച്ച് അരിയും ഒരു ചാക്ക് വലിയ ഉള്ളിയും അൽപം കുബൂസും (ചപ്പാത്തിക്ക് സമാനമായി റൊട്ടി) ആയിരിക്കും ഇത്തരം തൊഴിലാളികൾക്ക് ഭക്ഷണം ഉണ്ടാക്കാനായി മുതലാളിമാർ മസർറയിൽ അനുവദിക്കുന്ന റേഷൻ. ആടുകളെയും ഒട്ടകങ്ങളെയും മേക്കുന്ന വിദേശതൊഴിലാളികൾ മനുഷ്യരെ കാണാതെ സ്വന്തം ഭാഷപോലും മറന്നുപോയ സംഭവങ്ങൾ ഉണ്ടുപോലും. ചിലർ അവസാനം ആടുകളോടും ഒട്ടകങ്ങളോടും സംസാരിച്ച് മനുഷ്യജന്മം വെടിഞ്ഞ് ചിത്തഭ്രമങ്ങൾക്ക് അടിപ്പെടാറുണ്ട്. മസർറയിലെ ഏകാന്തവും കഠിനവുമായ ജോലിയിലെ വിരസത സഹിക്കാനാവാതെ അവിടം വിട്ട് ഓടിപ്പോകുന്ന തൊഴിലാളികൾ ഉണ്ട്. ബെൻയാമിന്റെ 'ആടുജീവിതം' എന്ന നോവൽ ഇത്തരത്തിൽ കഴിയാൻ വിധിക്കപ്പെട്ട 'നജീബ്' എന്ന കഥാപാത്രത്തിന്റെ ജീവിതകഥ വിവരിക്കുന്ന ഒരു കൃതിയാണ്.

117. 'ഈ സംഭവത്തിനു ശേഷം ഒരിക്കൽ ആ ഫാമിന് മുന്നിലൂടെ പോയെങ്കിലും അങ്ങോട്ട് നോക്കാൻ പേടിച്ച് വാഹനത്തിൽ തലതാഴ്ത്തിയിരുന്നു.' ഏത് സംഭവത്തിന് ശേഷം?

ഉ. കൗതുകത്തിന് മൃഗങ്ങളെ വളർത്തുന്ന ഒരു ഫാം റിയാദിൽ ഉണ്ടായിരുന്നു. ഒട്ടപ്പക്ഷികൾ, കംഗാരു, പുലികൾ തുടങ്ങി നിരവധി മൃഗങ്ങളും പക്ഷികളും ഈ ഫാമിൽ വളർത്തപ്പെട്ടിരുന്നു. നല്ല അടച്ചുറപ്പുള്ള കൂടുകളിലും താവളങ്ങളിലുമാണ് എല്ലാ ജീവികളെയും വളർത്തിയിരുന്നത്. പന്ത്രണ്ട് തൊഴിലാളികൾ ഇവിടെ ജോലി ചെയ്തിരുന്നു. ഒരു രാത്രി സുഖകരമല്ലാത്ത ശബ്ദം കേട്ട് ഒരു തമിഴ് തൊഴിലാളി പുറത്തിറങ്ങി. പൂർണ്ണചന്ദ്രനുള്ള രാത്രിയായതിനാൽ താമസമുറിയിൽ നിന്ന് പുറത്തിറങ്ങിയ അയാൾ കണ്ടത് കൂടിന്റെ പൂട്ട് തകർത്ത് പുറത്തിറങ്ങി നിൽക്കുന്ന പുലിയെ ആണ്. പുലി അയാളെ ക്ഷണനേരം കൊണ്ട് അടിച്ചുവീഴ്ത്തി. അയാളുടെ കരച്ചിൽ കേട്ടെത്തിയ സഹപ്രവർത്തകർക്ക് ഒന്നും ചെയ്യാനാകുമായിരുന്നില്ല. അവർ മുറികളിൽ ഭയാക്രാന്തരായി നോക്കി നിൽക്കെ തമിഴ് തൊഴിലാളിയെ പുലി ഭക്ഷിച്ചു തീർത്തു. ഈ സംഭവം കേട്ടതിന്

ശേഷം ഒരിക്കൽ ആ ഫാമിനു മുന്നിലൂടെ ലേഖകൻ കടന്നുപോയെങ്കിലും ഭയം നിമിത്തം തല ഉയർത്തി അങ്ങോട്ട് നോക്കിയിരുന്നില്ല.

118. സൗദി അറേബ്യയിലെ അൽജൗഫിലെ അൽ സഫൂദ് മരുഭൂമിയുടെ പ്രധാന്യം എന്ത്?

ഉ. വടക്കൻ സൗദി അറേബ്യയിൽ അൽജൗഫ് പ്രവിശ്യയിൽ അൽ രജാജിലിൽ അൽനഫൂദ് മരുഭൂമിയിൽ പഴയകാലത്തെ അവശിഷ്ടങ്ങൾ ധാരാളം കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. സൗദി അറേബ്യ ജോർദാനുമായി അതിർത്തി പങ്കിടുന്ന ഭാഗമാണ് ഇവിടം. ഏകദേശം ആറായിരം വർഷങ്ങൾക്കു മുമ്പേ ഉള്ള ചാൾക്കോലിത്തിക്, ചെമ്പ് യുഗത്തിൽ താമസിച്ചിരുന്നവർ സ്ഥാപിച്ചതെന്ന് കരുതപ്പെടുന്ന ധാരാളം കല്ലുകൾ ഇവിടെ കാണാം. ഒരു കല്ല് നടുവിൽ, ചുറ്റിലും ഇതളുകൾ പോലെ ചാഞ്ഞും ചെരിഞ്ഞും മറ്റു കല്ലുകൾ ഇങ്ങനെ 54 ഇടങ്ങളിലാണ് കല്ലുകൾ സംഘമായി നിൽക്കുന്നത്. മൂന്ന് മുതൽ 12 കല്ലുകൾ വരെയാണ് ഓരോ കൂട്ടത്തിലും ഉള്ളത്. ഈ കൽക്കൂട്ടങ്ങളുടെ പ്രാധാന്യം ആർക്കും നിജപ്പെടുത്താനായിട്ടില്ല. മനുഷ്യനെ സംസ്കരിക്കാൻ ഉപയോഗിച്ചിരുന്ന സ്ഥലമാണിത് എന്ന നിഗമനം ചിലർ മുന്നോട്ട് വച്ചിരുന്നെങ്കിലും ഉദ്ഘനനങ്ങളിൽ ഇത് തെളിയിക്കപ്പെട്ടില്ല. മെസപൊട്ടോമിയ, പേർഷ്യ, സിറിയ, അറേബ്യ, യെമൻ എന്നിവിടങ്ങളിലുള്ള വ്യാപാരികൾ പഴയ കാലങ്ങളിൽ ഇതിലൂടെ കടന്നുപോയതായി ധാരാളം തെളിവുകൾ ലഭിച്ചിട്ടുണ്ട്. വ്യാപാരവുമായി ബന്ധപ്പെട്ട അടയാളക്കല്ലുകളാണോ ഇവിടെ കാണാൻ കഴിയുന്നതെന്ന സംശയം ചിലർ ഉന്നയിച്ചിട്ടുണ്ട്. അൽ രജാജിലിൽ കഴിഞ്ഞിരുന്ന മനുഷ്യർ പൊതുപ്രശ്നങ്ങൾ ചർച്ച ചെയ്യാൻ സമ്മേളിച്ചിരുന്ന സ്ഥലമായിരുന്നു ഇതെന്ന് ചില ചരിത്രകാരന്മാർ വാദിക്കുന്നു. ചില കല്ലുകളിൽ മാഞ്ഞുതുടങ്ങിയ ചിത്രങ്ങളും വരകളും ലിപികളും കാണാനുണ്ട്. അൽ രജാജിൽ എന്നാൽ 'ആ മനുഷ്യൻ' എന്നാണ് അർത്ഥം. സ്ഥലനാമം തന്നെ പഴയകാലം മുതൽ മനുഷ്യസാന്നിധ്യമുണ്ടാരുന്നുവെന്ന് തെളിയിക്കാൻ പോന്നതാണ്. ഇംഗ്ലണ്ടിലെ സ്റ്റോൺ ഹെഞ്ചെ, ജോർദാനിലെ ദോൾമെൻസ് എന്നിവിടങ്ങളിലും ഇതേ സ്വഭാവമുള്ള ശിലാഉദ്യാനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. എങ്കിലും അവയേക്കാൾ പഴക്കമുള്ളതാണ് അൽ രജാജിലെ സാൻസ്റ്റോൺ പില്ലറുകൾ. അൽ ജൗഫ് എന്ന പദത്തിന്റെ അർത്ഥം മടക്ക്, ഉള്ളിലേക്ക് വലിഞ്ഞത് എന്നൊക്കെയാണ്. ആ പ്രദേശത്തിന്റെ കിടപ്പും അങ്ങനെയാണ്.

119. 'ആളുകൾ അതിർത്തിയിലെത്തുന്നതും കാത്തിരിക്കുകയാണ് ഫോൺ കമ്പനികൾ' ഏത് അതിർത്തിയിൽ

ഉ. അഖ്ബ കടലിടുക്കിന്റെ പടിഞ്ഞാറ് ഈജിപ്തിലും കിഴക്ക് ജോർദാനും ആണ്. കടലിടുക്കിൽ എത്തുമ്പോൾ ഈജിപ്തിലെയും ജോർദാനി ലെയും മൊബൈൽ കമ്പനികളുടെ സ്വാഗത സന്ദേശങ്ങൾ എത്തുന്നു. ഫോൺ തനിയെ റോമിംഗ് സംവിധാനത്തിലേക്ക് മാറുന്നു. ഇൻകമിംഗ് കോളുകൾക്ക് കാശ് പോയിക്കൊണ്ടിരിക്കും. ആളുകൾ അതിർത്തിയിലെത്തുന്നതും കാത്തിരിക്കുകയാണ് ഫോൺ കമ്പനികൾ എന്നു ലേഖകൻ ഈജിപ്തും ജോർദാനും തൊട്ടുതൊട്ടില്ല എന്ന മട്ടിൽ സഞ്ചാരിയെ വിളിച്ചുകൊണ്ടിരിക്കും. അപ്പുറം കടക്കാൻ വിസ വേണമെന്ന് മാത്രം!

120. മുസാഫറിന്റെ ആദ്യ മരുഭൂ യാത്ര എവിടേക്കായിരുന്നു?

ഉ. ജോലി ചെയ്യുന്ന ജിദ്ദയിലെ മലയാളം ന്യൂസ് ദിനപ്പത്രത്തിന് റൂറൽ റിപ്പോർട്ടിംഗിനായി സൗദി അറേബ്യ ജോർദാനുമായി അതിർത്തി പങ്കിടുന്ന അൽജൗഫിലെ സക്കാക്കയിലേക്കായിരുന്നു മുസഫർ അഹമ്മദിന്റെ ആദ്യ മരുഭൂയാത്ര.

121. സക്കാക്കയ്ക്കടുത്ത് നഫ്ത ഗ്രാമത്തിൽ മുസാഫർ അഹമ്മദ് കണ്ട ഭീകരകാഴ്ച എന്തായിരുന്നു?

ഉ. നഫ്തയിലെ ഒരു മസറയിൽ (കൃഷിയിടം) തടിച്ചുവീർത്ത ഒരു പെരുമ്പാമ്പിന്റെ ഉടലു കീറി ഒരു നേപ്പാളുകാരന്റെ ദിവസങ്ങളോളമായി ജീർണിച്ച ജഡം ആളുകൾ പുറത്തെ

ടുക്കുന്ന കാഴ്ചയാണ് കണ്ടത്.

122. മരുഭൂമിയിലെ ചെടികളെക്കുറിച്ച് തന്റെ തമ്പിലുണ്ടായിരുന്ന ബദു മുസാഫറിനോട് പറഞ്ഞത് എന്ത്?

ഉ. നിലാവുള്ള ഒരു രാത്രിയിൽ മരുഭൂമിയിൽ തമ്പടിച്ച് പാർക്കുകയാണ് ലേഖകനും കൂട്ടുകാരും. തൊട്ടപ്പുറത്തുള്ള കള്ളിമുൾച്ചെടികളും ലേഖകന്റെ ശ്രദ്ധയിൽപെടുന്നു. ഒരു ചുംബനം ഏറ്റുവാങ്ങാനെന്നപോലെ എഴുന്നു നിൽക്കുന്ന കള്ളിമുൾച്ചെടികൾ! ഇലകൾ നിവർന്നു നിന്നതിന്റെ പിന്നാലെ മുള്ളുകളും എഴുന്നു നിന്നു. മുള്ളുകൾ ചെടിയുടെ രോമങ്ങളാണെന്ന പാഠം ആ രാത്രിയിലാണ് ലേഖകൻ പഠിച്ചത്. തമ്പിലുണ്ടായിരുന്ന പ്രായമുള്ള ഒരു ബദുവിനോട് ചെടികളുടെ സ്വഭാവമാറ്റത്തെക്കുറിച്ച് ലേഖകൻ ചോദിച്ചു. മരുഭൂമിയെ അറിയാൻ ശ്രമിക്കുന്നവന് പ്രപഞ്ചത്തെക്കുറിച്ച് സാമാന്യ ധാരണ എങ്കിലും വേണമെന്ന് അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു. ചെടികളും മനുഷ്യരെപ്പോലെ ദൈവസൃഷ്ടികളാണെന്നും അവയ്ക്കും വികാരങ്ങളുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

123. മരുഭൂമിയിലെ അസ്തമയത്തെക്കുറിച്ച് മുസാഫർ വിവരിക്കുന്നത് എങ്ങനെ?

ഉ. മരുഭൂമിയിലെ അസ്തമയം ഒരു അനുഭവമാണെന്ന് മുസാഫർ അഹമ്മദ് വിവരിക്കുന്നു. മരുഭൂമിയിൽ സഞ്ചരിക്കുമ്പോൾ സൂര്യൻ അസ്തമിക്കുക പൊടുന്നനെ ആയിരിക്കും. അസ്തമയത്തിന് ഇനിയും ഏറെ സമയമുണ്ടെന്ന മട്ടിലാണ് സൂര്യൻ പെരുമാറുക. യാത്രികർ അനന്തമായ മണൽപരപ്പിൽ ഉന്മാദികളെപ്പോലെ നടക്കുന്നതിനിടയിലായിരിക്കും പെട്ടെന്ന് ഇരുട്ടിന്റെ പരശ്ശതം കമ്പളങ്ങൾ പുതപ്പിട്ട് സൂര്യൻ പിൻവാങ്ങുക. അങ്ങനെ പല തവണ താൻ മരുക്കാട്ടിൽ കുടുങ്ങിയിട്ടുണ്ടെന്ന് ലേഖകൻ വ്യക്തമാക്കുന്നു. പക്ഷേ സൂര്യൻ അസ്തമിക്കുന്നതിന് തൊട്ടുമുമ്പുള്ള കാഴ്ച രസകരമായിരിക്കുമത്രെ! അസ്തമയ രശ്മികൾ മണൽപ്പരപ്പിൽ അസംഖ്യം പതാകകൾ തീർക്കുകയാണോ എന്നു തോന്നും. മാത്രമല്ല മണൽകുന്നുകളിൽ പെട്ടെന്ന് നിഴൽ സൃഷ്ടിക്കപ്പെടുകയും അവയുടെ നീളവും വേഗവും വർദ്ധിക്കുകയും ചെയ്യുന്നു. നിഴലുകൾ കെട്ടുപിണയുമ്പോൾ പതാകകളേന്തിയ അസംഖ്യം മനുഷ്യമുഷ്ടികൾ ഉയർന്നു വരികയാണെന്ന് തോന്നും. ഒട്ടകക്കൂട്ടങ്ങളും ആട്ടിൻപറ്റങ്ങളും അവയെ തെളിച്ചുപോകുന്നവരും നിഴലുകളായി മാറും. ആ കാഴ്ച മനുഷ്യൻ കടന്നുവന്ന പല വഴികളെയും പെട്ടെന്ന് ഓർമ്മിപ്പിക്കുമെന്ന് മുസാഫർ പറയുന്നു.

124. മണൽക്കാട്ടിൽ നീരുറവകൾ നൽകിയ അനുഗ്രഹത്തിന്റെ വിജയഗാഥ' എന്ന് മുസാഫർ വിശേഷിപ്പിക്കുന്നത് എന്ത്?

ഉ. സൗദി അറേബ്യയിൽ ഏറ്റവും കൂടുതൽ കൃഷി നടക്കുന്ന സ്ഥലമാണ് തബൂക്ക്. വൻതോതിൽ പൂകൃഷിയുമുണ്ട് ഇവിടെ. ആസ്ട്ര എന്ന തോട്ടത്തിലാണ് പൂകൃഷി. യൂറോപ്പിലേക്ക് പൂക്കൾ കയറ്റി അയക്കുന്നത് മരുഭൂമിയുമായി നിത്യസഹവാസത്തിലുള്ള ഈ പ്രദേശത്ത് നിന്നാണത്രെ. വാജ്പേയ് സർക്കാർ ഇന്ത്യ ഭരിച്ച കാലത്ത് ഉള്ളി (സവാള) ക്ഷാമം ഉണ്ടായപ്പോൾ ടാഡ്കോ (തബൂക്ക് അഗ്രികൾച്ചറൽ കോർപ്പറേഷൻ) തോട്ടങ്ങളിൽ നിന്ന് ഇന്ത്യയിലേക്ക് ഉള്ളി കയറ്റി അയച്ചിരുന്നു. ഒരു കാർഷിക രാജ്യത്ത് മരുഭൂനാട് വിളകൾ കയറ്റി അയച്ചു എന്നത് കൃഷിയിൽ ഇവിടെയുള്ളവർ നേടിയ അധികമാരും രേഖപ്പെടുത്തിയിട്ടില്ലാത്ത വിജയഗാഥയാണ്. മണൽക്കാട്ടിൽ നീരുറവകൾ നൽകിയ അനുഗ്രഹത്തിന്റെ വിജയഗാഥയുമാണിതെന്ന് മുസാഫർ അഭിപ്രായപ്പെടുന്നു.

125. സ്വാലിഹ് നബിയുടെ ജനതയെ സമൂദ് വംശം നശിക്കാൻ ഇടയായ സാഹചര്യം എന്ത്?

ഉ. ഏകദൈവ വിശ്വാസത്തിലേക്ക് ജനതയെ നയിക്കാൻ നിയോഗിക്കപ്പെട്ടവനാണ് താനെന്ന് സമൂദ് വംശത്തോട് സ്വാലിഹ് എന്ന പ്രവാചകൻ അറിയിക്കുന്നു. സ്വാലിഹ് ദൈവ

ദൂതനാണെന്നും ഏകനായ ഒരു ദൈവം ഉണ്ടെന്നും വിശ്വസിക്കണമെങ്കിൽ അതിനൊരു ദൃഷ്ടാന്തം ഉണ്ടെന്നും വിശ്വസിക്കണമെങ്കിൽ അതിനൊരു ദൃഷ്ടാന്തം വേണമെന്ന് സമൂദുകാർ ആവശ്യപ്പെടുന്നു. അവർക്ക് ദൃഷ്ടാന്തമായി വലിയൊരു ഒട്ടകത്തെ തന്നെ ദൈവം ഉണ്ടാക്കി. ആ ജനതയ്ക്ക് കുടിക്കാനുള്ള പാൽ നൽകാൻ കഴിയുന്നത്രയും വലിയ ഒരു ഒട്ടകമായിരുന്നു അത്. അവിടെ ഉണ്ടായിരുന്ന ഒരു കിണറ്റി നിന്നാണ് ഒട്ടകം ജലപാനം നടത്തിയത്. ഒരു ദിവസം നാട്ടുകാർ എന്ന വ്യവസ്ഥയിലാണ് കിണറിലെ വെള്ളം അവ ഉപയോഗിച്ചുവന്നത്. എന്നാൽ ഇതിൽ പ്രയാസം തോന്നിയ നാട്ടുകാർ ഒട്ടകത്തെ വധിക്കുന്നു. തുടർന്നുണ്ടായ ദൈവകോപത്തിൽ ഘോരശബ്ദമുണ്ടാക്കകയും സമൂദ് വംശം അപ്പാടെ നശിക്കുകയും ചെയ്തു.

126. മദായിൽ സ്വാലിഹിൽ എത്തുന്ന സഞ്ചാരികൾ സന്ധ്യക്ക് മുമ്പേ മടങ്ങണം എന്ന നിയമം ഉണ്ടാകാൻ കാരണം എന്ത്?

ഉ. ഒരിക്കൽ തബൂക്കിലേക്ക് പോകുന്ന സന്ദർഭത്തിൽ മുഹമ്മദ് നബി മദായിൽ സ്വലിഹ് കടന്നുപോയിരുന്നു. ദൈവം ശപിച്ച സ്ഥലമാണത് എ ന്നും അവിടെ വെച്ച് അന്നപാനീയങ്ങൾ കഴിക്കുകയോ പ്രാർത്ഥിക്കുകയോ പാടില്ലെന്നും താമസിക്കാൻ അനുമതിയില്ലാത്ത സ്ഥലമാണതെന്നും പ്രവാചകൻ മുഹമ്മദ് വ്യക്തമാക്കിയതായി വിശ്വസിക്കപ്പെടുന്നു. മദായിൻസ്വലിഹിന് ചുറ്റുമായി കഴിഞ്ഞിരുന്നവരെ ആധുനിക സൗദി ഭരണകൂടം അവിടെ നിന്നും മാറ്റിപാർപ്പിക്കുകയായിരുന്നു. ഇതാണ് സഞ്ചാരികൾ സന്ധ്യയാകും മുമ്പേ മദയിൻ സ്വാലിഹിൽ നിന്ന് മടങ്ങണമെന്ന കർശനമായ നിയമം ഉണ്ടാകാൻ കാരണം.

127. പഴയ ചരിത്ര ഗ്രന്ഥങ്ങളിൽ പരാമർശമുള്ള അറേബ്യയിലെ രണ്ട് ഒയാസിസുകൾ (മരുപ്പച്ചകൾ) ഏതൊക്കെ?

ഉ. ഹസ, ലൈല അഫ്ലാജ് എന്നീ മരുപ്പച്ചകൾ.

128. ലൈല ഒരു നാടായും ഖൈസ് മജ്നൂൻ ആയും മാറുന്നതിന്റെ അനുഭവം മുസാഫറിന് എപ്പോഴാമ് ബോധ്യപ്പെട്ടത്?

ഉ. ലൈല–അഫ്ലാജിലെ കാഴ്ചകൾ കണ്ട് രാത്രി ടാക്സിയിൽ മടങ്ങുകയായിരുന്ന മുസാഫർ അഹമ്മദ്. മഴയിൽ നനഞ്ഞ റോഡ് വകവയ്ക്കാതെ 140 കി.മി. വേഗതയിൽ അതിസമർത്ഥമായി ഡ്രൈവർ വണ്ടി ഓടിക്കുകയായിരുന്നു. അൽഖർജ് എന്ന സ്ഥലത്തിനടുത്തുള്ള അങ്ങാടിയിൽ സിമന്റ് ഡിവൈഡറുള്ള മൂന്ന് ട്രാക്ക് റോഡാണ്. പിറകിൽ നിന്നും അതിവേഗത്തിൽ വന്ന ഒരു കാർ വലത്തെ ട്രാക്കിൽ നിന്ന് തെന്നി മൂന്ന് ട്രാക്കുകൾക്കും സിമന്റ് ഡിവൈഡറുകൾക്കും മുകളിലൂടെ പാറി ഇടത്തേ മൂലയിൽ നിർത്തിയിരുന്ന വെള്ളം നിറച്ച് വിതരണം ചെയ്യുന്ന ടാങ്കർ ലോറിയിൽ ഇടിച്ചു. അതുവരെ ഒരു വാക്കുപോലും ഉച്ചരിക്കാതിരുന്ന ടാക്സി ഡ്രൈവർ അലറി 'ഹുവ മജ്നൂൻ' (അവൻ ഭ്രാന്തനാണ്) പ്രണ യവും അമിതാവേശവും ഉന്മാദമായി ഭ്രാന്തിന്റെ സ്വഭാവങ്ങൾ കാണിക്കാൻ തുടങ്ങുമ്പോഴെല്ലാം മജ്നൂൻ എന്ന പ്രയോഗം അവിടെ കേൾക്കാമെന്ന് ലേഖകൻ. മടക്കയാത്രയിലെ ആ അനുഭവമാണ് അദ്ദേഹത്തിന്റെ ബോധത്തിൽ ലൈ ഒരു നാടായും ഖൈസ് ഒരു മജ്നൂൻ ആയും ആഴത്തിൽ പതിപ്പിച്ചത്.

129. അക്ക്ഷ്യവാലിക്ക് ചരിത്രപരമായുള്ള പ്രാധാന്യം എന്ത്?

ഉ. അറേബ്യൻ പെൻസുലയിൽ കിഴക്ക്–പടിഞ്ഞാറ് സഞ്ചരിക്കാൻ പഴയ കാലത്ത് ഉപയോഗിച്ചിരുന്ന യാത്രാ വഴികളാണിത്. തുർക്കി ഭരണാധികാരി പാഷ റിയാദിലെ 'ദരിയ' കൊട്ടാരം പിടിച്ചെടുക്കാൻ പടയോട്ടം നടത്തിയതും ഈ താഴ്വരയിലൂടെയായിരുന്നു.

130. ദരിയയിലെ പ്രധാന കൊട്ടാരങ്ങളും കെട്ടിടങ്ങളും ഏതെല്ലാം?

ഉ. സാൽവാകൊട്ടാരം, സൗദ്ഇബ്നുസൗദ് കൊട്ടാരം, ഈ കൊട്ടാരങ്ങൾക്ക് പുറമേ

തുറൈഫ് ബാത്ത് ഹൗസ് എന്ന ഏറെ പ്രാധാന്യമുള്ള സ്നാന കേന്ദ്രവും ദരിയയി ലുണ്ട്. പഴയ കാലത്ത് രാജാക്കന്മാരുടെ സംവാദകേന്ദ്രമായിരുന്നു ദരിയ.

131. അൽഹസ എന്ന സ്ഥലത്തിന്റെ പ്രത്യേകത എന്ത്?

ഉ. 40 കി.മി. ചുറ്റളവിൽ നൂറിലധികം മരുപ്പച്ചകളുള്ള (Oasis) അപൂർവ്വമായ മരുഭൂപ്രദേശ മാണ് അൽഹസ. 'ജലവീചി' എന്നാണ് അൽഹസ എന്ന നാമത്തിന്റെ അർത്ഥം. ലോക ത്തിലെ ഏറ്റവും വലിയ മരുപ്പച്ച അൽഹാസയാണെന്ന് ചില ഗ്രന്ഥങ്ങളിൽ കാണുന്നു വെന്ന് മസാഫർ ചൂണ്ടിക്കാണിക്കുന്നു. അൽ ജബർ, അൽ ബൊബൈരിയ, ബഹ്‌ല, അൽ ഖുറിയാത്ത് അൽ ഹകൽ, അൽഹര, അൽഖുദൂദ്, സൊവെദ്ര അൽ മുത്തറഫി എന്നിങ്ങനെ പ്രകൃതിദത്തമായ ധാരാളം മരുപ്പച്ചകൾ അൽഹസയിൽ ഉണ്ട്. മരുശരീര ത്തിലെ മധുരിക്കുന്ന വിയർതുള്ളികളുടെ തടാകമാണ് അൽഹസ എന്ന് അവിടെ ജോ ലി ചെയ്യുന്ന തന്റെ സുഹൃത്തും കവിയുമായ സുനിൽ കൃഷ്ണൻ പറയാറുണ്ടെന്ന് ലേഖകൻ പറയുന്നു.

132. അൽഹാസ സാക്ഷ്യം വഹിച്ച രണ്ട് ചരിത്ര സംഭവങ്ങൾ ഏത്?

ഉ. മക്കയിലെ വിശുദ്ധമായ കഅ്ബ നിർമ്മാണത്തിന് സ്വർഗത്തിൽ നിന്ന് നൽകിയതായി വിശ്വസിക്കപ്പെടുന്ന ഹജറുൽ അസ്‌വദ് (കറുത്ത കല്ല്) ഒരു കൂട്ടം ഗോത്രവർഗക്കാർ മോഷ്ടിക്കുകയും അത് അൽഹസയിലെ മലനിരകളിൽ ഒളിച്ചിരിക്കുകയും പിന്നീട് അത് വീണ്ടെടുക്കുകയും ചെയ്ത സംഭവം ഒന്നാമത്തേത്. മറ്റൊന്ന് രണ്ടാമത്തെ ജുമുഅ (വെള്ളിയാഴ്ചകളിലെ മധ്യാഹ്ന സംഘവുമായുള്ള നിസ്കാരം) നിർവ്വചിക്കപ്പെട്ട ജുമാ മസ്ജിദ് അൽഹസയിലാണ്.

133. 'അൽ സമരി' എന്നാൽ എന്ത്?

ഉ. അറേബ്യൻ നാട്ടിൽ വിവാഹവേളയിൽ നടക്കുന്ന കാവ്യരാവ് ആണ് അൽ സമരി. നിമി ഷ കവികളായ ചെറുപ്പക്കാരും മുതിർന്ന കവികളും രണ്ട് സംഘങ്ങളായി നിന്ന് കാ വ്യലാപന മത്സരം നടത്തുന്നതാണ് അൽ സമരി. കൈകൾ പ്രത്യേക താളത്തിൽ കൂട്ടി യടിച്ച് മുന്നോട്ട് ചലിപ്പിച്ചാണ് കവിതകളുടെ ആലാപനം. ദൈവമഹത്വവും ഗോത്രസ്തു തികളുമാണ് കവിതകളുടെ വിഷയങ്ങളായി തിരഞ്ഞെടുക്കുക. സന്ധ്യാനേരത്ത് തുട ങ്ങുന്ന കാവ്യപരിപാടി രാവേറെ ചെല്ലുന്നതുവരെ നീണ്ടുനിൽക്കും. അൽദഹ എന്ന ഒരു പ്രത്യേക നൃത്തവും വിവാഹവേളകളിൽ അവതരിപ്പിക്കപ്പെടാറുണ്ട്.

134. ആരാണ് ത്വലാൽ മദ്ദാഹ്?

ഉ. അറബ് ലോകത്തെ മികച്ച ഗായകാനയിരുന്നു ത്വലാൽ മദ്ദ്വഹ്. 2010 ൽ അബഹ ടൂറിസം ഫെസ്റ്റിവലിന്റെ ഭാഗമായി നടന്ന സംഗീത സന്ധ്യയിൽ ആയിരക്കണക്കിന് ആളുകൾ ക്ക് മുന്നിൽ പാടിക്കൊണ്ടിരിക്കുമ്പോൾ അദ്ദേഹം കുഴഞ്ഞുവീണു മരിക്കുകയായി രുന്നു.

135. ആരാണ് സമീറ അമൽ?

ഉ. ഏഴു വർഷം കൊണ്ട് സൗദി അറേബ്യയുടെ ദേശീയ വികാരമായി മാറിയ യുവതിയാ ണ് സമീറ അമൽ. ഭർതൃമതിയായ ഇവരെ ഒരു യുവാവ് നി രന്തരം ഭീഷണിപ്പെടു ത്തുകയും ലൈംഗികബന്ധത്തിന് നിർബന്ധിക്കുകയും ചെയ്തു. തന്റെ കുടുംബം തകർക്കരുതെന്ന് പല തവണ അവൾ കേ ണപേക്ഷിച്ചിട്ടും യുവാവ് പിന്മാറിയില്ല. ഒരി ക്കൽ ഭർത്താവ് ജോലിക്ക് പോകുന്ന സമയത്ത് സമീറ അമൽ ആ യുവാവിനെ വീട്ടി ലേക്ക് ക്ഷണിച്ചു. അരയിൽ പിസ്റ്റൾ ഒളിപ്പിച്ചുവെച്ചായുന്നു ക്ഷണം. വീടിനുള്ളിലേക്ക് കയറി വന്ന അയാളെ വെടിവെച്ചു. മരിച്ചുവെന്ന് ഉറപ്പായപ്പോൾ അയാളുടെ ശരീരം കഷ്ണം കഷ്ണമായി മുറിച്ചു. പിന്നീട് ചാക്കിൽ കെട്ടിപാഴ്‌വസ്തുക്കൾ കൊണ്ടിടുന്ന പെട്ടിയിൽ (ഖുമാമ) നിക്ഷേപിച്ചു. മൂന്നാം ദിവസം സമീറ പോലീസ് പിടിയിലായി. വധ ശിക്ഷയാണ് ശരീഅത്ത് കോടതിയുടെ കൊലക്കുറ്റത്തിനുള്ള ശിക്ഷ. കോടതിയുടെ

വധശിക്ഷയിൽ നിന്ന് സമീറ രക്ഷപ്പെടണമെങ്കിൽ കൊല്ലപ്പെട്ട യുവാവിന്റെ കുടുംബം അവൾക്ക് മാപ്പ് നൽകണം. മാനം കാക്കാനാണ് സമീറ കൊലപാതകം ചെയ്തത് എന്ന് എല്ലാവർക്കും അറിയാം. പക്ഷേ യുവാവിന്റെ കുടുംബം മാപ്പ് നൽകാൻ തയ്യാറായില്ല. രാജ്യത്തിന്റെ പലഭാഗത്തുനിന്നും യുവാക്കൾ സമീറക്ക് മാപ്പുനൽകണമെന്ന വാദവുമായി രംഗത്തുവന്നു. ഏഴുവർഷം നീണ്ട വാദപ്രതിവാദങ്ങൾക്കൊടുവിൽ 2007 ജൂലൈയിൽ സമീറ അമൽ ജയിൽ മോചിതയായി.

136. സോമാലി സൂഖിന്റെ പ്രത്യേക എന്ത്?

ഉ. ജിദ്ദയിലെ ഒരു സ്ഥലമാമ് സോമാലി സൂഖ്. ഇഖാമ (Residential Permit) പോക്കറ്റടിക്കുന്നവർ താമസിക്കുന്ന കേന്ദ്രമാണിത്. ഇഖാമയുടെ കൂടെ ഫോൺ നമ്പറോ ബന്ധപ്പെടാനുള്ള മറ്റു സൂചനകളോ ഉണ്ടെങ്കിൽ ഇഖാമ നഷ്ടപ്പെട്ടയാൾക്ക് സോമാലി സൂഖിൽ നിന്ന് ഫോൺ വരും. ആയിരം റിയാലിന് അല്ലെങ്കിൽ അതിൽ കൂടുതൽ തുകയ്ക്ക് ഇഖാമ തിരിച്ചു തരാം എന്ന വാഗ്ദാനമായിരിക്കും ഫോണിൽ. സ്വന്തം ഇഖാമയ്ക്ക് കാശ് കൊടുക്കേണ്ടി വരിക എന്ന വിധി എത്രയോ ആളുകൾ സോമാലി സൂഖിൽ പോയി അനുഭവിച്ചിട്ടുണ്ടത്രെ. ഇഖാമ പോയാൽ സോമാലി സൂഖിൽ ബന്ധപ്പെടാനുള്ള ഏജന്റുമാരുമുണ്ട്. ഇവരിൽ മലയാളികളും ഉണ്ട്.

137. 'പിടുത്തം കൊടുക്കാനുള്ള കിടത്തത്തിന്റെ പ്രാധാന്യമെന്ത്?

ഉ. സൗദി അറേബ്യയിൽ താമസിക്കുന്ന വിദേശികളിൽ ധാരാളം പേർ അനധികൃതമായി കടന്നു കൂടിയവരാണ്. ഒരു മാസത്തേക്ക് ഉള്ള ഉംറ വിസയിൽ (ഹജ്ജിനെ അപേക്ഷിച്ച് ചെറിയ തീർത്ഥാടനമാണ് ഉംറ) മക്ക, മദീന, ജിദ്ദ എന്നീ വശുദ്ധസ്ഥലങ്ങൾ സന്ദർശിക്കാനാണ് ഉംറ വിസ അനുവദിക്കുന്നത്.) വരുന്നവർ പതിറ്റാണ്ടുകളോളം അനധികൃത താമസക്കാരായി അറേബ്യയിൽ തുടരുന്നു. ഇത്തരം അനധികൃതവാസം മതിയാകുമ്പോൾ പാസ്പോർട്ട് ഡിപ്പാർട്ട്മെന്റിന് കീഴടങ്ങി നാട്ടിലേക്ക് മടങ്ങും. ചിലർ ഇതിനു മുമ്പേ പാസ്പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ റെയ്ഡിൽ പിടിയിലാകും. ഇന്ത്യക്കാരനാണെന്ന് ഇന്ത്യൻ കോൺസുലേറ്റ് സ്ഥിരീകരിച്ചാൽ സൗദി സർക്കാർ നൽകുന്ന വിമാനടിക്കറ്റിൽ ഇവർക്ക് നാട്ടിൽ പോകാൻ കഴിയും. ഉംറ വിസയിൽ വന്നവർ നാട്ടിലേക്ക് പോകാൻ വേണ്ടി പാസ്പോർട്ട് ഓഫീസിന് സമീപമുള്ള പാലത്തിനടിയിൽ പോയി കിടക്കും. പിടുത്തം കൊടുക്കാനുള്ള കിടത്തം എന്നാണ് ഇതിന് പേര്.

138. ജിദ്ദയിലെ ഒരു സ്റ്റേഡിയത്തിന്റെ മതിലിന് 'ഗർഭിണികളുടെ മതിൽ' എന്നു പേരുവീഴാൻ കാരണം എന്ത്?

ഉ. ആളുകൾ പ്രഭാതങ്ങളിലും സായാഹ്നങ്ങളിലും രാത്രികളിലുമൊക്കെ വ്യായാമം എന്ന നിലയിൽ സ്ഥിരമായി സ്റ്റേഡിയത്തിന് ചുറ്റും നടക്കും. നി രവധി ഗർഭിണികളും ഇവിടെ നടക്കാൻ എത്താറുണ്ടായിരുന്നു. അങ്ങനെയാണ് സ്റ്റേഡിയത്തിലെ മതിലിന് ഗർഭിണികളുടെ മതിൽ എന്ന പേരു കിട്ടിയത്.

139. 'ലോകത്തിന്റെ ഞരമ്പോടിയ നഗരം' എന്ന് ജിദ്ദ വിശേഷിപ്പിക്കപ്പെടുന്നത് എന്തുകൊണ്ട്?

ഉ. ഹജ്ജ് കർമ്മത്തിനായി ലോകത്തിലെ ഭൂരിഭാഗം രാജ്യങ്ങളിൽ നിന്നുള്ളവർ വിരുന്നു വന്നു പാർക്കുന്ന നഗരമാണ് ജിദ്ദ. ഹജ്ജ് സീസണിൽ ജിദ്ദയിലെ ഹജ്ജ് ടെർമിനലിന് സമീപം നിന്നാൽ ലോകം ജിദ്ദയിലേക്ക് അടിവച്ചു നടന്നുവരുന്നതു കാണാം. 4,30,000 ചതുരശ്ര അടിയാണ് ഹജ്ജ് ടെർമിനലിന്റെ വിസ്തീർണം. ലോകത്തിലെ ഏറ്റവും വലില ഭരണകേന്ദ്ര ഓഫീസായി കണക്കാക്കപ്പെടുന്ന അമേരിക്കയിലെ പെന്റഗണിന്റെ വലിപ്പത്തിന്റെ ഇരുപത്തിയഞ്ച് ശതമാനം കൂടുതലാണിത്. ഹജ് കാലത്ത് ജിദ്ദയിലിറങ്ങുന്ന ഹാജിമാരുടെ മുഖരേഖകൾ ചേർത്ത് വച്ചാൽ അത് ലോകത്തിന്റെ ഭൂപടമായി മാറും എന്നതിൽ സംശയം ഇല്ലെന്ന് ലേഖകൻ അഭിപ്രായപ്പെടുന്നു. ഹജ് സീസണിൽ

മാത്രമല്ല, ഉംറ ചെയ്യാനും ഇതേ പ്രവാഹമുണ്ടായിരിക്കും. എല്ലാ നാളും ലോകം ജിദ്ദയിൽ വന്നിറങ്ങിക്കൊണ്ടിരിക്കുകയാണത്രെ.

140. വിശുദ്ധ കഅ്ബ സ്ഥിതിചെയ്യുന്നത് എവിടെ? എന്താണ് കഅ്ബയുടെ പ്രാധാന്യം?

ഉ. ലോകമെങ്ങുമുള്ള ഇസ്‌ലാം മതവിശ്വാസികൾ ദിവസവും അഞ്ചുനേരം നിസ്കരിക്കുന്നത് ജിദ്ദയിലെ വിശുദ്ധ കഅ്ബാലയത്തെ അഭിമുഖീകരിച്ചാണ്. ആണ്ടിലൊരിക്കൽ നിർവ്വഹിക്കപ്പെടുന്ന ഹജ്ജ് തീർത്ഥാടനവും എപ്പോൾ വേണമെങ്കിലും നിർവഹിക്കപ്പെടാവുന്ന ഉംറയും കഅ്ബാലയത്തിനു ചുറ്റുമാണ് നാടക്കാറ്. 39 അടിയും 5 ഇഞ്ചും ഉയരമുള്ള ഗേഹമാണ് വിശുദ്ധ കഅ്ബ. 627 ചുതരശ്ര അടിയാണ് കഅ്ബയുടെ വിസ്തീർണം. അകവശത്തിന് 1389 മീറ്റർ വിസ്തൃതിയാണുള്ളത്. കഅ്ബാലത്തിന്റെ ചുമരുകൾ ഒരു മീറ്റർ വീതിയിലാണ് ഉള്ളത്. ഉൾവശത്തെ തറ ജനങ്ങൾ ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്ന നിരപ്പിൽ നിന്ന് 2.2 മീറ്റർ ഉയരത്തിലാണ്. മുപ്പത് ലക്ഷത്തിലേറെ തീർത്ഥാടകരാണത്രെ കഅ്ബ പ്രദിക്ഷണം വെയ്ക്കാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിച്ചേരുക.

141. അൽഉല, മദായിൽ സ്വാലിഹ് എന്നീ പ്രദേശങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

ഉ. പ്രവാചകനഗരിയായ മദീനയിൽ നിന്ന് 370 കിലോമീറ്റർ വടക്കും, ഹായിലിൽ നിന്ന് 416 കിലോമീറ്റർ പടിഞ്ഞാറും, തബൂക്കിൽ നിന്ന് 47 കിലോമീ റ്റർ വടക്കുമായി കിടക്കുന്ന പ്രദേശമാണ് അൽഉലയും മദായിൽ സ്വാലിഹും. പഴയ സ്പൈസ് റൂട്ടിന്റെ മുഖ്യകേന്ദ്രങ്ങളിലൊന്ന്. ഫെർട്ടൈൽ ക്രസന്റ് എന്ന് അറിയപ്പെട്ടിരുന്ന മൊസപൊട്ടോമിയ, സിറിയ, ഈജിപ്ത് എന്നീ പ്രദേശങ്ങളുമായി പൗരാണിക കാലത്ത് വൻവ്യാപാരം നടന്നിരുന്ന കേന്ദ്രം. അതിലുപരി മതവിശ്വാസവും ചരിത്രവും നരവംശശാസ്ത്രവും ഒരേപോലെ സമ്മേളിക്കുന്ന അപൂർവ്വസ്ഥം. ഇന്ത്യയിലെ അജന്ത–എ ല്ലോറയുടെ ഒരു അറേബ്യൻ പതിപ്പ്.

അൽ ഉല അങ്ങാടിക്ക് ചുറ്റും പർവ്വതകങ്ങൾ, ശിലാഭവനങ്ങൾ, ഒരു ശിൽപി കൊത്തിയിട്ടതുപോലുള്ള രൂപങ്ങൾ ധാരാളം കാണാം. മദായിൻ സ്വാലിഹിലേക്ക് പ്രവേശിക്കാൻ അനുമതി വേണം. അൽ ഉലയിൽ നിന്ന് 25 കി.മി. അകലെയാണ് മദായിൻ സ്വാലിഹ്. വേൾഡ് ഹെറിറ്റേജ് സൈറ്റിൽ യുനെസ്കോ ഈ പ്രദേശത്തെ ഉടനെ ഉൾപ്പെടുത്തുമത്രെ. പാറകൾ തുരന്നുണ്ടാക്കിയ വീടുകളും കുഴിമാടങ്ങളുമാണ് മദായി സ്വാലിഹിൽ ഉള്ളത്. ബി.സി ആറാം നൂറ്റാണ്ടിൽ നബാത്തിയനുകൾ (Nabateans) എന്ന ജനവിഭാഗം ഇവിടെ വസിച്ചതായി അനുമാനിക്കപ്പെടുന്നു. അൽഹിജിർ എന്നും വാദി അൽ ഖുറ (ഗ്രാമങ്ങളുടെ താഴ്‌വര) എന്നു ഈ സ്ഥലം അറിയപ്പെടുന്നു.

142. മുസൈഖിറയിലെ ശിലാചിത്രങ്ങൾ കാണാൻ പുറപ്പെട്ട ലേഖകനും സംഘത്തിനും എന്തു സംഭവിച്ചു?

അല്ലെങ്കിൽ

143. മുസൈഖിറ മരുഭൂമി മുസാഫർ അഹമ്മദിനെ പഠിപ്പിച്ച കാര്യങ്ങൾ എന്തെല്ലാം?

ഉ. 2005 ഫെബ്രുവരി മൂന്നിന് കൂട്ടുകാരുമായി റിയാദിൽ നിന്ന് 110 കി.മി. അകലെയുള്ള മുസൈഖിറ മരുഭൂമിയിലെ ശിലാചിത്രങ്ങൾ കാണാൻ മുസാഫർ അഹമ്മദ് പുറപ്പെടുന്നു. മുപ്പത് കി.മി. ദൂരം മരുഭൂമിയിലെ മണൽചാലിലൂടെ യാത്ര ചെയ്ത് വേണം മുസൈഖിറയിലെ ബി.സി. 1000–3000 വർഷങ്ങൾക്കിടയിൽ വസിച്ച മനുഷ്യർ കൊത്തിയെടുത്ത ചിത്രങ്ങൾ ഉള്ള പാറച്ചെരുവുകളിൽ എത്താൻ. എന്നാൽ യാത്രാമധ്യേ പെട്ടെന്നുണ്ടായ അതിഭയങ്കരമായ മണൽ കാറ്റിൽ അവർ സഞ്ചരിച്ച കാറ് മണൽ ചുഴിയിൽ കുടുങ്ങി. പുറത്തു കടക്കാൻ പഠിച്ച പണി പതിനെട്ടും പയറ്റി നോക്കെയങ്കിലും ഒരു ഗുണവുമുണ്ടായില്ല. ഒടുവിൽ മുഹമ്മദ് ഖഹ്ത്താനി എന്ന ഒരു സ്വദേശി യുവാവ് അവരെ രക്ഷപ്പെടുത്തുകയാണ് ഉണ്ടായത്. തിരിച്ച് ജിദ്ദയിലെത്തി അടുത്ത ദിവസം പത്രങ്ങൾ കണ്ട

പ്പോഴാണ് അറേബ്യൻ പെനിസുല മുഴുവൻ പൊടിക്കാറ്റ് ആഞ്ഞടിച്ചിരുന്നുവെന്ന് മനസ്സിലാക്കിയത്. കൂടാതെ അന്ന് കടൽക്ഷോഭവും ഉണ്ടായിരുന്നത്രെ. താബൂക്കി പ്രവിശ്യയിലാകട്ടെ മണൽക്കാറ്റിനൊപ്പം വൻപേമാരിയും ഉണ്ടായി. ഇതേ തുടർന്ന് നൂറോളം ഇടയന്മാർ മണൾ കാറ്റിൽ കുടുങ്ങുകയും 14 പേർ മരണപ്പെടുകയും ഉണ്ടായി. മുസൈഖിറയിൽ വച്ച് തന്നെ മരുഭൂമി രണ്ട് കാര്യങ്ങൾ പഠിപ്പിച്ചതായി ലേഖകൻ പറയുന്നു. ഒന്ന് ഓരോ മനുഷ്യനിലും ഒരു ഫോസിൽ കുടികൊള്ളുന്നു. രണ്ട് മരുഭൂമിയിൽ ഒട്ടും സാഹസികത പാടില്ല.

144. 'ജനദ്രിയ' ഫെസ്റ്റിവലിനെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

ഉ. റിയാദിൽ നിന്ന് 45 കി.മി. അകലെയുള്ള ഗ്രാമപ്രദേശമാണ് ജനാദ്രിയ. നാഷണൽ ഗാർഡിന്റെ ആഭുമുഖ്യത്തിൽ ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ 15 ദിവസം നീണ്ടു നിൽക്കുന്ന ദേശീയോത്സവമാണ് ജനാദ്രിയ ഫെസ്റ്റിവൽ. പഴയ അറേബ്യ ആ നാളുകളിൽ ജനാദ്രിയിൽ പുനർജനിക്കും. പരമ്പരാഗത അറേബ്യൻ ചന്തകളുടെ പുനർനിർമ്മിതിയാണ് ഉത്സവത്തിലെ പ്രധാന ഇനം. കൈത്തറി വസ്ത്രങ്ങളായിരിക്കും ചന്തയിലെ പ്രധാന ആകർഷണം. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കൈത്തറി വിദഗ്ധർ അവിടെ തങ്ങളുടെ കരവിരുതു പ്രദർശിപ്പിക്കാൻ എത്തും. സൗദിയിലെ പല നഗരങ്ങളും ഗ്രാമങ്ങളും ജനാദ്രിയിൽ കുറച്ചുദിവസം ഒന്നിച്ചു പാർക്കും. അബഹയിൽ നിന്നുള്ള തേനും ഖസീമയിൽ നിന്നുള്ള വീടുനിർമ്മാണവിദയ തുടങ്ങി രാജ്യത്തിന്റെ മിനിയേച്ചർ ഉത്സവത്തിൽ കാണാം. ഒട്ടകം, ആട് എന്നിവയുടെ തോലുകളും തുന്നിയും ചേർത്ത് കാർപ്പറ്റുണ്ടാക്കുന്ന വിദ്യ നന്നായി അറിയുന്ന ഖസീമയിലെ സ്ത്രികൾ അന്ന് അവിടെ എത്തും. ഒട്ടകയോട്ട മത്സരം, നാടൻ പാട്ടുകളുടെ അവതരണം. വിവിധ ഗ്രാമീണ നൃത്തങ്ങൾ, പ്രഭാഷണങ്ങൾ, കവിയരങ്ങുകൾ തുടങ്ങിയവ ഉത്സവത്തിന്റെ ഭാഗമായി അരങ്ങേറും.

145. 'ഇത്രയേറെ ശില്പങ്ങളുള്ള മറ്റൊരു നഗരവും സൗദിയിലുണ്ടാകില്ല'- മുസാഫർ അഹമ്മദ് ശില്പനഗരമെന്ന് ജിദ്ദയെ വിശേഷിപ്പിക്കാൻ കാരണം എന്ത്?

ഉ. ജിദ്ദ എന്ന നഗരത്തിന്റെ ചത്വരങ്ങളെ അലങ്കരിക്കുന്നത് ധാരാളം ശിൽപങ്ങളാണ്. മാനത്തേക്ക് നോക്കിനിൽക്കുന്ന സൈക്കിൾ, ഗ്ലോബ്, നീല ഞരഞരമ്പുകൾ എടുത്തു നിൽക്കുന്ന പുരുഷ മുഷ്ടി, വിമാനം, കപ്പൽ എന്നിങ്ങനെ നിരവധി അടയാള ശിൽപങ്ങൾ നഗരത്തിൽ എവിടെയും വഴികാട്ടികളായി നിൽക്കുന്നു. ബീച്ചിലേക്ക പോകുന്ന വഴിയിലാകട്ടെ മനോഹരങ്ങളായ ശിൽപങ്ങളാൽ സമ്പന്നമാണ്. ഇപ്പോൾ പറക്കുമെന്ന് തോന്നിപ്പിക്കുന്ന ലോഹത്തിൽപണിത കിളിക്കൂട്ടം, മീനുകൾക്ക് വന്ന് കയറിത്താമസിക്കാൻ തോന്നിക്കുന്ന ലോഹവല, മീനുകളും കടൽജീവികളും കുടുങ്ങിക്കിടക്കുന്ന ചതുർഭുജം (പ്രശസ്ത ശിൽപി ജിയോവെന്നിയുടെ രചനയുടെ പകർപ്പ്) പ്രശസ്ത സൗദി ശിൽപ്പി അബ്ദുൽ ഹാത്തിം റാദ്‌വി ഒരു പാർക്കിൽ ചെയ്ത ഈന്തപ്പനക്കൂട്ടം, കോർണിഷ് റോഡിലുള്ള പ്രകൃതിയിലേക്ക് തുറന്ന കണ്ണുമായി നിൽക്കുന്ന ഹെൻട്രി മൂറിന്റെ രചനകളോട് സമാനതയുള്ള ശിൽപ്പം, ചെമ്പുപാളികളിൽ നിർമ്മിച്ച സൂര്യകാന്തിപ്പാടം, ചാഞ്ഞും ചെരിഞ്ഞും നിൽക്കുന്ന കൂജങ്ങളുടെ ശില്പചത്വരം അങ്ങനെ എണ്ണിയാൽ തീരാത്ത ശില്പ ഉദ്യാനമാണ് ജിദ്ദ. ഈ നഗരത്തിൽ ഒരിക്കൽ വന്നു പോയവരുടെ ഓർമ്മകളിൽ ഒരു ശിൽപമെങ്കിലും തുടിച്ചു നിൽക്കുമെന്ന് ഉറപ്പാണെന്ന് മുസാഫർ അഹമ്മദ് അഭിപ്രായപ്പെടുന്നുണ്ട്. 'മരുഭൂമിയുടെ ആത്മകഥ'യിൽ

146. എസ്സാം അൽ ഗാലിബ് ആരാണ്?

ഉ. വേഷം മാറി നടന്ന് മനുഷ്യന്റെ യഥാർത്ഥ അവസ്ഥകൾ പഠിക്കാനും പകർത്താനും ശ്രമിച്ച സൗദി പത്രപ്രവർത്തകനാണ് എസ്സാം അൽ ഗാലിബ്. അമേരിക്കയിൽ പഠിക്കുകയും കുറച്ചു നാളത്തെ അവിടുത്തെ ജീവിതത്തിനുശേഷം ജിദ്ദയിലെത്തുകയും

ചെയ്തയാൾ. ഇറാഖിൽ അമേരികക്യുടെ അധിനിവേശം നടക്കുമ്പോൾ യാത്രാരേഖകളൊന്നുമില്ലാതെ കുവൈത്തിലൂടെ നുഴഞ്ഞു കയറി ബാഗ്ദാദ് വരെ പോയി ഇറാഖിലെ യാഥാർത്ഥ്യങ്ങൾ റിപ്പോർട്ട് ചെയ്തു എസ്സാം. ബാഗ്ദാദിൽ വച്ച് കൈയ്യിലുള്ളതെല്ലാം കൊള്ളയടിക്കപ്പെട്ടപ്പോഴും എസ്സാം റിപ്പോർട്ടിംഗ് നിർത്തിയില്ല. ലോകത്തിന്റെ പല ഭാഗത്തുനിന്നുമെത്തിയ മാധ്യമ പ്രവർത്തകർക്ക് അറബി അറിയാത്തതിനാൽ അവർക്കുവേണ്ടി പരിഭാഷ നിർവ്വഹിച്ച് പണമുണ്ടാക്കി. അദ്ദേഹം തന്റെ റിപ്പോർട്ടുകൾ ജിദ്ദയിലെ അറബ് ന്യൂസ് ഓഫീസിലേക്ക് അയച്ചുകൊണ്ടിരുന്നു. അധിനിവസ സമയത്ത് സി.എൻ.എന്നിൽ ആദ്യം പ്രത്യക്ഷപ്പെട്ട അറബി മുഖവും വാദങ്ങളും എസ്സാമിന്റേതായിരുന്നു.

ഒരിക്കൽ എസ്സാം ട്രാഫിക് സിഗ്നലുകളിൽ വെള്ളം വിൽക്കുന്നവരുടെ ജീവിതം നേരിട്ടറിയാൻ അവരുടെ വേഷം കെട്ടി പൊള്ളുന്ന ചൂടിൽ രാവിലെ മുതൽ വൈകുന്നേരം വരെ വെള്ളം വിറ്റു. അത്തരത്തിൽ അന്നം തേടുന്നവരുടെ പ്രശ്നങ്ങൾ അദ്ദേഹം ലോകത്തോടു വിളിച്ചുപറഞ്ഞു. മറ്റൊരിക്കൽ വലിയ തിരക്കുള്ള ഹൈപ്പർ ഷോപ്പിംഗ് മാളിന് മുന്നിൽ കാലുകൾ തളർന്ന യാചകനായി എസ്സാം വേഷം കെട്ടി. അവിടെയുള്ള മറ്റു യാചകരുമായി സംസാരിക്കുകയും ഇടക്ക് യാചനാപാത്രത്തിൽ വീഴുന്ന പണം നോക്കിയും ഒരു മുഴുദിവസം എസ്സാം അവിടെ ഇരുന്നു. നഗരവത്കരണം, യാചന, തൊഴിൽരാഹിത്യം എന്നിങ്ങനെ ഉള്ള പ്രശ്നങ്ങളിലേക്ക് അന്നത്തെ അദ്ദേഹത്തിന്റെ റിപ്പോർട്ട് വെളിച്ചവീശി. മറ്റൊരിക്കൽ പ്രകൃതിവിരുദ്ധ ലൈംഗികതയുടെ നഗരത്തിലെ വേരുകൾ അറിയാൻ അതിൽ താല്പര്യമുള്ളയാളായി വേഷം കെട്ടി. ജിദ്ദയിൽ വിൽക്കപ്പെടുന്ന ലൈംഗികദാഹം തീർക്കുന്ന യന്ത്രങ്ങളുടെ വിപണിയെക്കുറിച്ച് എസ്സാം എഴുതിയ റിപ്പോർട്ട് ഞെട്ടിക്കുന്നതായിരുന്നു.

147. സംസം കിണറിന്റെ (ബിഅ്റുസംസം) പിറകിലെ കഥ എന്ത്?

ഉ. മക്കളില്ലാതിരുന്ന പ്രവാചകനായിരുന്ന ഇബ്രാഹിം (ബൈബിളിൽ എബ്രഹാം) തന്റെ ഭർത്താവിന്റെ ദുഃഖം മനസ്സിലാക്കിയ സാറാ ഇബ്റാഹിമിനോട് തന്റെ അടിമയായ ഹാജറയെ വിവാഹം കഴിക്കാൻ ഉപദേശിക്കുന്നു. ഹാജറയിൽ ഇസ്മാഈൽ എന്ന മകൻ ഇബ്റാഹീമിന് ഉണ്ടാകുന്നു. ദൈവത്തിന്റെ നിർദ്ദേശപ്രകാരം ഹാജറയേയും മകനയെും മക്ക മണലാരണ്യത്തിൽ താമസിക്കാൻ ഇബ്റാഹിം തയ്യാറാകുന്നു. മക്കയിലെത്തിയ ഹാജറ, തന്റെ പിഞ്ചുപൈതൽ ഇസ്മായീൽ ദാഹജലത്തിനായി കരഞ്ഞപ്പോൾ വെള്ളം തേടി അങ്ങുമിങ്ങും പരക്കം പാഞ്ഞു. തൊട്ടടുത്ത് കണ്ട സഫാമലയിലേക്ക് സഹായത്തിനായി ഓടിക്കയറി. അവിടെ എങ്ങും ആരെയും കണ്ടില്ല. ജലസാന്നിധ്യവുമില്ല. ഉടൻ അവിടെ നിന്നിറങ്ങി തൊട്ടടുത്തുള്ള മർവ്വമലയിലേക്കും ഓടി. ഇത് പലതവണ ആവർത്തിച്ചെങ്കിലും വെള്ളം മാത്രം കണ്ടെത്താനായില്ല. ഇബ്റാഹിം ആകട്ടെ ഇറാഖിലേക്ക് പോയതായിരുന്നു. ആരും സഹായത്തിനില്ലാത്ത മരുഭൂമയിൽ വെച്ച് ഹാജറ ദൈവത്തോട് ഇങ്ങനെ കരഞ്ഞു പ്രാർത്ഥിച്ചത്രെ: 'ദൈവമേ എന്റെ മകന്റെ ദാഹം തീർക്കാൻ അൽപം ജലം കനിഞ്ഞേകിയാലും'.

സഫ–മർവ്വ മലകൾക്കിടയിൽ ഭൂമിയിൽ കിടന്ന് കരയുകയായിരുന്ന ഇസ്മായീൽ എന്ന കുഞ്ഞ് കാലിട്ടടിച്ച സ്ഥലത്ത് നിന്ന് പെട്ടെന്ന് ഒരു ഉറവ പ്രത്യക്ഷപ്പെട്ടു. ആ ഉറവ ധാരമുറിയാതെ ജലം ചുരത്താൻ തുടങ്ങി. വെള്ളം തങ്ങളെ മൂടിക്കളയുമോ എന്നു ഭയന്ന ഹാജറബീവി അവുടെ ഭാഷയിൽ 'സം. . . സം' (അടങ്ങൂ) എന്ന് ഉറവയോട് ആജ്ഞാപിച്ചു. ആ ഉറവയിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ജലമാണ് സംസം. ഹജ്ജ്–ഉംറ തീർത്ഥാടനത്തിന് എത്തുന്നവരെല്ലാം രോഗശമനത്തിനും മറ്റു ആഗ്രഹസഫലീകരണത്തിനുമായി പാനം ചെയ്യാൻ സംസം ജലം സ്വന്തം നാടുകളിലേക്ക് ശേഖരിച്ചു കൊണ്ടുപോകാറുണ്ട്.

148. മദീനയിൽ പലവിധ മധുരങ്ങൾ ഉണ്ടെന്ന് ലേഖകൻ അഭിപ്രായപ്പെടാൻ കാരണമെന്ത്?

ഉ. മരുഭൂമയി ആത്മകഥ എന്ന സഞ്ചാരസാഹിത്യ കൃതിയുടെ അവസാനഭാഗത്ത് വി. മുസാഫർ അഹമ്മദ് പ്രവചാക നഗരിയായ മദീനയെക്കുറിച്ചും അവിടുത്തെ ജനങ്ങളെക്കുറിച്ചും വിവരിക്കുന്നു. മദീനയിൽ പലവിധ മധുരങ്ങളുണ്ടെന്നാണ് അദ്ദേഹത്തിന്റെ അനുഭവം. അറേബ്യയിലെ ഏറ്റവും മധുരമുള്ള ഈന്തപ്പഴമാണ് അവയിലൊന്ന്. ചവർക്കുമെന്ന് തോന്നുന്ന മണൽമണ്ണിൽ ഇത്രയും മധുരം തരുന്ന ഫലമോ എന്നാരും സംശയിച്ചുപോകും. ഈന്തപ്പനതോട്ടങ്ങളിലേക്ക് കയറുമ്പോൾ തന്നെ മധുരഗന്ധം കാറ്റിൽ ഉയർന്നുപൊങ്ങും. നാവിൽ വെച്ചാൽ അലിഞ്ഞു പോകുന്ന തരത്തിലുള്ള ഈന്തപ്പഴങ്ങൾ മദീനയിലേതുപോലെ മറ്റധികം സ്ഥലങ്ങളിൽ താൻ കണ്ടിട്ടില്ലെന്ന് ലേഖകൻ വിവരിക്കുന്നു.

മദീനയുടെ അവിസ്മരണീയവും ഹൃദ്യവുമയാ മറ്റൊരു മധുരം അവിടുത്തെ നാട്ടുകാർ തന്നെയാണ്. ഏത് അപരിചിതനെയും എത്രയോ കാലമായി പരിചയമുള്ള സുഹൃത്തിനെപ്പോലെ അവർ സ്വീകരിക്കുന്നു. മദീനക്കാർക്ക് ഗതകാലം മുതലുണ്ടായിരുന്ന അതുല്യമായ ഗുണമായിരിക്കണം ഇത്. ശത്രുക്കളുടെ നിരന്തരശല്യം നിമിത്തം ജന്മനാടായ മക്ക വിടാൻ പ്രവാചകൻ മുഹമ്മദ് നിർബന്ധിതനായപ്പോൾ ഒരു സംശയവും കൂടാതെ മദീന തിരഞ്ഞെടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് മദീനക്കാരുടെ ഈ സ്വഭാവ ഗുണമായിരിക്കണം. മദീനക്കാരുടെ തുടർച്ചായ ക്ഷണവും സ്വീകരിക്കാനും സംരക്ഷിക്കാനുമുള്ള ത്വരയും പ്രവചാകരുടെ മനസ്സിനെ ആകർഷിച്ചിട്ടുണ്ടാകണം. മക്കിയിൽ നിന്ന് മദീനയിലേക്ക് ഹിജ്റ പുറപ്പെട്ട മുഹമ്മദ് നബി ദൈവത്തിന്റെ പ്രത്യേയശാസ്ത്രം (ഇസ്ലാം മതം) ജനങ്ങളിലെത്തിച്ചത് പ്രധാനമായും മദീനയിൽ വെച്ചായിരുന്നുവല്ലോ.

റമളാൻ മാസം (നോമ്പുകാലം) മദീന സന്ദർശിക്കുന്നവർക്ക് ആ നാട്ടുകാരുടെ സ്നേഹവും ആതിഥ്യമര്യാദകളും കൂടുതൽ അടുത്തിടപെട്ട് അനുഭവിച്ചറിയാൻ കഴിയും. നോമ്പുതുറക്കുന്ന സമയം, മസ്ജിദ് നബവിക്കുള്ളിലും പുറത്തും മദീന നിവാസികൾ നോമ്പുതുറക്കുള്ള വിഭവങ്ങളുമായി അഥിതികളെ കാത്തിരിക്കുമത്രെ. മിക്കവാറും ഗൃഹനാഥനും മക്കളുമടങ്ങുന്ന ചെറുസംഘങ്ങൾ നോമ്പുതുറക്കാൻ ആളുകളെ ക്ഷണിച്ചുകൊണ്ടിരിക്കും. ക്ഷണം സ്വീകരിച്ചെത്തുന്നവരെ ചെറു സംഘങ്ങൾ അവർ ഒരുക്കിയ ഭക്ഷണത്തിനരികിലേക്ക് ആനയിക്കും.

തനിക്കുണ്ടായ ഒരുനുഭവം മുസാഫർ അഹമ്മദ് വിവരിക്കുന്നത് കാണുക: ഒരിക്കൽ തന്റെ ഒരു സുഹൃത്ത് ഒരു സംഘത്തിന്റെ ക്ഷണം ഇത്തരത്തിൽ സ്വീകരിക്കുകയുണ്ടായി. അവർ ഒരുക്കിയ സ്ഥലത്ത് നോമ്പുതുറക്കാനായി അയാൾ ചെന്ന് ഇരുന്നു. കുറച്ച് കഴിഞ്ഞപ്പോഴാണ് അൽപം അകലെ അയാളുടെ കൂടെ വന്ന സുഹൃത്ത് നോമ്പുതുറക്കാനിരിക്കുന്നത് അയാൾ കണ്ടത്. എങ്കിൽ അവന്റെ കൂടെയിരുന്ന് നോമ്പുതുറക്കാം എന്നു കരുതി ഇരുന്നിടത്തുനിന്നും അയാൾ എഴുന്നേറ്റു. തങ്ങളൊരുക്കിയ ഭക്ഷണത്തിന്റെ മുന്നിൽ നിന്നും അതിഥി എഴുന്നേൽക്കുന്നത് കണ്ട ആതിഥേയസംഘം അയാളോട് തങ്ങളെ ഉപേക്ഷിച്ച് പോകരുതേ എന്ന് കേണപേക്ഷിച്ചു. അവരുടെ സ്നേഹപൂർവ്വമുള്ള നിർബന്ധത്തിനും ആത്മാർത്ഥത നിറഞ്ഞ പെരുമാറ്റത്തിനും ആ സുഹൃത്ത് കീഴടങ്ങിയത്രെ.

149. മദീനയിൽ പോകുമ്പോഴെല്ലാം 'ഖലീഫ ഉമർ' എന്ന പാഠം മനസ്സിലേക്ക് ഓടിയെത്തുമെന്ന് മുസാഫർ പറയാൻ കാരണമെന്ത്?

ഉ. മദീന നിവാസികളെക്കുറിച്ചുള്ള മധുരിക്കുന്ന സ്മരണകളാണ് മുസാഫർ അഹമ്മദ് തന്റെ സഞ്ചാരകൃതിയിലെ അവസാന അധ്യായങ്ങളിൽ പങ്കുവെക്കുന്നത്. മദീനക്കാരു

ടെ ആതിഥേയ മനഃസ്ഥിതി മുസാഫറിനെ അത്ഭുതപ്പെടുത്തുന്നു. സ്കൂളിൽ പഠിച്ച ഖലീഫ ഉമർ എന്ന പാഠം മദീനയിൽ പോകുമ്പോഴെല്ലാം തന്റെ സ്മരണകളിലേക്ക് എത്തുന്നുവെന്ന് അദ്ദേഹം പറയുന്നു. 'ഖലീഫ ഉമർ' എന്ന പാഠഭാഗത്തിന്റെ സാരാംശം ഇങ്ങനെയാണ്: പാതിരാനേരം, മദീന നഗരത്തിൽ എല്ലാവരും ഉറക്കമാണ്. ഒരു വീട്ടിൽ മാത്രം മുനിഞ്ഞു കത്തുന്ന വിളക്കിന്റെ വെളിച്ചം കാണാം. ആ വീട്ടിൽ ദരിദ്രയായ ഒരു ഉമ്മ വിശന്ന് കരയുന്ന തന്റെ മക്കൾക്ക് ഭക്ഷണം ഉണ്ടാക്കുകയാണ്. അടുപ്പിൽ വെച്ച കലത്തിൽ അവർ തവികൊണ്ട് ഇളക്കിക്കൊണ്ടേയിരിക്കുന്നു. ഭക്ഷണം ഇപ്പോൾ പാകമാകുമെന്ന് വിശന്ന് തളർന്ന തന്റെ മക്കളെ ഇടയ്ക്കിടയ്ക്ക് അവർ ആശ്വസിപ്പിച്ചുകൊണ്ടിരിക്കുന്നു. അടുപ്പിൽ വെച്ച കലത്തിൽ സത്യത്തിൽ പച്ചവെള്ളമല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല. കാര്യമായി ഭക്ഷണം ഉണ്ടാക്കുകയാണ് തന്റെ മക്കളെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു; നിർദ്ധനയായ ആ ഉമ്മ. തളർച്ചയ്ക്കൊടുവിൽ പ്രതീക്ഷയോടെ കാത്തിരിക്കുന്ന തന്റെ മക്കൾ അറിയാതെ ഉറങ്ങിക്കൊള്ളും എന്ന് ആ ഉമ്മ പ്രതീക്ഷിക്കുന്നു.

അതേ സമയം തന്റെ ജനങ്ങളുടെ ജീവിതസ്ഥിതി നേരിട്ടറിയാൻ വേഷം മാറി നടക്കുകയായിരുന്നു; മദീനയുടെ ഭരണാധികാരിയായ ഉമർ ഇബ്നു ഖത്താബ്. വീടിനു വെളിയിൽ നിന്ന് ഉമ്മയുടെ പ്രകടനം ഖലീഫ ഉമർ വേദനയോടെ മനസിലാക്കി. അദ്ദേഹം മടങ്ങിപോവുകയും ആ വീട്ടിലേക്ക് ആവശ്യമായ ഭക്ഷണസാധനങ്ങളുമായി ഉടനെ തന്നെ എത്തുകയും ചെയ്തു. ആ ഭരണാധികാരിയുടെ പിൻഗാമികളിൽ നിന്ന് ഇത്തരം സ്വീകരണവും സ്തകാരവും പ്രതീക്ഷിക്കാമെന്ന് ലേഖകൻ അഭിപ്രായപ്പെടുന്നു.

150. റുബുഉൽ ഖാലിയോട് ചേർന്ന 'ശറൂറ' എന്ന ഗ്രാമത്തിന് ചുറ്റുമുള്ളവർ മരുഭൂമിയിൽ പരസ്പരം കണ്ടുമുട്ടിയാൽ അഭിവാദ്യം ചെയ്യുന്നത് എങ്ങനെ?

ഉ. അപകടകരമാണ് മരുഭൂമിയുണ്ടാകാവുന്ന അനുഭവങ്ങൾ. മനുഷ്യരെയും വളർത്തു മൃഗങ്ങളെയും അപായപ്പെടുത്തും വിധമുള്ള ഹിംസ്രജന്തുക്കളും ഉഗ്രവിഷമുള്ള ഉരഗങ്ങളും മരുഭൂമിയിൽ ധാരാളം കാണാം. ഇവയെ പ്രതിരോധിക്കുന്നതിനായി ഗ്രാമീണരുടെ (ബദവി) കൈയ്യിൽ തോക്കുകൾ ഉണ്ടാകും. മരുഭൂമിയിൽ വെച്ച് ഒരു ബദവിയെ ഒറ്റപ്പെട്ട നിലയിൽ മറ്റൊരാൾ കണ്ടാൽ, 'ഗവ്വിത്തു' (നീ വളരെ ശക്തനായിരിക്കട്ടെ) എന്നു അയാളെ അഭിവാദ്യം ചെയ്യണം. ഉടനെ 'നജീത്തു' (നീ പറഞ്ഞതിലാണ് എന്റെ വിജയം) എന്ന് രണ്ടാമത്തെയാൾ പ്രത്യഭിവാദനം ചെയ്യും. തുടർന്ന് ഇരുവരും ആയുധം താഴ്ത്തി ആലിംഗനം ചെയ്യും.